പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ബജറ്റിന്റെ ആദ്യ ഖണ്ഡിക ആരംഭിക്കുന്നത് ഒരു സന്തോഷ വാർത്ത കേരളത്തിലെ ജനങ്ങളോട് പറഞ്ഞുകൊണ്ടാണ്. 'സമീപ വർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു എന്നതാണ് ആ സന്തോഷ വാർത്ത' . ഇത് ബജറ്റ് പ്രസംഗമാണ്, ബജറ്റിന്റെ കൂടെവച്ചിരിക്കുന്ന Budget in Brief അടക്കമുള്ള സംസ്ഥാനത്തിന്റെ fiscal indicators (സാമ്പത്തിക സൂചകങ്ങൾ) സർക്കാർതന്നെ നൽകിയിരിക്കുന്ന ബജറ്റ് രേഖകളിലുണ്ട്. അങ്ങയുടെ ആദ്യത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ഈ സന്തോഷ വാർത്തയും കേരളത്തിലെ യഥാർഥ സിറ്റുവേഷനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ധനസ്ഥിതി വിലയിരുത്താൻ ഉപയോഗിക്കുന്ന സാമ്പത്തിക സൂചകങ്ങൾ റവന്യൂ കമ്മിയും ധനക്കമ്മിയുമൊക്കെയാണ്. റവന്യൂ കമ്മി, 2023-24-ൽ ജി.എസ്.ഡി.പി. റവന്യൂ ഡെഫസിറ്റ് റേഷ്യോ 1.58 ശതമാനമായിരുന്നു. 2024-25-ൽ അതിന്റെ റേഷ്യോ 2.29 ശതമാനമായി ഉയർന്നു. അതായത് റവന്യൂ ഡെഫിസിറ്റും ജി.എസ്.ഡി.പി.-യും തമ്മിലുള്ള റേഷ്യോ

നോക്കുമ്പോൾ ബാധ്യത കൂടുകയാണുണ്ടായത്. റവന്യൂ കമ്മി ഈ കാലയളവിൽ 18,140 കോടി രൂപയിൽനിന്നും 29,195 കോടി രൂപയായി ഉയർന്നു. അതായത്, കഴിഞ്ഞ വർഷത്തിൽനിന്നും ഈ വർഷത്തിലെത്തിയപ്പോൾ 11000 കോടി രൂപയുടെ വർധനവാണ്, സന്തോഷ വാർത്തയാണ്. ധനക്കമ്മി, 2023-24-ൽ ഫിസ്കൽ ഡെഫിസിറ്റും ജി.എസ്.ഡി.പി.-യും തമ്മിലുള്ള റേഷ്യോ 2.99 ശതമാനമായിരുന്നത് ഇപ്പോൾ 3.51 ശതമാനമായി. അതായത് ധനക്കമ്മി ഈ കാലയളവിൽ 34,258 കോടി രൂപയിൽനിന്നും 44,747 കോടി രൂപയായി ഉയർന്നു. അതായത് ഏകദേശം 10,500 കോടി രൂപയുടെ വർധനവ്. പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുപോലും ഇത്രയും കൂടുതൽ റവന്യൂ കമ്മിയും ധനകമ്മിയുമുണ്ടായി എന്നുള്ളത് അങ്ങയുടെ ബജറ്റിന്റെ ആദ്യ ഖണ്ഡികയിലെ വാചകത്തിന്റെ ക്രെഡിബിലിറ്റിതന്നെ ഇല്ലാതാക്കുന്നു. അതിനൊരു ക്രെഡിബിലിറ്റിയുമില്ല. പദ്ധതി വിഹിതം വെട്ടിക്കുറച്ചതിന്റെ കണക്ക് വായിച്ചാൽ തലചുറ്റി വീഴും. അഗ്രികൾച്ചർ-41.14%, അനിമൽ ഹസ്ബൻഡറി-48.88%, ഡയറി ഡെവലപ്മെന്റ്-48.96%, ഫോറസ്റ്റ്-33%, സ്പെഷ്യൽ പ്രോഗ്രാം ഫോർ ഏരിയ ഡെവലപ്മെന്റ്-40%, കോർപ്പറേഷൻ-

54%, മേജർ ആൻഡ് മീഡിയം ഇറിഗേഷൻ-44%, ഫ്ലഡ് കൺട്രോൾ ആൻഡ് ആന്റി-സീ ഇറോഷൻ 53%, വില്ലേജ് ആൻഡ് സ്മാൾ ഇൻഡസ്ട്രീസ്-47%, മീഡിയം ആൻഡ് ലാർജ് ഇൻഡസ്ട്രീസ്-62%, മുഖ്യമന്ത്രിയുടെ വകുപ്പായ ഇൻഫർമേഷൻ ടെക്നോളജി-63% എന്ന രീതിയിൽ പദ്ധതി വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. എല്ലാം വായിക്കാൻ സാധിക്കില്ല. അതായത് ശരാശരി അൻപത് ശതമാനത്തിലധികം പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടും റവന്യൂകമ്മിയും ധനകമ്മിയും ഗൗരവമായി ഉയർന്നിരിക്കുകയാണ്. അതാണ് ഫിസ്കൽ സിറ്റുവേഷൻ. Budget in brief-ൽ നൽകുന്ന ഫിസ്കൽ ഇൻഡിക്കേറ്ററും അതാണ്. എന്നിട്ടാണ് ഈ ന്യായം മുഴുവൻ പറയുന്നത്. യഥാർത്ഥ വസ്തുതകളെ എത്ര വിദഗ്ധമായിട്ടാണ് മറച്ച് പിടിച്ചിരിക്കുന്നത്. പ്രസംഗത്തിൽ കൂടി മറച്ചുപിടിക്കാൻ സാധിക്കുമോ; ആ യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ നിൽക്കുകയല്ലേ; പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെവരെ പദ്ധതി  വെട്ടിക്കുറച്ചു. പാവപ്പെട്ടവർക്ക് ചികിത്സ ലഭ്യമാക്കുന്ന കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയെ പൂർണ്ണമായി അവഗണിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അവഗണന, റബ്ബറിന്റെയും നെല്ലിന്റെയും താങ്ങുവില വർധിപ്പിച്ചില്ല, ക്ഷേമപെൻഷൻ വർധിപ്പിച്ചില്ല, സപ്ലൈകോയുടെ

കുടിശ്ശിക തീർത്ത് അവശ്യസാധനങ്ങൾ സബ്സിഡി റേറ്റിൽ വിതരണം ചെയ്യാൻ അവരെ പ്രാപ്തമാക്കുന്നതിനുപകരം അവർക്ക് കൊടുക്കാനുള്ള പണം പോലും കൊടുക്കുന്നില്ല. ഓരോ വകുപ്പുമെടുത്ത്  പരിശോധിച്ചാൽ അത് മനസ്സിലാകും. നമ്മുടെ പ്ലബിക് സെക്ടർ, കെ.എസ്.ഇ.ബി., സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി തുടങ്ങിയ ഏത് മേഖലയെടുത്ത് പരിശോധിച്ചാലും മനസ്സിലാകും. വാട്ടർ അതോറിറ്റിയിൽ ജൽജീവൻ മിഷന്റെ പദ്ധതിയെക്കുറിച്ച് പറയുന്നു. 4500 കോടി രൂപയാണ് ജൽജീവൻ മിഷനിലെ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ളത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനായി നമ്മുടെ ഷെയർ കൊടുക്കാൻ സാധിക്കുന്നില്ല. കോൺട്രാക്ടർമാർ  ആത്മഹത്യ മുനമ്പിലാണ് നിൽക്കുന്നത്. മറ്റ് പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് ആയിരക്കണക്കിന് കോടി രൂപയുടെ ബാധ്യതയാണുള്ളത്. കേരളത്തിൽ ഏത് ഗവൺമെന്റാണ് ഇത്രയും ബാധ്യത വരുത്തി വച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ? എല്ലാ സ്റ്റാറ്റിസ്റ്റിക്സും റെക്കോഡിലുണ്ട്.  നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. ഈ സംസ്ഥാനത്തെ ഏറ്റവും ദുരിതപൂർണ്ണമായ കടത്തിന്റെ കാണാക്കയങ്ങളിലേക്ക് തള്ളിയിട്ട സർക്കാരെന്ന പേരിലാണ്

നിങ്ങൾ ചരിത്രത്തിൽ അറിയപ്പെടാൻ പോകുന്നത്. അതാണ് ചരിത്രത്തിൽ രേഖപ്പെടുത്താനും പോകുന്നത്. ഇത്രമാത്രം കടബാധ്യത ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടുണ്ടോ; 1996-2001-ൽ ഇ. കെ. നായനാറിന്റെ ഭരണക്കാലത്ത് ഒരു വലിയ പ്രതിസന്ധിയുണ്ടായി. അതാണ് സമീപകാലത്ത് കണ്ട ഏറ്റവും വലിയ ധനപ്രതിസന്ധി. അതിനെക്കാൾ എത്രയോ കോടികണക്കിന് രൂപയുടെ ബാധ്യതകൾ വരുത്തി വച്ചിട്ട് എല്ലാം രക്ഷപ്പെട്ടു എന്ന സന്തോഷവാർത്ത നമ്മളോട് പറയുകയാണ്. ജി.എസ്.ടി.-യുടെ കാര്യത്തിൽ, കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ജി.എസ്.ടി. വന്നപ്പോൾ ഒരു ടെൻഷനും വേണ്ടെന്നും കേരളത്തിൽ 30% നികുതി വർധനവുണ്ടാകുമെന്നുമാണ് അങ്ങയുടെ കസേരയിലിരുന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. കാരണം, നമ്മുടെ സംസ്ഥാനമാണ് നികുതി വർധനവിൽ ആദ്യം വരേണ്ടത്. നമ്മളാണ് കൺസ്യൂമർ പോയിന്റിലുള്ളത്. നമുക്കാണ് ഏറ്റവും കൂടുതൽ നികുതി ലഭിക്കേണ്ടത്. വാറ്റ് (VAT) വന്നപ്പോൾ കേരളം മോശം സൈഡിലായിരുന്നു. കാരണം, മാനുഫാക്ച്ചറിംഗ് പോയിന്റിലായിരുന്നു ടാക്സ്. കൺസ്യൂമർ സ്റ്റേറ്റുകൾക്ക് അത് മോശമായിരുന്നു. ഇന്ത്യയിലെ ഏറ്റവും

വലിയ കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിനാണ് വലിയതോതിൽ നികുതി വർധനവുണ്ടാകേണ്ടത്. എന്നിട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ രസകരമായ ഒരു കണക്ക് പറയുന്നുണ്ട്. കോവിഡ് കാലഘട്ടത്തിലെയും അതിനുശേഷവുമുള്ള ശതമാനംകൂടി കണക്കാക്കി നാല് വർഷത്തെ ശരാശരി പറയുകയാണ്. അതിലേക്കൊന്നും പോകേണ്ട, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ശരാശരി പരിശോധിച്ചാൽ നികുതി വരുമാനം യഥാക്രമം 29,000, 30,000, 33,000 കോടി രൂപയാണ്. ശരാശരി ഗ്രോത്ത് 6.75 ശതമാനമാണ്. മാനുഫാക്ചറിംഗ് സ്റ്റേറ്റുകൾവരെ 12%, 18%, 20% എന്നീ നിരക്കുകളിൽ വന്നിരിക്കുമ്പോൾ കേരളത്തിന്റെ കഴിഞ്ഞ രണ്ട് വർഷക്കാലത്തെ ആവറേജ് ജി.എസ്.ടി. ഗ്രോത്ത് 6.75 ശതമാനം മാത്രമാണ്. ഇത് എത്ര പരിതാപകരമായ അവസ്ഥയാണ്. The prime duty of a State is to collect taxes, then only we will be able to allocate money for welfare as well as development activities. പണമില്ലാതെ എന്ത് ചെയ്യാൻ സാധിക്കും? നികുതി പിരിച്ചെടുക്കേണ്ടതല്ലേ; വാറ്റ് മാറി ജി.എസ്.ടി വന്നപ്പോൾ അതിന് അനുരോധമായി ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം റീ-

സ്ട്രക്ച്ചർ ചെയ്യണമെന്ന് ഞങ്ങൾ എത്രയോ പ്രാവശ്യം നിങ്ങളുടെ കാലുപിടിച്ച് പറഞ്ഞിട്ടുണ്ട്. ഐ.ജി.എസ്.ടി.-യിലെ നിങ്ങളുടെ തകരാറ് സംബന്ധിച്ച് ഞങ്ങൾ ചൂണ്ടിക്കാണിച്ചല്ലോ; കഴിഞ്ഞ നാലഞ്ച് വർഷമായി ഐ.ജി.എസ്.ടി.-യിൽ കാര്യങ്ങൾ കൃത്യമായി ചെയ്യാത്തതുകൊണ്ട് പത്ത് മുപ്പതിനായിരം കോടി രൂപ നഷ്ടപ്പെട്ടില്ലേ? 25000 കോടി രൂപ നഷ്ടമായെന്ന് ഞാൻ പറഞ്ഞപ്പോൾ ആദ്യം നിങ്ങൾ പരിഹസിച്ചു. എന്റെ ഭാഗ്യത്തിന് മൂന്ന് മാസം കഴിഞ്ഞപ്പോൾ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് അതേ ഫൈൻഡിംഗ്സ് കൊടുത്തതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു. ഞാൻ വെറുതെ പറഞ്ഞതാണെന്നാണ് പറഞ്ഞത്. നിങ്ങളുടെ സർക്കാർ ഏജൻസികൾതന്നെ പറഞ്ഞില്ലേ; എത്ര കോടി രൂപയാണ് നഷ്ടമാകുന്നത്? അത് തിരിച്ചുപിടിക്കാൻ വേണ്ടിയിട്ടുള്ള ഒരു മെക്കാനിസം നിങ്ങൾ ചെയ്യുന്നില്ല. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങളുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ ദയനീയമായ പരാജയമാണ്. 90-92 ശതമാനം സംസ്ഥാനങ്ങളിൽ ഇത് റീ-സ്ട്രക്ച്ചർ ചെയ്ത് ടാക്സ് വർധിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ജോലി അതല്ലേ; 2024-25-ൽ നികുതി വരുമാന വളർച്ച 10 ശതമാനവും റവന്യൂ ന്യൂട്രൽ നിരക്ക് 14 ശതമാനവുമാണ്. ഇവിടെ ശരാശരി

6.75 ശതമാനം മാത്രമാണ്. പ്രതീക്ഷിച്ച എസ്റ്റിമേറ്റിനെക്കാൾ 2300 കോടി രൂപ കുറവാണ് ഈ പ്രാവശ്യം പിരിച്ചത്. 2024 ഡിസംബർ മാസത്തെ year on year ജി.എസ്.ടി. രേഖ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. അതുപ്രകാരം 2023 ഡിസംബറിനെ അപേക്ഷിച്ച് 2024 ഡിസംബറിൽ 5 ശതമാനം വളർച്ച മാത്രമാണുണ്ടായത്. ദേശീയ ശരാശരി 8 ശതമാനമാണ്. പഞ്ചാബ്-22%, തമിഴ്നാട്-11%, തെലുങ്കാന-10%. കേരളത്തിന് 5 ശതമാനമാണ് നികുതി വളർച്ചയാണുണ്ടായത്. ഐ.ജി.എസ്.ടി. വിഹിതത്തിൽ പ്രതിവർഷം വന്നുചേരുന്ന 5000-6000 കോടി രൂപയുടെ ഈ നഷ്ടം നികത്താൻവേണ്ടിയുള്ള എന്ത് നടപടിയാണ് അങ്ങയുടെ ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നത്. ചില സ്റ്റെപ്പ് ഒക്കെയെടുത്തുവെന്ന് പറഞ്ഞു. പക്ഷേ അതൊന്നും ഫലത്തിൽ വരുന്നില്ല. നിങ്ങൾ ഇപ്പോൾത്തന്നെ എല്ലാതലത്തിലും ഗണ്യമായ വർധനവ് വരുത്തി. ഏത് വർധനവ് വരുത്തിയാലും ആ വർധനവ് നമ്മുടെ റവന്യൂ ഡെഫിസിറ്റിനെ മറികടക്കാൻ പര്യാപ്തമല്ല. അത് അനാവശ്യമായ വിലക്കയറ്റം സൃഷ്ടിക്കുമെന്നല്ലാതെ യാതൊരു പ്രയോജനവുമില്ല. നിലവിലുള്ള ടാക്സ് തന്നെ പിരിച്ചെടുക്കാൻ നോക്കണം. നിങ്ങൾ ശ്രദ്ധിക്കാത്ത ഭാഗം ഞാൻ

സൂചിപ്പിക്കാം. കേരളത്തിൽ വാഹന വിൽപ്പന ഗണ്യമായി കൂടി. എന്നാൽ വാഹന സർവീസ്, സ്പെയർ പാർട്സ് എന്നിവയുടെ കച്ചവടം അതിന്റെ ആനുപാതികമായി ഉയരുന്നില്ല. നിർമ്മാണ മേഖല തഴച്ചു വളരുകയാണെങ്കിലും നിർമ്മാണ മേഖലയ്ക്കാവശ്യമായ കമ്പി, സിമന്റ്, മെറ്റൽ, പാറപൊടി എന്നിവയിൽനിന്നുള്ള നികുതി വരുമാനം കുറഞ്ഞിരിക്കുകയാണ്. ഗോൾഡിലെന്താണ് സംഭവിക്കുന്നത്; കൺസ്ട്രക്ഷൻ ഇൻഡസ്ട്രിയിൽ എന്താണ് സംഭവിക്കുന്നത് തുടങ്ങി ഓരോ സെക്ടറിനെക്കുറിച്ചും പ്രത്യേകം പഠിക്കേണ്ടതുണ്ട്. ഏറ്റവും കൂടുതൽ ടാക്സ് വരുന്ന ഏരിയ അഡ്രസ്സ് ചെയ്ത് അതിനെ ടാർഗറ്റ് ചെയ്ത് കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തുകൊണ്ട് കുറവ് വരുന്നുവെന്ന് കണ്ടെത്തി പരിഹരിക്കണ്ടേ? കൺസ്ട്രക്ഷൻ വർക്ക് നടക്കുന്നുണ്ടെങ്കിലും അതിൽനിന്നുള്ള നികുതി വരുമാനം ഭയങ്കരമായി കുറയുകയാണ്. ഇലക്ട്രിക്കൽ, സാനിറ്ററി വെയർ, ഇലക്ട്രോണിക്സ്, ടൈൽ വിപണി ഇവയൊക്കെ മന്ദിഭവിച്ചു. എന്നിട്ടും നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ ഔട്ട് ഓഫ് സ്റ്റേറ്റിൽ നിന്ന് ഈ സാധനങ്ങൾ വരുന്നുണ്ട്. അതുവഴി നികുതി വെട്ടിപ്പ് നടക്കുന്നുണ്ട്. അങ്ങനെ നടന്നാൽ

രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, സർക്കാരിന് നികുതി നഷ്ടമുണ്ടാകുന്നു. രണ്ടാമത്തേത്, അവിടെ genuine ആയിട്ടുള്ള ടാക്സ് പേയർമാർ അവിടെയുണ്ട്. കട വാടകയ്ക്കെടുത്തും ഇലക്ട്രിസിറ്റി ചാർജ്ജ് കൊടുത്തും ജീവനക്കാരെ നിയമിച്ചും വാട്ടർ ചാർജ്ജ് കൊടുത്തും സ്ഥാപനങ്ങൾ നടത്തുന്നവരുണ്ട്. അത്തരക്കാർ സ്ഥാപനം പൂട്ടി പോകുകയാണ്. ഭാവിയിൽ genuine ആയിട്ടുള്ള ടാക്സ് പേയർമാർ ഇല്ലാതായാൽ നമുക്ക് എവിടെനിന്നാണ് വരുമാനമുണ്ടാകുന്നത്? വരുമാനം കുറഞ്ഞു വരുന്ന ഏതെങ്കിലും സെക്ടറിനെക്കുറിച്ച് നിങ്ങൾ പരാമർശിച്ചോ? ഇവിടെ നിരവധി ഭക്ഷണശാലകൾ അനുദിനം വർധിക്കുന്നുണ്ട്. നിങ്ങൾ ടാക്സിന്റെ നെറ്റ്‌വർക്ക് എങ്ങനെയാണ് ചെയ്യുന്നത്? ഇപ്പോഴത്തെ ഏറ്റവും പുതുതായിട്ടുള്ള ടാക്സേഷൻ എങ്ങനെയാണ്; കൂടുതൽ ടാക്സ് ഈടാക്കുന്നതിനുപകരം ടാക്സിന്റെ നെറ്റ്‌വർക്ക് വൈഡൻ ചെയ്യുകയാണ് വേണ്ടത്. അതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു. കഴിഞ്ഞ വർഷം തമിഴ്നാട് സർക്കാർ യു.പി.ഐ. ട്രാൻസാക്ഷൻ ഡാറ്റ വിശകലനം ചെയ്ത് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്തവർക്കെതിരെ നടപടി സ്വീകരിച്ചു. ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത എത്രപേർ ഇവിടെ കച്ചവടം നടത്തുന്നുണ്ട്. തമിഴ്നാട്ടിൽ ഒരു ഡാറ്റ

അനലൈസ് ചെയ്യുമ്പോൾ എത്ര രൂപയുടെ വരുമാനമാണ് അവർക്ക് വർധിച്ചത്. ഇവിടെ ഒരു നടപടിയുമെടുക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഫുഡ് ആൻഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് ഇവിടുന്നൊക്കെ ഡാറ്റ ശേഖരിച്ച് വിശകലനം നടത്തി ടാക്സ് പെയർ സർവീസസ് സർക്കിളുകൾക്കുകീഴിൽ ഒരു സർവെ നടത്തി, ഒരു മാസം കുറഞ്ഞത് പത്ത് രജിസ്ട്രേഷൻ പുതിയതായി എടുപ്പിച്ചാൽ നിങ്ങളുടെ വരുമാനം വർധിക്കുമായിരുന്നു. അത്തരത്തിൽ എത്രമാത്രം സ്ഥാപനങ്ങൾ വരുന്നുണ്ട്. അതിന്റെയൊക്കെ കണക്കും സ്റ്റാറ്റിസ്റ്റിക്സും ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെന്റ് സൂക്ഷിക്കുമല്ലോ; അവിടെനിന്ന് അതെടുത്ത് അനലൈസ് ചെയ്ത് ടാക്സ് വർധിപ്പിക്കുകയാണ് വേണ്ടത്. ഞാൻ ഏറ്റവും കൂടുതൽ സർക്കാരിനെ വിമർശിക്കുന്നത് നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിനാണ്. നികുതി പിരിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ദയനീയമായ പരാജയമാണ്. ബാറുകളെ സംബന്ധിച്ച് നമ്മൾ ഇവിടെ എത്രപ്രാവശ്യം പറഞ്ഞിട്ടുണ്ട്. കേരളത്തിൽ തൊള്ളായിരത്തി ചില്വാനം ബാറുകളുണ്ട്. ബാറുകളിൽനിന്നുള്ള TOT (Turn Over Tax) കുറഞ്ഞുവരികയാണ്. അതിനെതിരെ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. 2023-24-ൽ എത്ര

ബാറുകളിലാണ് നിങ്ങൾ പരിശോധന നടത്തിയത്? 2017-18 മുതലുള്ള കണക്ക് പരിശോധിക്കുമ്പോൾ ആകെ 18 ബാറുകളിലാണ് പരിശോധന നടത്തിയത്. തൊള്ളായിരത്തിലധികം ബാറുകളും അനുസംബന്ധിച്ച് കൃത്യമായ കണക്കുമുണ്ട്. ബിവറേജസ് കോർപ്പറേഷനിൽനിന്നാണ് ബാറുകളിലേക്ക് മദ്യം വാങ്ങുന്നത്. അനുസംബന്ധിച്ച കണക്ക് ബിവറേജസിൽ ഉണ്ടാകും. ഈ ബാറുകൾ ഒരു പെഗ്ഗ് 200 രൂപയ്ക്കോ 250 രൂപയ്ക്കോ വിറ്റാൽ 50 രൂപയാണ് എഴുതിയെടുക്കുന്നത്. അപ്പോൾ ടേണോവർ അഞ്ചിൽ ഒന്നായി കുറഞ്ഞില്ലേ; ഒരു ദിവസം മൂന്നു-നാല് ലക്ഷം രൂപവരെ വരുമാനമുള്ള ഒരു ബാറിന്റെ ടേണോവർ ഒരു ലക്ഷം രൂപയായിട്ടാണ് അവർ കാണിക്കുന്നത്. അങ്ങനെ കണക്കാക്കുമ്പോൾ ഒരു മാസം എത്ര രൂപയായി; ഒരു വർഷം എത്ര കോടി രൂപയായി. അപ്പോൾ തൊള്ളായിരത്തി ചില്വാനം ബാറുകളുടെ സ്ഥിതി പരിശോധിക്കുമ്പോൾ എങ്ങനെയായിരിക്കും? ഇക്കാര്യം നിങ്ങളോട് ഞങ്ങൾ എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്. നിങ്ങൾ ആരെ സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനുമാണ് ഇതൊക്കെ ചെയ്യാതിരിക്കുന്നത്? സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് വരുമാനം വരേണ്ട ഒരു ഏരിയയാണിത്. സ്വർണ്ണത്തിന്റെ നികുതി

പിരിക്കുന്ന കാര്യവും പറഞ്ഞു മട്ടുത്തു. അക്കാര്യത്തിലും ഒരു നടപടിയും സ്വീകരിച്ചില്ല. അതിന്റെ ഭാഗമായി സ്വർണ്ണത്തിൽ നിന്ന് പ്രതിവർഷം ഏകദേശം 7000 കോടി രൂപയുടെ നഷ്ടം നമുക്കുണ്ടാകുന്നുണ്ട്. ഇതെല്ലാം ലഭ്യമായാൽ മാത്രമേ വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടത്താൻ കഴിയുകയുള്ളൂ. ഇല്ലെങ്കിൽ ഒടുക്കത്തെ പ്ലാൻ കട്ടാണ്. പദ്ധതി വിഹിതം കട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് സബ്സിഡി റേറ്റിന് സാധനങ്ങൾ കൊടുക്കണ്ടേ; കടം തീർക്കാൻ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക മതിയാകുമോ; ആ തുക ഉപയോഗിച്ച് നിങ്ങൾക്ക് കടം തീർക്കാൻ സാധിക്കുമോ; നിങ്ങൾ കാരുണ്യ ബെനവലന്റ് സ്കീമിനും ഈ വർഷം തുക വകയിരുത്തിയിട്ടുണ്ട്. ആ തുക ഇതുവരെയുള്ള കടം തീർക്കാനാവശ്യമായ തുകയുടെ പകുതിപോലുമില്ല. അതിന്റെ അർത്ഥം ആ പരിപാടി ഫ്രീസ് ചെയ്യപ്പെട്ടു എന്നതാണ്. വിവിധ വകുപ്പുകളിൽ നടക്കുന്ന കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടതുപ്രകാരമാണ് ബിസിനസ്സ് ടു ബിസിനസ്സ്, സ്വർണ്ണ ഇടപാടുകൾക്ക് ഇ-വേ ബിൽ കൊണ്ടുവന്നത്. 2025 ജനുവരി മുതൽ കേരളം

ആവശ്യപ്പെട്ടതുപ്രകാരം നിശ്ചയിച്ച 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വർണ്ണമെന്നത് 10 ലക്ഷം രൂപയായി ഉയർത്തി. ഇത്രയും നഷ്ടം സംഭവിക്കുന്ന സ്വർണ്ണവ്യാപാര മേഖലയിൽ നിങ്ങൾ ഒന്നര കൊല്ലം കഴിഞ്ഞാണ് അത് നടപ്പാക്കിയത്. ഇ-വേ ബിൽ വേണമെന്ന് നമ്മൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ട കാര്യമാണ്. എന്നിട്ട് ഒന്നര വർഷം കഴിഞ്ഞാണ് കേരളത്തിൽ അത് നടപ്പാക്കുന്നത്. എല്ലാ റിപ്പോർട്ടുകളും റാങ്ക് ലഭിച്ച കാര്യവുമെല്ലാം എല്ലാവരും പ്രസംഗിച്ചല്ലോ? ഇപ്പോൾ ബജറ്റിനെക്കുറിച്ചല്ലേ ചർച്ച ചെയ്യുന്നത്; അദ്ദേഹം പറഞ്ഞ ഫസ്റ്റ് പാരഗ്രാഫാണ് എന്റെ ടോപ്പിക്ക്. ഫസ്റ്റ് പാരഗ്രാഫിലെ 'സന്തോഷ വാർത്ത' എന്നതാണ് എന്റെ ഇന്നത്തെ പ്രസംഗത്തിന്റെ തീം. 2025-ൽ നീതി ആയോഗ് പുറത്തിറക്കിയ 2023 വർഷത്തെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയുണ്ട്, അതായത് ഫിസ്കൽ ഹെൽത്ത് ഇൻഡെക്സ്. ഈ റിപ്പോർട്ടിൽ പതിനെട്ട് പ്രധാന സംസ്ഥാനങ്ങളുടെ നിരയിൽ കേരളത്തിന്റെ സ്ഥാനം പതിനഞ്ചാമതാണ്. വളരെ പരിതാപകരമായ അവസ്ഥയാണ്. അതായത് ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാന സമാഹരണം, സാമ്പത്തിക അച്ചടക്കം, നേരത്തെ ഞാൻ പറഞ്ഞതുപോലെ, കടവും

ജി.എസ്.ഡി.പി.-യും തമ്മിലുള്ള റേഷ്യോ, കടം താങ്ങാനുള്ള പരിധി തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് പതിനെട്ട് സംസ്ഥാനങ്ങളിലെ ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് പരിശോധിച്ചപ്പോൾ സാമ്പത്തിക ആരോഗ്യത്തിൽ കേരളത്തിന്റെ സ്ഥാനം പതിനഞ്ചാമതാണ്. വേറെ ഒന്ന് രണ്ട് സംസ്ഥാനങ്ങളാണ് തൊട്ടുപിറകിലുള്ളത്. ഇതാണ് സ്ഥിതി. അപ്പോൾ ഈ ജി.എസ്.ഡി.പി.-കടം അനുപാതം 2018-19-ൽ 30.07 ശതമാനമായിരുന്നു. സമ്പദ് വ്യവസ്ഥയുടെ ആരോഗ്യം അളക്കുന്നത് ജി.എസ്.ഡി.പി.-കടം അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ്. നിങ്ങൾക്കെന്താണ് പേടിക്കേണ്ടത് ജി.എസ്.ഡി.പി.-കടം അനുപാതം നോക്കിയാൽ പോരെയെന്ന് മുമ്പ് ഡോ. ടി. എം. തോമസ് ഐസക് സ്ഥിരമായി പറയുമായിരുന്നു. ആ അനുപാതം നോക്കിയാൽ ഇക്കോണമി വളരുന്നതനുസരിച്ച് കടത്തിന്റെ റേറ്റും വളരും. ഇവിടെ കടത്തിന്റെ തുക മാത്രമല്ല വർധിച്ചത് ശതമാനവും വർധിക്കുകയാണ്. 30.07 ശതമാനമുണ്ടായിരുന്ന കടത്തിന്റെ അനുപാതം 37.6 ശതമാനമായി. ഇതാണോ ആരോഗ്യമുള്ള കുഞ്ഞ്; ഇതാണോ ആരോഗ്യം; പരിതാപകരമായ ഫിസ്കൽ ഇൻഡിക്കേറ്ററാണ്. ജി.എസ്.ഡി.പി.-കടം അനുപാതം എന്ന്

പറയുന്നത് ഷോക്കിംഗാണ്. അതുപോലെ മൂലധന ചെലവിന്റെ കാര്യത്തിൽ വാർഷിക വർധന 2022-23-ൽ കുറഞ്ഞു. സമയക്കുറവുമൂലം ഞാനെല്ലാം വായിക്കുന്നില്ല. ഇതാണ് സ്ഥിതി. കരാറുകാർക്ക് കുടിശ്ശിക അപ്ഡേറ്റഡല്ല. പതിനായിരത്തിലേറെ കോടി രൂപ കുടിശ്ശികയാണ്. ഉച്ചഭക്ഷണ കുടിശ്ശിക 75 കോടി രൂപ, മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നു വാങ്ങിയതിൽ 700 കോടി രൂപ, അവിടെ മരുന്നില്ല. കാരുണ്യ സുരക്ഷാ പദ്ധതിയിൽ 1200 കോടി രൂപയും സ്വകാര്യ ആശുപത്രികൾക്ക് 350 കോടി രൂപയും. കടം മാത്രം 1550 കോടി രൂപയുണ്ട്. ഈ വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 700 കോടി രൂപയാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന് പറഞ്ഞു. നെല്ല് സംഭരിച്ചതിന്റെ ഭാഗമായി സപ്ലൈകോയ്ക്കും വിതരണകാർക്കും കർഷകർക്കും 128 കോടി രൂപ നൽകാനുണ്ട്. കടാശ്വാസ കമ്മീഷന്റെ കാര്യത്തിൽ നിങ്ങളുടെ റെക്കമെൻഡേഷൻസ് കംപ്ലീറ്റ് പോയി. ബാങ്കുകൾ കർഷകരുടെ ആധാരം കൊടുക്കുന്നില്ല. നിങ്ങളുടെ ആശ്വാസകിരണം പദ്ധതി, ക്ഷേമനിധി പദ്ധതികൾ എല്ലായിടത്തും കുടിശ്ശികയാണ്. അതിന്റെകൂടെ ഞെട്ടിപ്പിക്കുന്ന പ്ലാൻ കട്ട് കൂടിയുണ്ട്. കേന്ദ്രം പണം നൽകിയില്ലെങ്കിൽ ഞങ്ങൾക്കൊരു

പ്ലാൻ 'ബി' ഉണ്ടെന്ന് നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ഇടയ്ക്ക് പറയാറുണ്ട്. പ്ലാൻ 'ബി' എന്നത് ഭയങ്കരമായ ഒരു സംഭവമാണെന്നാണ് ഞാൻ വിചാരിച്ചത്. ഒരു കൗശലം നിറഞ്ഞ വലിയ സാമ്പത്തിക മാനേജ്മെന്റ് തന്ത്രമായിരിക്കും അതെന്നാണ് ഞാൻ കരുതിയത്. എന്നാൽ പ്ലാൻ 'ബി' എന്നത് പ്ലാൻ കട്ടാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. 50 ശതമാനം പ്ലാൻ കട്ടാകുകയാണ്. ഇതാണ് സംസ്ഥാനത്തിന്റെ സ്ഥിതി. ഞാൻ മറ്റ് കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ഇവിടെ ഒരുപാട് പേർ സംസാരിച്ചെങ്കിലും രണ്ട് കാര്യംകൂടി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇന്നും കാട്ടാനയുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. ഇതോടെ ഈയാഴ്ച കാട്ടാനയുടെ ആക്രമണത്തിൽ മരിച്ചവരുടെ എണ്ണം അഞ്ചായി. കഴിഞ്ഞ മൂന്ന് ദിവസം കൊണ്ട് നാല് പേർ മരിച്ചിരുന്നു. അവിടെ വലിയ ഭീതിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അടിയന്തരമായി ഇടപെട്ട് റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കണം. അല്ലെങ്കിൽ ആനകൾ വീണ്ടും നാട്ടിലേക്കിറങ്ങും. ചൂട് കൂടികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനകത്ത് ആഹാരമോ വെള്ളമോ എത്തിക്കാനുള്ള എന്തെങ്കിലും സംവിധാനം ദയവുചെയ്ത് ഗവൺമെന്റ് ചെയ്യണം.

ഗവൺമെന്റിന്റെ ഒരു പ്രസൻസ് അവിടെയുണ്ടാകണം. ആളുകൾക്ക് ആത്മവിശ്വാസം നൽകണം. ജനങ്ങൾക്കൊരു പ്രതിസന്ധിയുണ്ടാകുമ്പോൾ അവർ ആഗ്രഹിക്കുന്നത് തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ പ്രസൻസാണ്. പക്ഷെ ഇവിടെ ദൗർഭാഗ്യവശാൽ അതില്ല. പ്രതിപക്ഷം മലയോര സമര യാത്രകൾ നടത്തിയത് പാർട്ടിയിലെ കാര്യം കൊണ്ടാണെന്നും അവിടെയൊന്നും ഒരു പ്രശ്നവുമില്ലെന്നും ഇവിടെ ശ്രീ. വി. ജോയി എം.എൽ.എ. പറയുകയുണ്ടായി. അദ്ദേഹത്തിന് അറിയാത്തതുകൊണ്ടാണ്, അദ്ദേഹം മലയോരങ്ങളിൽ പോകാത്തതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. അവിടെ ആകെ സങ്കടവും കണ്ണുനീരും വിഷമവും പ്രയാസവുമാണ്. കഴിഞ്ഞ ബജറ്റിലും അവരുടെ പദ്ധതി വിഹിതവും ബജറ്റ് അലോക്കേഷനും കട്ട് ചെയ്തു. ബജറ്റ് തുക വകയിരുത്തിയിട്ട് കാര്യമില്ല. കൺവെൻഷണൽ ആയിട്ടുള്ള പ്രതിരോധ സംവിധാനങ്ങൾ അവിടെ ഏർപ്പെടുത്താൻ വനം വകുപ്പിന് പണം നൽകുന്നില്ല. കഴിഞ്ഞ മൂന്നു-നാല് വർഷങ്ങളായി അവർക്കൊന്നും ചെയ്യാൻ കഴിയുന്നില്ല. ഫെൻസിങ്, ഹാങ്ങിങ് ഫെൻസിംഗ്, റെയിൽ ഗാർഡ് എന്നിവ നിർമ്മിക്കാനോ കിടങ്ങ് കുഴിക്കാനോ സാധിക്കുന്നില്ല. വളരെ

പരിതാപകരമയ അവസ്ഥയാണ് അവിടെയുള്ളത്. അവിടത്തെ കൃഷി മുഴവൻ തകർന്ന് തരിപ്പണമായി, വളരെ പ്രയാസത്തിൽ നിൽക്കുകയാണ്.

രണ്ടാമതൊരു കാര്യം പറയാനുള്ളത്, മുനമ്പത്തെ വഖഫുമായി ബന്ധപ്പെട്ട പ്രശ്നം ശാശ്വതമായി പരിഹരിക്കുമെന്ന് അങ്ങ് ഉറപ്പുകൊടുത്തതാണ്. അങ്ങ് മുൻകൈയെടുത്ത് ആ പ്രശ്നം ശാശ്വതമായി പരിഹരിക്കണം. അതൊരു സാമൂഹിക സംഘർഷത്തിലേക്ക് പോകരുത്. സർക്കാരിന്റെ കീഴിൽ തന്നെയുള്ള വഖഫ് ബോർഡ് ചെയർമാൻ ഇന്നലെ വളരെ മോശമായിട്ടുള്ള പ്രസ്താവനയാണ് നടത്തിയത്. നിങ്ങളൊരു കമ്മീഷനെ നിയമിച്ചെങ്കിലും കോടതി ഇടപെട്ട് ആ കമ്മീഷനെ ഫ്രീസ് ചെയ്ത് വച്ചിരിക്കുകയാണ്. ഒരു കമ്മീഷൻ ഫാക്ട് ഫൈൻഡിംഗ് നടത്തുകയാണെന്ന് കോടതിയിൽ പറഞ്ഞു. ഫാക്ട് ഫൈൻഡിംഗ് ഒരു കമ്മീഷൻ നടത്തികൊണ്ടിരിക്കുന്ന സമയത്ത് ഈ വഖഫ് ബോർഡ് ചെയർമാൻ ഇതുപോലെ പ്രകോപനപരമായ കാര്യങ്ങൾ പറയാമോ; അങ്ങ് അവരെ നിയന്ത്രിക്കണം. ഇത് വളരെ സെൻസിറ്റീവായിട്ടുള്ള കേസാണ്. അവരെ കുടിയിറക്കില്ലെന്നും അവർക്ക് പെർമനന്റ് ടൈറ്റിൽ അവിടെ കൊടുക്കുമെന്നും അങ്ങ് അവർക്ക് വാക്ക് കൊടുത്തതാണ്. മുനമ്പത്ത്

താമസിക്കുന്ന ആളുകളുടെ ഈ അനിശ്ചിതാവസ്ഥ പരിഹരിച്ച് അവർക്കൊരു പെർമനന്റ് ടൈറ്റിൽ കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അക്കാര്യത്തിലുള്ള പൂർണ്ണമായ പിന്തുണ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഈ വിഷയത്തിന്റെ പേരിൽ സാമൂഹിക സംഘർഷം ഉണ്ടാക്കിത്തീർക്കാൻ ശ്രമിക്കുന്ന ശക്തികളെ ഒരുമിച്ച് നേരിടണമെന്നാണ് എനിക്ക് വിനയപൂർവം പറയാനുള്ളത്. അങ്ങയുടെ ഇടപെടൽ ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. ഞാൻ വേറെ ഒന്നിനെക്കുറിച്ചും പറയുന്നില്ല, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കോൺഗ്രസിൽ അഞ്ചാറ് മുഖ്യമന്ത്രിമാർ ഉണ്ടെന്നും പാർട്ടി നശിച്ചുപോയെന്നും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞു. ഞങ്ങളുടെ ഇടയിൽ അങ്ങനത്തെ ഒരു പ്രശ്നവുമില്ല. പാർലമെന്ററി പാർട്ടി ലീഡർ എന്ന നിലയ്ക്ക് ഞാൻ ഈ ആരോപണത്തെക്കുറിച്ച് പറയേണ്ടതുണ്ട്. പുറത്തുള്ള കുറച്ചാളുകളും കുറെ നറേറ്റീവും മീഡിയയുമൊക്കെ അത് പറഞ്ഞുണ്ടാക്കുന്നതാണ്. ഞങ്ങൾ തമ്മിൽ ഒരു തർക്കവുമില്ല. ഞങ്ങളെല്ലാം ഒറ്റക്കെട്ടായി ഒരു ടീമായിട്ടാണ് മുന്നോട്ടുപോകുന്നത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് വലിയ വിഷമമുണ്ടാകും. കാരണം, ശ്രീമതി കെ. കെ.

ശൈലജ ടീച്ചർ ഒരു പി.ആർ. ഏജൻസിയെയൊക്കെ വച്ച് മുഖ്യമന്ത്രിയാകാൻ ഇറങ്ങിയതുകൊണ്ടാണ് ട്രഷറി ബഞ്ചിൽ ഇരിക്കേണ്ടിയിരുന്ന അവർ ഇപ്പോൾ ആ ബഞ്ചിലിരിക്കുന്നത്. അതിന് ദയവുചെയ്ത് ഞങ്ങളുടെ മീതെ കയറരുത്. ഞാൻ ഈ ബഡ്ജറ്റ് നിർദേശങ്ങളെ എതിർക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വസ്തുതാപരമല്ലാത്ത രണ്ട് കാര്യങ്ങൾ ഇവിടെ ആധികാരികമെന്ന മട്ടിൽ അവതരിപ്പിച്ചത് രേഖകളുടെ ഭാഗമാകുമെന്നതുകൊണ്ടാണ് ഞാൻ ഈ ഘട്ടത്തിലിടപെടുന്നത്. ഒന്നാമത്, അടിസ്ഥാനരഹിതമായ കാര്യങ്ങൾ ആധികാരികമെന്ന മട്ടിൽ അവതരിപ്പിക്കുന്നതിൽ അസാധാരണ നൈപുണ്യമുള്ള ആളാണ് നമ്മുടെ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം. അത് രേഖയിൽ കിടക്കാൻ പാടില്ല. ‘ Ease of doing business’ -ൽ നമ്മൾ റാങ്കിൽ വന്നിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അത് സേ (Save A Year) പരീക്ഷ എഴുതിയ കുട്ടിക്ക് ഒന്നാം റാങ്ക് ലഭിച്ചതുപോലെയാണെന്നും നമ്മൾ ആസ്പിരന്റിലാണ് വന്നിരിക്കുന്നതെന്നും അദ്ദേഹം ഒരു അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹം നിൽക്കുന്നത് 2020-ലെ റാങ്കിങ്ങിലാണ്.

ആ നിലയ്ക്ക് അദ്ദേഹം പറഞ്ഞത് ശരിയാണ്. 2020-ൽ നമ്മൾ ആസ്പിരന്റിലായിരുന്നു. 2021 മുതൽ Ease of doing business എന്നത് Business Reforms Action Plan (BRAP) ആണ്. Emerging, Aspirant, Achiever, Top achiever എന്ന നിലയിൽ 2020-ൽ നമ്മൾ Aspirant ആയിരുന്നു. അതിനുശേഷം കഴിഞ്ഞ റാങ്കിങ്ങിൽ നമ്മൾ ഒന്നാമതായി. Top achiever സ്ഥാനത്തിൽ 9 മേഖലകളിൽ ഒന്നാമതെത്തിയാണ് നമ്മൾ അംഗീകരിക്കപ്പെട്ടത്. 5 മേഖലകളിൽ ഒന്നാമതെത്തി ആന്ധ്രാപ്രദേശ് രണ്ടാം സ്ഥാനത്തിനും അർഹമായി. സ്വിറ്റ്സർലാൻഡിലെ ദാവോസിൽ വച്ച് ശ്രീ. ചന്ദ്രബാബു നായിഡുവിനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രതികരണം, 'ഞങ്ങളുടെ സ്ഥാനം നിങ്ങളല്ലേ തട്ടിയെടുത്തത്, ഞങ്ങൾ അത് തിരിച്ചുപിടിക്കും', എന്നായിരുന്നു. ഇതുവരെ ആന്ധ്രാപ്രദേശായിരുന്നു ഒന്നാം സ്ഥാനത്തുണ്ടായിരുന്നത്. വ്യവസായത്തിൽ ഒന്നാം സ്ഥാനമായി എന്നല്ല നമ്മൾ പറയുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ ഈ റിഫോംസ് പ്ലാനിൽ നമുക്ക് അംഗീകാരം കിട്ടി എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ്.....

<u>ചെയർപേഴ്സൺ</u>: യെസ്... യെസ്....

<u>ശ്രീ. പി. രാജീവ്:</u> സർ, ലോകബാങ്കിന്റെ ഘട്ടത്തിൽ തുടങ്ങിയതാണ് Ease of doing business റാങ്കിങ്. അതാണ് 2021 മുതൽ Business Reforms Action Plan ആയത്. അല്ലാതെ ഇന്ത്യയിൽ വേറെ റാങ്കിങ്ങില്ല. ഏക റാങ്കിങ് അതാണ്. അതുകൊണ്ട് ഇന്നിപ്പോൾ അഭിമാനകരമായ ഒരുകാര്യം എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് മസൂറിയിലെ ഐ.എ.എസ് ഇൻസ്റ്റിറ്റ്യൂട്ടിൽ, സാധാരണ വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിഭാഗങ്ങളിലൊക്കെയാണ് നമ്മുടെ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ക്ലാസ്സെടുക്കാൻ വിളിക്കാറുള്ളത്. എന്നാൽ ഇത്തവണത്തെ ബാച്ചിൽ ' Improving ease of doing business in State in Kerala and its experience' എന്ന ടോപ്പിക്കിൽ ക്ലാസ്സെടുക്കാൻ നമ്മുടെ കെ.എസ്.ഐ.ഡി.സി. (കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ) മാനേജിംഗ് ഡയറക്ടറെ ക്ഷണിച്ചിരിക്കുകയാണ്. ആദ്യമായിട്ടാണ് വ്യവസായത്തിന്റെ നേട്ടം അവതരിപ്പിക്കാൻ നമ്മളെ ക്ഷണിക്കുന്നത്. 87 വർഷത്തെ ചരിത്രത്തിലാദ്യമായാണ് American Society for Public Administration; Novel Innovation in Public Administration -ആയി നമ്മുടെ year of enterprises-ലെ ഈ പദ്ധതികൾ

തിരഞ്ഞെടുക്കുന്നതും 28-03-2025, 29-03-2025 എന്നീ തീയതികളിൽ 152-ൽപ്പരം രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന കോൺഫറൻസിൽ കേരളത്തിന്റെ ഈ അച്ചീവ്മെന്റ് അവതരിപ്പിക്കാൻ ക്ഷണിക്കപ്പെന്നതും. ഇത് ഞങ്ങളുടെ മാത്രമല്ല, നമ്മുടെ ആകെ നേട്ടമാണ്. പ്രതിപക്ഷനേതാവുൾപ്പെടെ നമ്മളെല്ലാവരുംകൂടി നടത്തിയ പ്രവർത്തനങ്ങളുടെകൂടി ഭാഗമാണിത്. പക്ഷെ ബഹുമാന്യനായ അംഗം വളരെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ പറഞ്ഞത് രേഖയിലുണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഇടപെട്ടത്. രണ്ടാമത്തെ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിൽ ഹൈവേ പ്രവൃത്തികൾ പൂർത്തീകരിക്കാറായപ്പോൾ ഒരു പുതിയ 'കനഗോലു' കാപ്സ്യൂൾ ഇറങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. ഇതിനകത്ത് ഇരട്ട ചങ്കൊന്നുമില്ല. മൻമോഹൻസിംഗിന്റെ ഒരു നിയമമാണ് ഈ ഹൈവേ പൂർത്തീകരണത്തിന് ഇടയാക്കിയതെന്നുള്ളതാണ്. ഇതിന്റെ ഭാഗമായുള്ള ശ്രീ. മണിശങ്കർ അയ്യർ ഉൾപ്പെടെ ഉൾപ്പെടുന്ന കമ്മിറ്റിയിൽ പ്രവർത്തിക്കാൻ അവസരം കിട്ടിയ ഒരാളാണ് ഞാൻ. ആ നിയമത്തിലെ സെക്ഷൻ 105-ൽ പറയുന്നത്, ‘ Subject to sub-section (3), the provisions of this Act shall not apply

to the enactments relating to land acquisition specified in the Fourth Schedule', എന്നാണ്. അതായത്, നാലാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ആക്റ്റുകൾക്കൊന്നും ഈ നിയമം ബാധകമല്ല എന്നാണ് പറയുന്നത്. ആ നാലാമത്തെ ഷെഡ്യൂളിലെ ഏഴാമത്തേതാണ്, The National Highway Act. മൻമോഹൻസിംഗിന്റെ ഭരണകാലത്ത് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമം ഹൈവേയ്ക്ക് ബാധകമായിരുന്നില്ല. പ്രസ്തുത കമ്മിറ്റി ഏകകണ്ഠമായി അതുകൂടി ഉൾപ്പെടുത്തണമെന്നും ഈ ഷെഡ്യൂൾ മാറ്റണമെന്നും സൂചിപ്പിച്ച് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും ആ റിപ്പോർട്ടിലെ ശിപാർശകൾ തള്ളിക്കളഞ്ഞുകൊണ്ടാണ് ശ്രീ. ജയറാം രമേശ് ഈ ബിൽ അവതരിപ്പിച്ചത്. ആ ബിൽ അവതരിപ്പിക്കുമ്പോൾ ഞാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അവിടെയുണ്ടായിരുന്നു. ഞാൻ ഇതുസംബന്ധിച്ച് പ്രസംഗിക്കുകയും ചെയ്തിരുന്നു. അതിനുശേഷം ശ്രീ. ഡി. രാജ ഉൾപ്പെടെയുള്ളവർ ഈ അമെന്റ്മെന്റ് പ്രസ്സ് ചെയ്തു. അതുമാത്രമല്ല, ഞങ്ങൾ അത് വോട്ടിനുമിടിയിച്ചു. അങ്ങനെ ഡിവിഷനുപോയി. അതിന്റെയെല്ലാം ഡോക്യുമെന്റ് കൈയിലുണ്ടെങ്കിലും ഞാൻ വായിക്കുന്നില്ല. ആ ഡിവിഷനകത്ത് 23 വോട്ട് മാത്രമെ ഞങ്ങൾക്ക് കിട്ടിയുള്ളൂ. എന്നാൽ അത്

ചരിത്രത്തിൽ രേഖയായി കിടക്കട്ടെ എന്നുള്ളതുകൊണ്ടാണ് അത് പ്രസ്സ് ചെയ്തത്. രാജ്യസഭ ഡിവിഷൻ വന്നു. അങ്ങനെ അത് ഉൾപ്പെടുത്തണമെന്ന ഞങ്ങളുടെ ആവശ്യം അംഗീകരിച്ചില്ല. പിന്നീട് അത് ഭേദഗതി ചെയ്ത കാലഘട്ടം ഇപ്പോൾ പറയുമ്പോൾ നമുക്ക് രണ്ടുകൂട്ടർക്കും അത്ര നല്ലതല്ലെന്നുള്ളതുകൊണ്ട് അതിലേക്ക് ഞാൻ പോകുന്നില്ല. നിലവിൽ ഹൈവേ പൂർത്തീകരിക്കാറായപ്പോൾ പുതിയൊരു കനഗോലു കാപ്സ്യൂളുള്ളത് ഫ്രീസറിൽതന്നെ തൽക്കാലം വച്ചാൽമതി, പുറത്തേയ്ക്കധികം എടുക്കേണ്ടതില്ല എന്നതുകൊണ്ടാണ് ഞാൻ ഈ ഭാഗം വിശദീകരിച്ചത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിശദമായ മറുപടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കും. സഭയെയും ഈ നാടിനെയും ആകെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള ഒരു പ്രസ്താവന നേരത്തെ ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നും കിഫ്ബിയെ സംബന്ധിച്ചുണ്ടായി. കിഫ്ബിക്കെതിരെ എന്തെല്ലാം പറയാമോ അതെല്ലാം നേരത്തെ മുതൽ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരാളാണ് അദ്ദേഹം. പക്ഷെ വല്ലാത്ത ഒരു അവതരണമാണ് കഴിഞ്ഞ ദിവസം നമ്മൾ കേട്ടത്. എന്താണ് പറ്റിയതെന്ന്

എല്ലാവരും ചോദിക്കുന്ന നിലതന്നെയുണ്ടായി. ഇന്നത്തെ നിലയിലുള്ള കിഫ്ബി എങ്ങനെ, ഏത് സാഹചര്യത്തിലാണ് രൂപപ്പെട്ടതെന്നത് ഹ്രസ്വമായി വിശദീകരിക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. ബഹുമാന്യനായ പ്രതിപക്ഷനേതാവിന് അറിയാത്തതുകൊണ്ടല്ല; എന്നാലും അദ്ദേഹവുംകൂടി അത് മനസ്സിലാക്കുന്നതിന് സഹായകരമാകുമെന്നാണ് തോന്നുന്നത്. കിഫ്ബി ഇന്നത്തെ നിലയിലേക്ക് പരിവർത്തിക്കപ്പെട്ട പശ്ചാത്തലവും ആ സംവിധാനം ചെയ്ത കാര്യങ്ങളും കൃത്യമായി മനസ്സിലാക്കിയിരുന്നെങ്കിൽ ഈ ആക്ഷേപങ്ങളൊന്നും ഇന്ന് സഭയിൽ ഉന്നയിക്കാൻ തയ്യാറാകുമായിരുന്നില്ല. അഥവാ ഇക്കാര്യങ്ങളെല്ലാം മനസ്സിലാക്കിയിട്ടുതന്നെയാണ് ആക്ഷേപം ഉന്നയിച്ചതെങ്കിൽ അതിനെ രാഷ്ട്രീയ പ്രേരിതം എന്നുമാത്രമേ പറയാൻ കഴിയൂ. രാഷ്ട്രീയ പ്രേരിതമായി പറയുന്ന കാര്യങ്ങൾക്ക് വസ്തുതകളുമായി ബന്ധമുണ്ടാകണമെന്നില്ലേ; അങ്ങനെ ഒരു പുതിയ രീതി വന്നുകൊണ്ടിരിക്കുന്നുണ്ട്. ആ ബന്ധമില്ലായ്മയാണ് പ്രതിപക്ഷ നേതാവിന്റെ വാദങ്ങളുടെ ദൗർബല്യത്തിന് അടിസ്ഥാനം. 1999-ലെ കിഫ്ബി ആക്ട് ഭേദഗതി ചെയ്യാനുണ്ടായ സാഹചര്യം എന്നുപറയുന്നത് സാമ്പത്തിക മരവിപ്പ്, വികസന മുരടിപ്പ്, അടിസ്ഥാന വികസന മേഖലയിലെ നിശ്ചലത,

സാമ്പത്തിക വളർച്ചയിലെ മാന്ദ്യം, ബജറ്റിന് പുറമെയുള്ള വിഭവസമാഹരണം എന്നിവയാണ്. ഇതൊക്കെ അസാധ്യമായ നിലയായിരുന്നു. ഈ രംഗങ്ങളിലൊന്നും കിഫ്ബിക്ക് ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയായിരുന്നു അന്ന്. 2016 വരെ കിഫ്ബിയെ കുറിച്ച് ആരും വലിയതോതിൽ കേട്ടിട്ടില്ലാത്ത സ്ഥിതിയായിരുന്നു. ഈ മരവിപ്പിനെ മുറിച്ചുകടക്കാനും ബജറ്റിന്റെ പരിമിതിക്കപ്പുറത്ത് വിഭവ സമാഹരണവും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിനിയോഗവും ഉറപ്പാക്കാൻ അടിയന്തരമായി ചിലത് ചെയ്തേ മതിയാകൂ എന്ന നിലവന്നു. ആ യാഥാർഥ്യം മനസ്സിലാക്കി ഭാവനാപൂർണ്ണവും പ്രായോഗികവുമായി എൽ.ഡി.എഫ്. സർക്കാർ നടത്തിയ ഇടപെടലായിരുന്നു 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമം ഭേദഗതി ചെയ്തത്. അങ്ങനെയാണ് കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. എല്ലാവർക്കുമറിയാവുന്നതാണ് 5 വർഷം കൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അതുവഴി ഉദ്ദേശിച്ചത്. അത് പ്രതീക്ഷകളെയും ലക്ഷ്യങ്ങളെയും കടന്ന് കഴിഞ്ഞ എട്ടര വർഷംകൊണ്ട് 87,521 കോടി 36 ലക്ഷം രൂപയുടെ 1147 പദ്ധതികളുടെ

വിജയകരമായ നിർവഹണത്തിലേയ്ക്ക് ഉയർന്നിരിക്കുകയാണ്. ഇതൊക്കെ അറിയപ്പെടുന്ന വസ്തുതകളാണ്. ഇത് കേരളത്തിൽ ഒന്നും ശരിയാകില്ലെന്ന് വാദിച്ചവരെയും വിഭവങ്ങളുടെ അഭാവത്തിൽ ആകെ മുരടിക്കുന്ന അവസ്ഥയിൽ കേരളം അടിഞ്ഞുകിടന്നുകൊള്ളുമെന്ന് പ്രതീക്ഷിച്ചിരുന്നവരെയും ഒട്ടൊന്നുമല്ല പരിഭ്രമിപ്പിച്ചത്. വഴിയില്ലാത്തിടത്ത് വഴി വെട്ടുകയായിരുന്നു. മരവിപ്പിനെ മുറിച്ച് കടക്കുകയായിരുന്നു. അതാണ് എൽ.ഡി.എഫ് സർക്കാർ ചെയ്തത്. ഇരുപത്തിയഞ്ചോ അമ്പതോ വർഷം കാത്തിരുന്നാൽ മാത്രം ഒരുപക്ഷെ നടന്നേയ്ക്കാവുന്ന കാര്യങ്ങൾ, അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങൾ എന്നിവ ഒട്ടും കാത്തിരിക്കാതെ ഇപ്പോൾതന്നെ ചെയ്യുകയാണ്. അതും ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് വിദൂര ഭാവിയിലേത് സമീപ ഭാവിയിലേയ്ക്ക് അടുപ്പിക്കുകയാണ്. ഭാവി പദ്ധതികളെ വർത്തമാനകാലത്ത് നടപ്പാക്കുക; ഇതാണുണ്ടാകുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ടും കിഫ്ബി തനതായി വിഭവ സമാഹരണം നടത്തിക്കൊണ്ടും പശ്ചാത്തല സൗകര്യ വികസനം ഉടനടി സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് നമ്മൾ

കൈവരിച്ചത്. കിഫ്ബിയെ പുനരുജ്ജീവിപ്പിച്ചതിലൂടെ പ്ലാൻ ഫണ്ടിന് പുറമെയുള്ള അധിക വിഭവ സമാഹരണവും അതിലൂന്നിയുള്ള വികസന പ്രവർത്തനങ്ങളുമാണ് സംസ്ഥാനത്ത് നടന്നത്. കിഫ്ബിയുടെ പണം എന്നത് നിങ്ങളുടെ ആരുടെയും തറവാട്ട് സ്വത്ത് വിറ്റ് ബാങ്കിലിട്ടിരിക്കുന്ന പണമല്ല എന്നതായിരുന്നു കിഫ്ബിയുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു കാര്യം. തറവാട്, സ്വത്ത് എന്നൊക്കെയുള്ള രീതിയിൽ അദ്ദേഹം ഇപ്പോഴും കാര്യങ്ങളെ അങ്ങേയറ്റം യാഥാസ്ഥിതികമായി കാണുന്നുവെന്നാണ് ഈ വാചകങ്ങൾ വെളിപ്പെടുത്തുന്നത്. എന്നാൽ KIIFB എന്നത് സംസ്ഥാന ചരിത്രത്തിലെ നൂതനവും ധീരവുമായ കാൽവയ്പാണ്, വികസനത്തിന്റെ ബദൽ മാതൃകയാണ്. അതിന്റെ നേട്ടങ്ങൾ അദ്ദേഹത്തെ ചൊടിപ്പിക്കുന്നതിൽ അസ്വാഭാവികതയൊന്നുമില്ല, യാഥാസ്ഥിതിക കാഴ്ചപ്പാടുകളുമായി നിൽക്കുന്ന അദ്ദേഹത്തിന് ഇക്കാര്യം ഉൾക്കൊള്ളാൻ കഴിയാതെപോകുന്നതിൽ അദ്ഭുതവുമില്ല. പ്ലാൻ ഫണ്ടിൽ കുറവ് വരുത്തുന്നുവെന്നാണ് പ്രതിപക്ഷനേതാവിന്റെ മറ്റൊരാക്ഷേപം. ഈ സന്ദർഭത്തിൽ കുറച്ച് പഴയ കണക്കുകൾകൂടി നോക്കാം. ബജറ്റ് രേഖകൾ പരിശോധിച്ചാൽ

മനസ്സിലാകുന്ന ഒരു കാര്യമുണ്ട്, ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന മൂന്ന് വർഷത്തെ ആകെ മൂലധനച്ചെലവ് 16049 കോടി രൂപ ആയിരുന്നെങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തെ KIIFB-യിലൂടെ മാത്രമുള്ള മൂലധനച്ചെലവ് ഇതിൽക്കൂടുതലാണ്. 17857 കോടി രൂപയാണ് ബജറ്റിനുപുറമേ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വികസനപ്രവർത്തനങ്ങൾക്കായി KIIFB-യിലൂടെമാത്രം ചെലവാക്കിയത്. ഇപ്പോഴത്തെ എൽ.ഡി.എഫ് സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ മൂലധനച്ചെലവുമാത്രം കണക്കാക്കിയാൽ അത് 41773 കോടി രൂപയാണ്. വാസ്തവത്തിൽ ഈ തുക ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തേക്കാൾ 2.6 മടങ്ങ് കൂടുതലാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ സംസ്ഥാന സർക്കാരിന്റെയും KIIFB-യുടെയും മൂലധനച്ചലവ് ഒരുമിച്ച് കണക്കാക്കിയാൽ 59630 കോടി രൂപയാണ്. അതായത് ഉമ്മൻചാണ്ടി ചാണ്ടി സർക്കാരിന്റെ കാലത്തേക്കാൾ 3.72 മടങ്ങ് കൂടുതലാണ്. ഇത്തരരത്തിൽ സർക്കാരിന്റെ നേരിട്ടുള്ള മൂലധനച്ചെലവ് ബജറ്റിലൂടെ ഉയർത്തുന്നതിനുപുറമെ KIIFB-യിലൂടെയും കണ്ടെത്തുക എന്ന മാർഗ്ഗമാണ് സർക്കാർ സ്വീകരിച്ചത്. പ്ലാൻ ഫണ്ടിൽ ഗവൺമെന്റ് കുറവ് വരുത്തുന്നുവെന്ന തരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടിസ്ഥാനരഹിതമായ

ആരോപണമുയർത്തിയത് ഇതേക്കുറിച്ച് കൃത്യമായ ധാരണയില്ലാതെയാണ്. KIIFB-യുടെ മസാലാ ബോണ്ടും AFD മുഖേന കൊച്ചി മെട്രോ സമാഹരിച്ച വായ്പയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കൃത്യമായി മനസ്സിലായിട്ടില്ലെന്നാണ് തോന്നുന്നത്. ഈ വിഷയം സഭയിൽ നിരവധി തവണ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും വിശദമായ വിവരങ്ങൾ സഭയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നിട്ടും മനസ്സിലായില്ലെങ്കിൽ വീണ്ടും അതുമായി ബന്ധപ്പെട്ട വിശദീകരണമാവാം. കൊച്ചി മെട്രോയ്ക്കുവേണ്ടി ഫ്രഞ്ച് കമ്പനിയായ AFD-ൽനിന്നും എടുത്ത വായ്പയെ കിഫ്ബിയുടെ മസാലാ ബോണ്ടുമായി താരതമ്യംചെയ്യാൻ കഴിയില്ല. അഥവാ അതിന് ശ്രമിക്കുന്നെങ്കിൽ അതിനുമുമ്പ് യു.എസ്. ഡോളറിലോ, 'യൂറോ'യിലോ ഉള്ള വായ്പയെ ഇന്ത്യൻ കറൻസി അടിസ്ഥാനമാക്കിയുള്ള മസാലാ ബോണ്ടിലേക്ക് പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. ആ സമയത്ത് കിട്ടാവുന്ന ഏറ്റവും കുറഞ്ഞ നിരക്കിലാണ് കിഫ്ബിക്ക് വിദേശ ധനകാര്യ വിപണിയിൽനിന്നും പണം ലഭിച്ചതെന്ന് ഇക്കാര്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. കിഫ്ബിയുടെ ബോണ്ടിന് ഫോറിൻ എക്സ്ചേഞ്ച് റിസ്ക് ഒന്നുംതന്നെയില്ല. എന്നാൽ കൊച്ചി

മെട്രോയുടെ AFD വായ്പയിൽ ഫോറിൻ എക്സ്ചേഞ്ച് റിസ്കുണ്ട്, കരാർ പ്രകാരം ഈ തുക കേരള സർക്കാർ വഹിക്കേണ്ടതുമാണ്. മറ്റൊരു ആക്ഷേപം കിഫ്ബിയിലെ സി&എ.ജി. ഓഡിറ്റ് സംബന്ധിച്ചുള്ളതാണ്. സി&എ.ജി. ഓഡിറ്റുമായി ബന്ധപ്പെട്ട് നൂറ്റൊന്ന് ആവർത്തിച്ച ഇല്ലാക്കഥയാണ് ഇത്തവണയും പ്രതിപക്ഷനേതാവിന്റെ നാവിൽനിന്നും വന്നത്. കിഫ്ബിയിൽ സി&എ.ജി. ഓഡിറ്റ് നടക്കുന്നില്ല, നടത്താൻ അനുവദിക്കുന്നില്ല എന്നൊക്കെയാണ് ആക്ഷേപം, ഇത് തികച്ചും വസ്തുതാവിരുദ്ധമാണ്. കിഫ്ബിയിൽ സി&എ.ജി.-യുടെ ഓഡിറ്റ് എന്ന വിഷയം ഈ സഭയിൽ നിരവധി തവണ ചർച്ചചെയ്യപ്പെട്ടതാണ്. കിഫ്ബിയിൽ സി&എ.ജി. ഓഡിറ്റിന് യാതൊരു തടസ്സവുമില്ല എന്നുള്ള സത്യം ആക്ഷേപങ്ങളുടെ പശ്ചാത്തലത്തിൽ വീണ്ടും ആവർത്തിക്കുകയാണ്. ഇന്ത്യൻ ഭരണഘടന അനുസരിച്ചുള്ള പരമോന്നത ഓഡിറ്റിംഗ് സ്ഥാപനമെന്ന നിലയിൽ സി&എ.ജിക്ക് കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ഡി.പി.സി ആക്ട് സെക്ഷൻ 14 (CAG's (Duties Powers and Conditions of Service) Act, 1971 ) നൽകുന്നുണ്ട്. സത്യം ഇതാണെന്നിരിക്കെ സി&എ.ജി.-യെ സർക്കാർ പ്രത്യേകം

ചുമതലപ്പെടുത്തേണ്ട കാര്യമില്ല. എന്നിരുന്നാലും അനാവശ്യ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ കിഫ്ബിയിൽ പൂർണ്ണമായ സി&എ.ജി. ഓഡിറ്റിംഗിന് സർക്കാർ രേഖാമൂലം അനുമതി നൽകിയിട്ടുണ്ടെന്നത് മറ്റൊരു കാര്യമാണ്. ആക്ട് പ്രകാരം നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റുകൾക്ക് ഒപ്പം സി&എ.ജി.-യുടെ ഓഡിറ്റും കിഫ്ബി-ൽ നടക്കുന്നുണ്ട്. സി&എ.ജി.ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, റിസ്ക് ബേസ്ഡ് ഇന്റേണൽ ഓഡിറ്റ്, കൺകറന്റ് ഓഡിറ്റ് എന്നീ ഓഡിറ്റുകളൊക്കെ കിഫ്ബിയിൽ നടക്കുന്നുണ്ട്. എന്നാൽ, പ്രതിപക്ഷനേതാവ് ഇക്കാര്യങ്ങളൊന്നും അറിയുന്നില്ലെന്നാണ് തോന്നുന്നത്. 2023-24 സാമ്പത്തിക വർഷംവരെയുള്ള കിഫ്ബി.യുടെ എല്ലാ വരവുചെലവ് കണക്കുകളും പദ്ധതികൾ സംബന്ധിച്ച രേഖകളും സി&എ.ജി ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ട്. 2020-21 മുതൽ 2023-24 വരെയുള്ള കഴിഞ്ഞ നാലുവർഷത്തെ സി&എ.ജി ഓഡിറ്റ് 2024 ഒക്ടോബർ 21 മുതൽ ഡിസംബർ 12 വരെ കിഫ്ബിയിൽ നടന്നു. 53 ദിവസത്തോളം കിഫ്ബിയിൽ സി&എ.ജി സംഘം പരിശോധന നടത്തിയിരുന്നു. അവർ ഉന്നയിച്ച എല്ലാ സംശയങ്ങൾക്കും നിരീക്ഷണങ്ങൾക്കും കിഫ്ബി മറുപടിയും

നൽകിയിട്ടുണ്ട്. സി&എ.ജി ഓഡിറ്റ് റിപ്പോർട്ടുകൾ അസംബ്ലിയിൽ വയ്ക്കുന്നില്ലെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമായ ഒന്നാണ്. 22-01-2021-ൽ നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കപ്പെട്ട കിഫ്ബിയെക്കുറിച്ചുള്ള സി&എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ തെറ്റായ പരാമർശങ്ങൾ ഉൾക്കൊണ്ടുവെന്ന് കണ്ടെത്തിയതിനാൽ നിയമസഭ അതിനെ ഐകകണ്ഠ്യേന നിരാകരിച്ചുവെന്നതുതന്നെ അക്കാര്യം അസംബ്ലിയുടെ പരിഗണനയ്ക്ക് വന്നുവെന്നതിന്റെ തെളിവാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യങ്ങളൊന്നും അറിയുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടത്? ഇതിനുപുറമെ കിഫ്ബിയുടെ സാമ്പത്തിക വിശ്വാസ്യതയെ സംബന്ധിച്ച ഫിഡിലിറ്റി സർട്ടിഫിക്കറ്റുകൾ എല്ലാംതന്നെ സംസ്ഥാന ബജറ്റ് രേഖയോടൊപ്പം എല്ലായ്പോഴും നിയമസഭയ്ക്ക് സമർപ്പിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതെല്ലാം പരിശോധിക്കാൻ സമയം കണ്ടെത്തണമെന്നാണ് പറയാനുള്ളത്. പദ്ധതി നിർവഹണത്തിന്റെ ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യാത്ത കിഫ്ബി, ഒരു പദ്ധതിയുടെ അംഗീകാരത്തിനുമുമ്പും അതിനുശേഷവും പദ്ധതിയുടെ നിർവ്വഹണ സമയത്തും അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ

ശ്രദ്ധചെലുത്തുന്നുണ്ട്. പദ്ധതിയുടെ ഡി.പി.ആർ., സാങ്കേതികാവലോകനം, ഡിസൈൻ, എസ്റ്റിമേറ്റുകളുടെ പരിശോധന, പദ്ധതി അവലോകന സമയത്തെ സ്ഥലപരിശോധന, പദ്ധതി നിർവഹണ സമയത്തെ സാങ്കേതിക ഗുണനിലവാര പരിശോധന എന്നിവയുടെ കാര്യത്തിൽ കിഫ്ബി കൃത്യത പാലിച്ചുപോരുന്നുണ്ട്. കിഫ്ബിക്ക് കാര്യക്ഷമമായ പ്രവർത്തനം ആരംഭിച്ചശേഷം നിരവധി പ്രതിസന്ധികൾ നേരിടേണ്ടിവന്നിട്ടുണ്ട്. 2018-ലും അതിനുശേഷവും ഉണ്ടായിട്ടുള്ള പ്രളയം, ലോകത്തെ മുഴുവൻ നിശ്ചലമാക്കിയ 2020-ലെ കോവിഡ് മഹാമാരി എന്നിവയെല്ലാം കാരണം എല്ലാ മേഖലകളും സ്തംഭിപ്പിക്കപ്പെട്ടത് കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് ഒരു പരിധിവരെ വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. 2018 ഓഗസ്റ്റ് മാസത്തിനുമുമ്പ് അംഗീകാരം നൽകിയതും നടപ്പിലാക്കിക്കൊണ്ടിരുന്നതുമായ ചില പദ്ധതികൾ, 2018-ലും അതിനുശേഷവുമുണ്ടായ പ്രളയംമൂലം തടസ്സപ്പെട്ടു. പ്രളയത്തിനുശേഷം പല പദ്ധതികളുടെയും സ്കോപ്പ്, ഡിസൈൻ എന്നിവയിൽ പൂർണ്ണമായോ ഭാഗികമായോ മാറ്റംവരികയും അതുമൂലം എസ്റ്റിമേറ്റ് ഉയർന്നതോതിൽ പരിഷ്കരിക്കേണ്ടിവരികയും ചെയ്തു. ഇവ പിന്നീട്

കിഫ്ബിയുടെ പുനരവലോകനത്തിനും പരിഷ്കരിച്ച ധനാനുമതിക്കുമായി സമർപ്പിക്കുകയായിരുന്നു. അവയിൽ ചില പദ്ധതികൾക്കായി നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലം പ്രളയംമൂലം മാറ്റേണ്ടി വന്നിട്ടുണ്ട്. അവയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി ഡി.പി.ആർ. പരിഷ്കരിച്ച് തുടക്കം മുതലുള്ള അവലോകന പ്രക്രിയകൾ വീണ്ടും നടത്തി അംഗീകാരം നൽകേണ്ടി വന്നിട്ടുമുണ്ട്. ആ കാലയളവിൽ നിർവഹണ ഏജൻസികൾ തയ്യാറാക്കിയിരുന്നതും എന്നാൽ കിഫ്ബിയിൽ സമർപ്പിക്കപ്പെടാതിരുന്നതുമായ പല പദ്ധതി റിപ്പോർട്ടുകളും ഇത്തരത്തിൽ പരിഷ്കരിക്കേണ്ടി വന്നിട്ടുമുണ്ട്. 2020-ലെ കോവിഡ് മഹാമാരിയും അതിനോടനുബന്ധിച്ച ലോക്ക് ഡൗണുകളും കിഫ്ബി പദ്ധതികളുടെ നിർവഹണത്തെ സ്തംഭിപ്പിച്ചിരുന്നു. കോവിഡുമൂലം നിർമ്മാണവസ്തുക്കളുടെയും മാനവ വിഭവശേഷിയുടെയും ക്ഷാമമുണ്ടായി. അത് നിർമ്മാണ മേഖലയിൽ സ്തംഭനമുണ്ടാക്കുകയും പദ്ധതി നിർവഹണത്തിന് കാലതാമസമുണ്ടാക്കുകയും ചെയ്തു. ഇത് പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ തുകയിൽ വൻ വർധനവ് വരുത്തി. കോവിഡ് ഘട്ടത്തിലുണ്ടായ പദ്ധതികളുടെ മെല്ലെപോക്ക് നേരെയാകാൻ പിന്നെയും മാസങ്ങളെടുത്തു. പദ്ധതികൾ

ടെൻഡർ ചെയ്യുമ്പോൾ സാങ്കേതികതയിലും അനുഭവസമ്പത്തിലും വേണ്ടത്ര അവഗാഹമുള്ള കരാറുകാരുടെ ലഭ്യതക്കുറവ് കാലതാമസത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. കിഫ്ബി നിഷ്കർഷിക്കുന്ന ഗുണമേന്മയും സമയക്രമവും പാലിച്ച് പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഏജൻസികൾക്കും കരാറുകാർക്കും വേണ്ടപോലെ സാധിക്കാതെ വരുന്നുമുണ്ട്. അത്തരം സാഹചര്യങ്ങളിൽ തുടർപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ കാലതാമസം നേരിടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിനെയും കിഫ്ബിയെയും താരതമ്യപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കിഫ്ബി പദ്ധതികൾക്ക് വേഗം കുറവാണെന്ന് പരാമർശിക്കുകയുണ്ടായി. വർധിച്ചുവരുന്ന വാഹന സാന്ദ്രത കണക്കിലെടുത്ത് റോഡുകൾ നിലവിലുള്ള വീതിയിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുപകരം അധികമായി ഭൂമി ഏറ്റെടുത്ത് വീതി കൂട്ടിയും വളവുകൾ നിവർത്തിയും ഡിസൈൻ റോഡുകളായാണ് ഭൂരിഭാഗം കിഫ്ബി റോഡുകളും നിർമ്മിക്കുന്നത്. ഭൂമിയേറ്റെടുക്കൽ ഉൾപ്പെടുന്നതുകൊണ്ട് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവികമായ കാലതാമസം പ്രവർത്തികളുടെ

പൂർത്തീകരണത്തിൽ പ്രകടമാണ്. ഭൂമിയേറ്റെടുക്കൽ നടപടികളുടെ പൂർത്തീകരണത്തിൽ സാധാരണഗതിയിൽ ശരാശരി രണ്ടുമൂന്നുവർഷം സമയമെടുക്കുമെങ്കിലും ഭൂവുടമകളുടെ ഭാഗത്തുനിന്നുള്ള പ്രതിഷേധം കോടതി വ്യവഹാരങ്ങളിലേയ്ക്കുൾപ്പെടെ നയിക്കുന്ന പ്രാദേശികമായ എതിർപ്പുകൾ ഇത്തരം കാരണങ്ങളാൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ അനിയന്ത്രിതമായ കാലതാമസത്തിന് കാരണമാകുന്നുണ്ട്. വനം വകുപ്പിന്റെ അനുമതി, പാരിസ്ഥിതിക അനുമതി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി, വെറ്റ് ലാന്റ് ക്ലിയറൻസ്, നാവിഗേഷൻ ക്ലിയറൻസ് മുതലായവ ലഭ്യമാക്കുന്നതിലുള്ള സ്വാഭാവികമായ കാലതാമസ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനെ ബാധിക്കുന്നുമുണ്ട്. ഈ അനുമതികളുടെ ഭാഗമായി ചില പദ്ധതികളിൽ ഡിസൈൻ മാറ്റങ്ങൾ അനിവാര്യമായിവരുന്നു. ഇതുമൂലം എസ്റ്റിമേറ്റ്, ഡ്രോയിംഗ് പുതുക്കേണ്ടി വരുന്നതും പ്രവൃത്തികൾ ആരംഭിക്കുന്നതിലുള്ള കാലതാമസത്തിന് കാരണമാകാറുണ്ട്. മലയോര ഹൈവേയ്ക്കാവശ്യമായ വനം വകുപ്പിന്റെ അനുമതി തീരദേശ ഹൈവേയ്ക്കുവേണ്ട തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളുമാണ്. റോഡുകൾ വീതി കൂട്ടി

നിർമ്മിക്കേണ്ടതിനാലും ഭാവിയിൽ പൈപ്പ് ലൈനുകൾക്കുണ്ടാകുന്ന കേടുപാടുകൾമൂലം പ്രവൃത്തി നിർവഹിച്ച റോഡുകൾ വെട്ടിപ്പൊളിക്കേണ്ട സാഹചര്യം ഒഴിവാക്കേണ്ടതിനാലും നിലവിലുള്ള കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ജലനിധി, ബി.എസ്.എൻ.എൽ. മുതലായ യൂട്ടിലിറ്റികൾ ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരിലേയ്ക്ക് മാറ്റി സ്ഥാപിച്ചതിനുശേഷമാണ് ഭൂരിഭാഗം കിഫ്ബി പ്രവൃത്തികളും ആരംഭിക്കുന്നത്. കാലഹരണപ്പെട്ട യൂട്ടിലിറ്റി ലൈനുകൾക്കുപകരം സാങ്കേതിക മികവോടുകൂടിയതും കാര്യക്ഷമതയേറിയതുമായ യൂട്ടിലിറ്റി ലൈനുകൾ പുനഃസ്ഥാപിക്കപ്പെടുമെങ്കിലും ഇത്തരം പ്രവർത്തികളിലുണ്ടാകുന്ന കാലതാമസം നിർമ്മാണപ്രക്രിയയുടെ സമയക്രമത്തെ ബാധിക്കുന്നുണ്ട്. ഇത്തരത്തിൽ ഗുണമേന്മയുടെ സുസ്ഥിരമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ നേരിടേണ്ടി വരുന്ന സ്വാഭാവികമായ സമയദൈർഘ്യത്തെയാണ് കാലതാമസമെന്നും പദ്ധതികളുടെ ഇഴഞ്ഞുപോക്കെന്നും ഇവിടെ വിമർശിച്ചത്. റെയിൽവേ മേൽപ്പാലങ്ങളുടെ കാര്യം, GAD (General Arrangement Drawings) അംഗീകാരം ലഭിക്കാനുണ്ടാകുന്ന കാലതാമസമാണ് പ്രധാനമായും റെയിൽ

ഓവർബ്രിഡ്ജ് പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമാകുന്നത്. GAD-ക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. മേൽപ്പാലത്തിന്റെ റെയിൽവേ ലൈൻ കടന്നുപോകുന്ന ഭാഗത്തുള്ള സ്പാനുകളുടെ നിർമ്മാണം റെയിൽവേ നേരിട്ടോ അനുബന്ധ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലോ ആയതിനാൽ ഇത്തരം പ്രവൃത്തികളിൽ റെയിൽവേയുടെ ഭാഗത്തുനിന്നും കാലതാമസമുണ്ടാകുന്നുണ്ട്. ഇതും പദ്ധതികളുടെ മൊത്തം പുരോഗതിയെ ബാധിക്കുന്നുണ്ട്. കൂടാതെ, റെയിൽവേയുടെ പാത ഇരട്ടിപ്പിക്കൽ സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വംമൂലം റെയിൽവേ, റോഡ് മേൽപ്പാലങ്ങളുടെ ഡിസൈൻ അന്തിമമാക്കുന്നതിന് സാധിക്കാതെ വരുന്ന സാഹചര്യവുമുണ്ട്.

ജലവിഭവ വകുപ്പിന്റെ കീഴിൽ വരുന്ന ജല ശുദ്ധീകരണ പ്ലാന്റുകൾ നിർമ്മിക്കാൻ കഴിയുന്ന വൈദഗ്ധ്യം നേടിയ കരാറുകാർ വളരെക്കുറവാണ്. അതുകൊണ്ടുതന്നെ ടെൻഡർ നടപടികളിൽ ഉയർന്ന നിരക്കുകൾ കരാറുകാർ ആവശ്യപ്പെടുന്നു. ഇത് ഉയർന്ന ടെൻഡർ തുക അംഗീകരിക്കുന്നതിനുള്ള സർക്കാർ അനുമതി അനിവാര്യമാക്കുന്നു. ഇതും പദ്ധതികൾ

പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വരുന്ന സാഹചര്യം സൃഷ്ടിക്കുന്നു. കിഫ്ബി വഴി സംസ്ഥാന സർക്കാർ കഴിഞ്ഞ എട്ടര വർഷമായി കേരളത്തിൽ കൊണ്ടുവന്നത് സമാനതകളില്ലാത്ത വികസനമാണ്. ചെല്ലാനത്തെ ജനങ്ങൾ വർഷങ്ങളായി അനുഭവിച്ചുവരുന്ന ദുരിതത്തിന് അറുതിവരുത്താൻ കഴിഞ്ഞത് കിഫ്ബി പദ്ധതിയിലൂടെയാണ്. 336 കോടി രൂപ വിനിയോഗിച്ച് ചെല്ലാനം തീരസംരക്ഷണത്തിന്റെ ഭാഗമായി കിഫ്ബി നടപ്പാക്കിയ കടൽഭിത്തി പുനർനിർമ്മാണവും പുലിമുട്ട് നിർമ്മാണവും തീരശോഷണത്താൽ ദുരിതമനുഭവിക്കുന്നവർക്ക് വളരെ ആശ്വാസകരമായി എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. കേന്ദ്ര സർക്കാർ കൈയൊഴിഞ്ഞതിനെത്തുടർന്ന് അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനരുജ്ജീവിപ്പിക്കാൻവേണ്ട സ്ഥലമെടുപ്പിന് 200 കോടി 60 ലക്ഷം രൂപയാണ് കിഫ്ബി നൽകിയത്. അസ്തമിച്ചെന്ന് കരുതിയ വ്യവസായ സ്ഥാപനത്തെ വലിയ സ്വപ്നങ്ങളോടെ കുതിച്ചുയർത്താൻ ഇത് സഹായിച്ചു.

കോവിഡ് പോലെയുള്ള മഹാമാരികളും മറ്റ് പകർച്ചവ്യാധികളും

നേരിടുന്നതിന് ആരോഗ്യമേഖലയെ കൂടുതൽ സജ്ജമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ 140 നിയമസഭാ മണ്ഡലങ്ങളിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ നിശ്ചയിച്ചു. ഇതിനോടകം 90 ഐസൊലേഷൻ വാർഡുകൾക്ക് കിഫ്ബി അംഗീകാരം നൽകാനും 50 എണ്ണം പൂർത്തീകരിക്കാനുമായി. 236 കോടി 30 ലക്ഷം രൂപയുടെ ധനാനുമതിയാണ് ഐസൊലേഷൻ വാർഡ് പദ്ധതിക്കായി കിഫ്ബി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ ഐ.ടി. മേഖലയിലും കിഫ്ബി ധനസഹായം നൽകുന്നുണ്ട്. 1652 കോടി രൂപയാണ് ഈ മേഖലയിൽ കിഫ്ബി നൽകിയിട്ടുള്ള ഫണ്ട്. ടെക്നോസിറ്റിയിൽ രണ്ട് ലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടം പൂർത്തീകരിച്ചു. പുത്തൻ സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും പ്രയോജനകരമാകുന്ന കൊച്ചി ഇന്നൊവേഷൻ സോൺ കെട്ടിടം പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലുമാണ്.

ഇന്റർനെറ്റ് ലഭ്യത ഇന്നൊരു ആഡംബരമല്ല. മറിച്ച് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതുകൊണ്ടാണ് ഇന്റർനെറ്റ് ആക്സസ് പൗരാവകാശമായി കേരളം പ്രഖ്യാപിച്ചത്. Kerala Fiber Optic Network

(കെ-ഫോൺ) വഴി സംസ്ഥാനത്തെ എല്ലാ വീടുകളിലും ഓഫീസുകളിലും അതിവേഗ ഇന്റർനെറ്റ് ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഡിജിറ്റൽ കണക്ടിവിറ്റിയെക്കുറിച്ചുള്ള സങ്കൽപ്പത്തെതന്നെ കേരളം തിരുത്തി എഴുതുകയാണ്. വെറും പത്ത് മാസത്തിനുള്ളിൽ എഴുപതിനായിരത്തോളം കണക്ഷനുകൾ സ്ഥാപിച്ചുകൊണ്ട് കെ-ഫോൺ വിജയകരമായി മുന്നേറുന്നു. കെ-ഫോൺ കണക്ടിവിറ്റി ഇരുപത്തി മൂവായിരത്തിലധികം സർക്കാർ ഓഫീസുകളിൽ ലഭ്യമാക്കുകയും സുപ്രധാന പൊതുസേവനങ്ങൾ ഓരോ പൗരനും ഒരു ക്ലിക്ക് മാത്രം അകലെയാണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

കോട്ടൂർ, അട്ടപ്പാടി പോലെയുള്ള വിദൂര ആദിവാസി മേഖലകളിൽ ഡിജിറ്റൽ വിഭജനം നിലനിന്നിരുന്ന വൈഫൈ ആക്സസ് പോയിന്റുകളും ഫൈബർ ഓപ്റ്റിക് കേബിളുകളും ഇൻസ്റ്റാൾ ചെയ്തു. മുമ്പ് ലഭ്യമല്ലാത്ത ഓൺലൈൻ വിദ്യാഭ്യാസം, സർക്കാർ സേവനങ്ങൾ, ആരോഗ്യ സംരക്ഷണം, സാമ്പത്തിക അവസരങ്ങൾ എന്നിവ പാർശ്വവത്കൃത സമൂഹങ്ങൾക്ക് ലഭ്യമാക്കിയും ഈ വിഭജനത്തെ നാം മറികടക്കുകയാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ KITE (Kerala Infrastructure and Technology for Education)-ന്റെ നേതൃത്വത്തിൽ കിഫ്ബി ഫണ്ട്

പ്രയോജനപ്പെടുത്തി നടപ്പാക്കിയ ഹൈടെക് ക്ലാസ് മുറി, ഹൈടെക് ലാബ് പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമെന്ന നേട്ടം 2020 ഒക്ടോബർ മാസം കൈവരിച്ചു. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള 16027 സ്കൂളുകളിൽ 374274 ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തു. 4752 സെക്കൻഡറി/ ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കി. 11275 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. സ്കൂൾ കെട്ടിടങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവും ക്ലാസ് റൂമുകളുടെയും ലാബുകളുടെയും ഡിജിറ്റലൈസേഷനമൊക്കെ രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനാകാത്ത വിധം മെച്ചപ്പെടുത്താൻ നമുക്കായി. ഇത് 2025-26-ലെ കേന്ദ്ര ബജറ്റിൽ പുതിയൊരു പദ്ധതിയായി അവതരിപ്പിക്കുന്നതേയുള്ളൂ എന്നത് സംസ്ഥാനത്തിന്റെ ദീർഘവീക്ഷണത്തെ അടയാളപ്പെടുത്തുന്നതുമാണ്. എസ്.സി./എസ്.റ്റി. വിഭാഗത്തിന് കിഫ്ബി പണം അനുവദിക്കുന്നില്ലെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കിഫ്ബി പദ്ധതികൾ കേരളത്തിലെ എല്ലാ ജനവിഭാഗത്തിന്റെയും ക്ഷേമം മുൻനിർത്തിയുള്ളതാണ്. പട്ടികജാതി പട്ടികവർഗ വികസന

വകുപ്പിനുകീഴിൽ കിഫ്ബി 152.23 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് അനുമതി നൽകി. അതിൽ 80 കോടി രൂപ ഇതുവരെ ചെലവഴിച്ചു, 55 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇത് അടിസ്ഥാനസൗകര്യ വികസനത്തിനുമാത്രം അനുവദിച്ചിട്ടുള്ളതാണ്. ഇതിനുപുറമെയാണ് സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തുന്നത്. അതിനാൽ കിഫ്ബി ഫണ്ടും പ്ലാൻ ഫണ്ടും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്. പിൻവാതിൽ നിയമനം എന്നതാണ് മറ്റൊരു ആരോപണം. കിഫ്ബിയിൽ സർവീസിൽനിന്നും വിരമിച്ച 14 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കിഫ്ബിയിൽ ആകെ 180 ജീവനക്കാരാണുള്ളത്. അതായത്, കിഫ്ബിയിൽ വിരമിച്ച ജീവനക്കാർ 7% മാത്രമാണ് ജോലി ചെയ്യുന്നത്. കിൻഫ്ര അമ്പലമുകളിൽ സ്ഥാപിക്കുന്ന നിർദിഷ്ട പെട്രോ കെമിക്കൽ പാർക്കിന്റെ സ്ഥലമേറ്റെടുപ്പിനായി കിഫ്ബി 977.46 കോടി രൂപ നൽകിയിട്ടുണ്ട്. അതിൽനിന്നും റവന്യൂ ആയി ഇതിനോടകം 540.22 കോടി രൂപ കിഫ്ബിക്ക് തിരികെ ലഭിച്ചിട്ടുമുണ്ട്. 2016-ലെ കിഫ്ബി ഭേദഗതി പ്രകാരം പെട്രോളിയം ഇന്ധനങ്ങൾക്കുമേലുള്ള ഒരു ശതമാനം

സെസ്സും പത്ത് ശതമാനം വീതം വാർഷിക വർധന വരുത്തി അഞ്ചാംവർഷം മുതൽ ഏർപ്പെടുത്തുന്ന അമ്പത് ശതമാനം മോട്ടോർ വാഹന നികുതിയുമാണ് കിഫ്ബിയുടെ വരുമാന സ്രോതസ്സ്. ഈ സ്രോതസ്സിനെ securitize ചെയ്ത് SEBI (Securities and Exchange Board of India)-ഉം RBI (Reserve Bank of India)-ഉം അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വായ്പയെടുത്ത് കേരളത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരികയാണ് കിഫ്ബിയുടെ ലക്ഷ്യം. ഇത്തരത്തിലുള്ള ധനസമാഹരണം 2022 വരെ സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുന്നതായിരുന്നില്ല. ഈ സാഹചര്യത്തിലാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബി റോഡുകളിൽനിന്നും പാലങ്ങളിൽനിന്നും ടോൾ പിരിക്കേണ്ടിവരില്ലെന്ന് അഭിപ്രായപ്പെട്ടത്. KFRA (Kerala Fiscal Responsibility Act)-ന് വിരുദ്ധമായി സർക്കാർ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായാണ് സംസ്ഥാനത്തിന്റെ legitimate expectation-ന് വിരുദ്ധമായി 2022-ൽ കിഫ്ബിയെയും സമാന സ്ഥാപനങ്ങളെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിയത്. ഇതുമൂലം 2022-23 സാമ്പത്തികവർഷം

സംസ്ഥാനത്തിന് 15895.50 കോടി രൂപയുടെ അധിക വായ്പയെടുക്കലിനുള്ള അവകാശം നഷ്ടപ്പെട്ടു. മൊത്തത്തിൽ 2016 മുതൽ 2023 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് 107513.9 കോടി രൂപയുടെ ചെലവ് നഷ്ടമോ വിഭവകമ്മിയോ ഉണ്ടായി. തുടർന്ന്, കിഫ്ബിയെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ കത്തുകൾ അയച്ചിരുന്നു. എന്നാൽ, അതിന് അനുകൂലമായ നടപടികളൊന്നുംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. അത്തരമൊരു സാഹചര്യത്തിലാണ് കേന്ദ്ര സർക്കാരിന്റെ സമീപനത്തിനെതിരെ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഭരണഘടനാ അനുച്ഛേദം 131 പ്രകാരം സ്യൂട്ട് ഫയൽ ചെയ്തത്. ആ കേസ് ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ആ കേസിന്റെ പ്രതിവാദത്തിൽ കേന്ദ്ര സർക്കാർ നടത്തിയ ന്യായം കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലെന്നും സമാന സ്ഥിതിയിലുള്ള NHAI (National Highways Authority of India) പോലുള്ള കേന്ദ്ര സർക്കാർ

ഏജൻസികളെല്ലാം വരുമാനം നേടുന്നവയാണെന്നും അതുവഴി തിരിച്ചടവ് സാധ്യമാകുന്നുവെന്നുമാണ്. എന്നാൽ, ഇത് വസ്തുതാവിരുദ്ധമാണ്. ടോൾ വഴി വരുമാനം കണ്ടെത്തുന്ന NHAI ആകെ തിരിച്ചടവിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമേ ടോൾ വഴി നേടുന്നുള്ളൂ. ബാക്കിയെല്ലാം ഓപ്പൺ മാർക്കറ്റ് കടമെടുപ്പും കേന്ദ്ര സർക്കാർ ഗ്രാന്റുകളുമാണ്. കേരളത്തിന്റെ വാദങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ കേസിനെ ഭരണഘടനാ ബെഞ്ചിന് വിട്ടത്. ഇവിടെ എടുത്തുപറയേണ്ട മറ്റൊരു കാര്യം, കേന്ദ്ര സർക്കാർതന്നെ കിഫ്ബി മാതൃകയിൽ ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ടെന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഇത്തരം വിവേചനപരമായ സമീപനം കാരണമാണ് കിഫ്ബി പദ്ധതികളെ എങ്ങനെ വരുമാനദായകമാക്കാം എന്നതിനെക്കുറിച്ചുള്ള ആലോചനകൾ സംസ്ഥാന സർക്കാർ തത്വത്തിൽ നടത്തിയത്. കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കിയാൽ കേന്ദ്ര സർക്കാരിന്റെ വാദങ്ങളെ ഖണ്ഡിക്കാൻ കഴിയും. കിഫ്ബി വായ്പകളെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും ഒഴിവാക്കാനും കഴിയും. അടിസ്ഥാന സൗകര്യവികസനത്തിനാണ് കിഫ്ബി കടമെടുക്കുന്നത്. സംസ്ഥാന

സർക്കാർ വാഹനനികുതിയുടെ അമ്പത് ശതമാനവും പെട്രോളിയം സെസ്സും കിഫ്ബിക്ക് ഗ്രാന്റായി നൽകുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, അതുകൂടാതെ കിഫ്ബി സ്വന്തം നിലയിലെടുക്കുന്ന ലോണുകൾ കിഫ്ബിയുടെ മാത്രം ബാധ്യതയാണ്. കിഫ്ബിക്ക് ഗ്രാന്റ് ഇനത്തിൽ ഇതുവരെ നൽകിയ 20000 കോടി രൂപയ്ക്കുപുറമെ ചെലവഴിച്ച 13100 കോടി രൂപ പൂർണ്ണമായും കിഫ്ബി കണ്ടെത്തിയതാണ്. അത് കിഫ്ബിയുടെ മാത്രം ബാധ്യതയാണെന്ന് ആരോപണമുന്നയിക്കുന്നവർ ഓർക്കേണ്ടതുണ്ട്. യൂസർ ഫീ ഈടാക്കുന്ന സാഹചര്യത്തിൽ അതിൽനിന്നും ലഭിക്കുന്ന വരുമാനംകൊണ്ടുതന്നെ കിഫ്ബിയുടെ ലോണുകൾ തിരിച്ചടയ്ക്കുന്നതിനുള്ള സാധ്യത തെളിയും. അതുവഴി സർക്കാരിൽനിന്നുള്ള ഗ്രാന്റ് കാലക്രമേണ ഘട്ടംഘട്ടമായി ഒഴിവാക്കാനുമാകും. കിഫ്ബി കൃത്യമായും സത്യസന്ധമായും വായ്പകൾ തിരിച്ചടയ്ക്കുന്നതുകൊണ്ടുതന്നെയാണ് കിഫ്ബിക്ക് മികച്ച credit rating നിലനിർത്താൻ സാധിക്കുന്നതും ധനകാര്യ സ്ഥാപനങ്ങൾ കിഫ്ബിക്ക് വായ്പകൾ നൽകാൻ സന്നദ്ധമാകുന്നതും. കിഫ്ബി എന്നത് ഏറ്റവും ഉന്നത നിലവാരം പുലർത്തുന്ന ഒരു സാമ്പത്തിക സ്ഥാപനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അർധസത്യങ്ങളും

അടിസ്ഥാനരഹിതമായ ആരോപണങ്ങളുംകൊണ്ട് എത്രയൊക്കെ തമസ്കരിക്കാൻ ശ്രമിച്ചാലും കിഫ്ബി അതിന്റെ ദൗത്യം വിജയകരമായി പൂർത്തീകരിക്കുകതന്നെ ചെയ്യും. അതിന് എല്ലാവരുടെയും പിന്തുണ ആവശ്യമുണ്ടെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന് മുഴുവൻ മറുപടി പറയുന്നില്ല. അതിനുള്ള അവസരം എനിക്കില്ല. ഞാൻ അക്കാര്യങ്ങൾ പുറത്ത് പറയാം. ഒരു കാര്യം മാത്രം ഞാൻ പറയാൻ ആഗ്രഹിക്കുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നടക്കുന്നില്ലെന്ന് ഞാൻ പറഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഓഡിറ്റ് ഇല്ലെന്നല്ല ഞാൻ പറഞ്ഞത്. സെക്ഷൻ 14(1) ഓഡിറ്റാണ് അവിടെ നടക്കുന്നത്. അതിന് കിഫ്ബിയുടെ അനുവാദം ആവശ്യമില്ല. അത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അല്ല. C&AG (Comptroller and Auditor General of India) നിരന്തരമായി ആവശ്യപ്പെടുന്നത് സെക്ഷൻ 21 ഓഡിറ്റാണ്. സെക്ഷൻ 21 ഓഡിറ്റും സെക്ഷൻ 14 ഓഡിറ്റും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. സെക്ഷൻ 21 ഓഡിറ്റിന് കിഫ്ബി അനുമതി കൊടുക്കുന്നില്ലെന്നാണ് ഞങ്ങൾ പറഞ്ഞത്,

അല്ലാതെ ഓഡിറ്റ് ഇല്ല എന്നല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 2021-ലും 2022-ലും ഇവിടെ വച്ചത് കിഫ്ബി ഓഡിറ്റ് ചെയ്തിട്ടുള്ള റിപ്പോർട്ടല്ല. കിഫ്ബി കടമെടുക്കുകയാണെങ്കിൽ അന്തിമമായി അതിന്റെ കടമെടുപ്പ് പരിധിയിൽവരും എന്നുള്ളൊരു ഓഡിറ്റ് റിപ്പോർട്ടാണ് ഗവൺമെന്റ് അവതരിപ്പിച്ച് സഭ തള്ളിയത്. അല്ലാതെ ഓഡിറ്റ് ഇല്ല എന്ന് ഞാൻ പറഞ്ഞിട്ടില്ല. സെക്ഷൻ 14(1) ഓഡിറ്റ് പോരാ സെക്ഷൻ 22 ഓഡിറ്റ് വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഓഡിറ്റേ ഇല്ല, ഞാൻ അവിടെ നടക്കുന്നതൊന്നും അറിയുന്നില്ല എന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ ഈ രീതിയിലാണ് പറഞ്ഞത്. ഇത് ഇപ്പോൾ തുടങ്ങിയതല്ല, നേരത്തെ മുതൽ ഇങ്ങനെതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ഇത് രേഖയിലുള്ള കാര്യങ്ങളാണല്ലോ, ഇപ്പോൾ അദ്ദേഹം അത് ക്ലാരിഫൈ ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. അദ്ദേഹം നേരത്തെ പറഞ്ഞത് ഞാൻ പറഞ്ഞ രീതിയിലായിരുന്നു. അതുകൊണ്ടാണ് അത്തരത്തിൽ പറയേണ്ടിവന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-

26 വർഷത്തേയ്ക്കുള്ള കേരള സംസ്ഥാനത്തെ ബജറ്റ് സംബന്ധിച്ചുള്ള ചർച്ചകൾ അവസാനിപ്പിച്ചുകൊണ്ടാണ് ഞാനിപ്പോൾ മറുപടിയിലേക്ക് കടക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഈ ബജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ വലിയ പിന്തുണയാണ് കഴിഞ്ഞ മൂന്ന് ദിവസമായി നടന്ന ചർച്ചകളിൽനിന്നും കൂടാതെ, കേരളത്തിലെ പൊതുജനങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതെന്നത് വളരെ സന്തോഷപൂർവം ഇവിടെ പറയാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ് അവസാനിപ്പിച്ചത് ചരിത്രത്തിൽ ഇടംപിടിക്കുന്ന തരത്തിൽ വലിയ കടവും ബാധ്യതയുമൊക്കെ ഉണ്ടാക്കുന്ന, കേരളത്തിന് താങ്ങാൻ പറ്റാത്ത ഒരു ബജറ്റ് എന്ന നിലയിലാണല്ലോ. പ്രതിപക്ഷ ധർമ്മം അങ്ങനെ എന്തിനെയും എതിർക്കുക എന്നുള്ള ധാരണയിലാണ് അദ്ദേഹം പറഞ്ഞവസാനിപ്പിച്ചത്. ഈ ബജറ്റിൽ ചരിത്രത്തിൽ ഇടംപിടിക്കുന്ന നിരവധി കാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനമായി എനിക്ക് പറയാനുള്ളത്, ബജറ്റ് പ്രസംഗത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും അത് ഈ സഭയുടെ അറിവിലേക്കായി പറയുകയാണ്, ചരിത്രത്തിലാദ്യമായി

കേരളത്തിന്റെ വരുമാനവും ചെലവും രണ്ട് ട്രില്യൺ അതായത് രണ്ട് ലക്ഷം കോടി കടക്കുന്ന കണക്കിലേക്ക് വരികയാണ്. നമ്മുടെ കണക്കുകൾ അനുസരിച്ച് ഏറ്റവും ഒടുവിൽ സഭയിൽ അവതരിപ്പിച്ച അഡീഷണൽ കണക്കുകൾകൂടി ചേരുമ്പോൾ 200354 കോടി രൂപ എന്ന നിലയിലേക്ക് ഈ ബജറ്റിന്റെ സൈസ് വരികയാണ്. ഇത് വളരെ വലിയൊരു കാര്യമാണ്. ഇത് നേരത്തെയുള്ള കണക്കുകളിൽനിന്നും വലിയൊരു കുതിച്ചുചാട്ടമുണ്ടാക്കിയിരിക്കുകയാണ്. ഒരു വർഷം ശരാശരി 1,17,000/- കോടി രൂപ ചെലവാക്കിയ സ്ഥാനത്തുനിന്നും 1,64,000/- കോടി രൂപ ചെലവാക്കുന്ന തരത്തിലേക്ക് വന്നിരിക്കുകയാണ്. ഈ വർഷംകൂടിയാകുമ്പോൾ ആ ശരാശരിയിൽ വലിയ വർധന വരും. ഇത് സി&എജി ഓഡിറ്റും മറ്റ് ഓഡിറ്റുകൾക്കുമൊക്കെ വിധേയമായ കണക്കാണ്. ഇതനുസരിച്ച് കൃത്യമായി കഴിഞ്ഞ മൂന്നുവർഷം ഞങ്ങൾ പറഞ്ഞ കണക്കനുസരിച്ച്.., വാസ്തവത്തിൽ budget at a glance-ന്റെ ആദ്യ പേജ് പരിശോധിച്ചാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെ മനസ്സിലാകുന്നതാണ്. ആകെയുള്ള വരുമാനവും ചെലവുമെല്ലാം ഇതിനകത്തുണ്ട്. 2021-22, 2022-23, 2023-24 എന്നീ

സാമ്പത്തിക വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഒരു stagnation ഉണ്ടായിരുന്നു, 158000-160000 കോടി രൂപയ്ക്ക് അകത്തായിരുന്നു എന്ന് മനസ്സിലാകും. അതിന് തൊട്ടുമുമ്പുള്ള വർഷത്തേക്കാളും കുറച്ച് വർധനവേയുള്ളൂ. ഈ വർഷം യഥാർത്ഥത്തിലുണ്ടാകുന്ന വരുമാനവും ചെലവുമായി കണക്കാക്കുന്നത് 1,78,771.84 കോടി രൂപയാണ്. 1,59,000 കോടി രൂപയിൽനിന്നും 1,78,000/-കോടി രൂപയിലേയ്ക്കെത്തുമ്പോൾ അത് വളർച്ചയല്ല, തളർച്ചയാണെന്ന് ആരെങ്കിലും ധരിക്കുന്നെങ്കിൽ അവരോട് പ്രത്യേകിച്ചൊന്നും പറഞ്ഞിട്ട് കാര്യമില്ല. അടുത്ത വർഷം അത് 2,00,354 കോടി രൂപയിലെയ്ക്കെത്തുമെന്ന പ്രതീക്ഷയാണുള്ളത്. എന്തുകൊണ്ടാണിത് വന്നതെന്നുള്ളത് വിശദീകരിക്കേണ്ട കാര്യമില്ല. കടംകയറി വല്ലാത്ത അപകടത്തിലേയ്ക്ക് പോകുകയാണെന്നാണ് ഇവിടെ പറഞ്ഞത്. എന്തുകൊണ്ട് അത് സംഭവിക്കുന്നു? ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യത്തിൽ നിങ്ങളുടെ കൈയിലുള്ള ബജറ്റ് അറ്റ് എ ഗ്ലാൻസിന്റെ ആദ്യപേജ് നോക്കുമ്പോൾ 2022-23-ൽ നാല് ശതമാനത്തോളം കടമെടുക്കാനായി അനുവാദമുള്ള എഫ്.ആർ.ബി.എം.(Fiscal Responisibilty and Budget Management)

ആകുമ്പോൾ യഥാർഥത്തിൽ 2.50 ശതമാനം മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിനടുത്ത വർഷം അത് 2.99 ശതമാനം മാത്രമേ അനുവദിച്ചുള്ളൂ. കഴിഞ്ഞ വർഷമാണ് 3.5 ശതമാനത്തിലേയ്ക്ക് എത്താൻ സാധിച്ചത്. ഈ വർഷവും കടത്തിന്റെ പരിധിക്കകത്ത് കൃത്യമായ കണക്കിനകത്തുനിന്നുകൊണ്ടും പൊതുവിലുള്ള ചെലവ് കൃത്യമായി നടത്തിക്കൊണ്ടുംതന്നെ മുന്നോട്ടുപോകുമെന്നുള്ളതാണ് ഇത് കാണിക്കുന്നത്. ഇത് ഞാനെഴുതി ഇവിടെ അവതരിപ്പിച്ച് എൽ.ഡി.എഫ്.-ന്റെ കമ്മറ്റിയിൽവച്ച് അംഗീകരിക്കുന്നതല്ല. സി. ആൻഡ് എ. ജി.-യുടെ കണക്കും പരിശോധനയും കഴിഞ്ഞിട്ടാണ് അവസാനം ഇതിന്റെ സ്ക്രൂട്ടിണി നടത്തുന്നത്. ആ കണക്കനുസരിച്ച് ഇത്രയും വലിയൊരു മാറ്റം വരുന്നുണ്ട്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറിലും എല്ലാ കാര്യങ്ങളിലും ആ മാറ്റം വരുന്നുണ്ട്. ആ കണക്കുകളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. എന്നാലും നമ്മുടെ സുഹൃത്തുക്കളായ ചില ആളുകൾ ഈ ബജറ്റ് പ്രസംഗത്തിന്റെ പുസ്തകം കണ്ടിട്ട്, എൽ.ഡി.എഫ്.-ന്റെ ബജറ്റ് പുസ്തകമാണല്ലോ; അതുകൊണ്ട് ഇതൊരു എൽ.ഇ.ഡി. വാൾ പോലെ കണ്ട് ഈ നിയമസഭയ്ക്കകത്തൊന്ന് കയറി നോക്കാമെന്ന് വച്ചു. അതായത് ഈ ബുക്കിനകത്തൊന്ന് കയറി

നോക്കാമെന്ന് വച്ചു. നരകത്തിൽ കാണുന്ന കാഴ്ചകൾ കാണാമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. അങ്ങനെയാണ്, എൽ.ഡി.എഫ്. ഇത് കണ്ടാൽ നരകമാണെന്ന് വിചാരിക്കുന്ന ആളുകളാണ്. പക്ഷേ ഇതിനകത്തുകയറി നോക്കിയപ്പോൾ ഈ നാട്ടിലെ ജനങ്ങളെ സംബന്ധിച്ച് അത് സ്വർഗമാകുമെന്ന് തിരിച്ച് മനസ്സിലാക്കിക്കൊണ്ട് പുറത്തേയ്ക്കിറങ്ങിപ്പോകേണ്ടിവന്നു. നരകമുണ്ട്, യു.ഡി.എഫ്.-ന്റെ അടുത്ത അഞ്ചുവർഷക്കാലവും നരകമാകുമല്ലോ എന്ന ഒരു സ്ഥിതിയിൽ നരകമാണെന്നുപറഞ്ഞ് പുറത്തേയ്ക്കുപോകേണ്ടിവന്നതാണ് ഈ നരകവും സ്വർഗവുമൊക്കെയായി അദ്ദേഹം കമ്പയർ ചെയ്തത്. കള്ളക്കണക്കുകൾ പറയാൻ സാധിക്കുന്നതല്ല ബജറ്റ്. കേരളത്തിൽ ഇക്കാര്യങ്ങൾകൂടി നടപ്പായി മുന്നോട്ടുപോകുമ്പോൾ യു.ഡി.എഫ്.-നെ സംബന്ധിച്ചുള്ള അംഗീകാരം ഇപ്പോഴുള്ളതിനേക്കാളും നരകതുല്യമാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹം അത് പറഞ്ഞതെന്നാണ് പറഞ്ഞത്. കാരണം, ഇതിൽ നടപ്പാക്കാനുള്ള കാര്യങ്ങൾ മാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. ഇപ്പോൾ അദ്ദേഹത്തിന് മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ വരുന്നത്? ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവും ധാരാളം എം.എൽ.എ.-മാരും ഇക്കാര്യത്തെ സംബന്ധിച്ച് നേരത്തെ സംസാരിച്ചു. അതിലെ ചില കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാം. എല്ലാത്തിനും മറുപടി പറയേണ്ട കാര്യമില്ല. എന്തുകൊണ്ട് കേരളത്തിനകത്ത് ഇങ്ങനെയൊരു സ്ഥിതി വരുന്നു; അതിനെക്കുറിച്ച് ഏതെങ്കിലുമൊരു അംഗം ഇവിടെ സംസാരിച്ചപ്പോൾ യു.ഡി.എഫ്.-ലെ അംഗങ്ങൾ ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തെക്കുറിച്ച് എന്തെങ്കിലും പറഞ്ഞോ? എന്റെ കയ്യിലിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റ് അറ്റ് എ ഗ്ലാൻസാണ്. ഇതിന്റെ ആമുഖത്തിലെ ആറാമത്തെ ഖണ്ഡികയിൽ പറയുന്നത് " Total resources being transferred to the States including the devolution of State' s share, Grants/Loans and releases under Centrally Sponsored Schemes, etc. In BE 2025-26 is Rs. ₹25,01,284 crore, which shows an increase of Rs. ₹4,91,668 crore over Actuals of FY 2023-24." എന്നാണ്. ഏകദേശം 4,91,000/- കോടി രൂപ. ഈ വർഷം കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിൽ സംസ്ഥാനങ്ങൾക്കുള്ള ഡെവല്യൂഷനിൽ ആകെയുള്ളത് 25 ലക്ഷം കോടി രൂപയാണ്. ഈ വർഷം 5 ലക്ഷം കോടി രൂപ. 5 ലക്ഷം കോടി രൂപ

ലഭിക്കുമ്പോൾ അതിന്റെ മൂന്ന് ശതമാനം ഏകദേശം 2.9 ശതമാനം ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്തിന് പതിനാലായിരം കോടി രൂപയിൽക്കൂടുതൽ ലഭിക്കണ്ടേ? സംസ്ഥാനത്തെ ബജറ്റ് രേഖകളെല്ലാം നിങ്ങൾ പരിശോധിച്ചുനോക്കൂ. കേരളത്തിന് എത്ര കിട്ടി? നാലായിരത്തിനപ്പുറം ലഭിക്കുന്നുണ്ടോ? അയ്യായിരം കോടി രൂപയിൽ കടക്കുന്നില്ലല്ലോ? 25 ലക്ഷം കോടി രൂപ ഇന്ത്യയിൽ താഴോട്ട് കൊടുക്കുമ്പോൾ എല്ലാം തുല്യമായി മൂന്ന് ശതമാനം നൽകണമെന്നൊന്നും ഞാൻ പറയുന്നില്ല, ഞങ്ങളാരും പറയില്ല. കാരണം ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും പിന്നാക്കാവസ്ഥയുണ്ട്. അവർക്കും കൊടുക്കണം. എഴുപത്തിനാലായിരം കോടി രൂപ ലഭിക്കേണ്ടിടത്ത് മുപ്പത്തിയയ്യായിരം കോടി രൂപയിൽതാഴെമാത്രമേ കേരളത്തിന് ലഭിക്കുന്നുള്ളൂ. ഇക്കാര്യം പറയാതെ പ്രതിപക്ഷം എങ്ങനെ പ്രതിപക്ഷമാകും? പ്രതിപക്ഷം കേരളത്തിന്റെ പ്രതിപക്ഷമാകണമെന്ന് എപ്പോഴും ഞാൻ പറയുന്നത് അതാണ്. ഞങ്ങൾക്ക് പ്രതിപക്ഷമാകാം. എൽ.ഡി.എഫ്.-ന് പ്രതിപക്ഷമാകാം യു.ഡി.എഫ്.. പക്ഷെ കേരളത്തിന്റെ പ്രതിപക്ഷമായിട്ടാണ് നിങ്ങൾ എപ്പോഴും ആക്ട് ചെയ്യുന്നത്. നിങ്ങളിവിടെ

ചർച്ച ചെയ്തല്ലോ? കേരളത്തിന്റെ പ്രതിപക്ഷമായി കേരളത്തിന് ലഭിക്കേണ്ട ഈ കാര്യങ്ങളെക്കുറിച്ചൊന്നും പറയാതെ നിങ്ങൾ ചർച്ച ചെയ്യുന്നത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ പല കണക്കുകളും സൂചിപ്പിച്ചപ്പോൾ കേരളത്തിലിപ്പോൾ ആകെ ചെലവുകളൊന്നും നടക്കുന്നില്ല, ആകെ പ്രശ്നമാണ്, പ്ലാനൊക്കെ കട്ട് ചെയ്തു എന്നാണ് പറഞ്ഞത്. പ്ലാൻ സ്പെയ്സിൽനിന്നുള്ള ഇന്നത്തെ കണക്കെടുക്കുമ്പോൾ 63.33 ശതമാനമാണ്. 50 ശതമാനം കട്ട് ചെയ്തു. ഫെബ്രുവരി ആയതേയുള്ളൂ. മാർച്ച് കഴിയണം. 63.33 ശതമാനം ഉണ്ട്. 68.33 ശതമാനമാണ് എൽ.എസ്.ജി.ഡി.-യിൽ കാണിക്കുന്നത്. പ്ലാൻ സ്പെയ്സിൽനിന്നുള്ള കണക്കുകളെടുത്തിട്ടാണ് ഞാൻ ഈ പറയുന്നത്. വസ്തുതാപരമായിട്ടല്ല കാര്യങ്ങൾ ഇവിടെ പറഞ്ഞതെന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചതെന്നേയുള്ളൂ. ചെലവിന്റെ കാര്യത്തിൽ വലിയ തോതിൽ വർധനവ് വരുത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന സ്ഥിതിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഞങ്ങൾ ഓരോ മേഖലയിലെയും കാര്യങ്ങൾ വളരെ വിശദമായി ഈ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. എങ്കിലും ചില കാര്യങ്ങൾ ഇവിടെ വീണ്ടും വീണ്ടും

ആവർത്തിച്ചതുകൊണ്ട് പറയണമെന്ന് വിചാരിക്കുന്നു. ബജറ്റ് അവതരിപ്പിക്കുന്ന സമയത്ത് വളരെ കൃത്യമായി നടക്കുന്ന കാര്യങ്ങളും ചെയ്യാൻ കഴിയുന്ന കാര്യങ്ങളും പറയുകയെന്നുള്ള സമീപനം തന്നെയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. എന്നുമാത്രമല്ല, അടുത്ത അഞ്ചുവർഷത്തേയ്ക്കുമാത്രമല്ല, പത്തോ ഇരുപത്തഞ്ചോ വർഷക്കാലത്തേയ്ക്കുള്ള ലോകത്തെ നോക്കിക്കാണണം. അതിന്റെ അടിസ്ഥാനത്തിൽ കേരളം എങ്ങനെയാണെന്ന് മനസ്സിലാക്കാനുംകൂടി ശ്രദ്ധിക്കണ്ടേ; ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ നാട്ടിലെ ജനസംഖ്യ കുറഞ്ഞുവരുന്നതിന്റെ പ്രശ്നം, ആറ് ലക്ഷം കുട്ടികൾ ജനിക്കുന്ന സ്ഥാനത്ത്, ആറ് ലക്ഷം കുട്ടികൾ ഒന്നാംക്ലാസിൽ ചേരുന്ന സ്ഥാനത്ത്, മൂന്ന് ലക്ഷം കുട്ടികളാണ് കഴിഞ്ഞ പ്രാവശ്യം അഡ്മിഷനുവേണ്ടി എത്തിയത്. മൂന്നര ലക്ഷത്തിൽ താഴെയാണ് കുട്ടികൾ ജനിക്കുന്നത്. ഇതനുസരിച്ച് ലോകത്താകെയുള്ള സാഹചര്യം നോക്കണ്ടേ; ലോകത്താകെയുള്ള സാഹചര്യത്തിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തുടങ്ങിവച്ച, പോലീസിന്റെ ഭാഷയിൽ പറഞ്ഞാൽ കോമ്പിംഗ്, പാസ്പോർട്ടും രേഖകളുമില്ലാത്തവരെ കോമ്പ് ചെയ്ത് അവിടെനിന്നും വിമാനത്തിൽ കയറ്റി ചങ്ങലയിട്ട് അയച്ചതിന്റെ അനുഭവം

നമ്മൾ കണ്ടു. ഇന്നത്തെ പത്രത്തിൽ അതുസംബന്ധിച്ച വാർത്തയുണ്ട്. യു.കെ.-യിലും അതേ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. യു.കെ.-യിലെ റെസ്റ്റോറന്റുകളിൽനിന്നും മറ്റുമായി 800-ഓളംപേരെ പിടിച്ചു. അമേരിക്കയിൽനിന്നുള്ളതിനേക്കാൾ കൂടുതൽ കേരളത്തിൽനിന്നുള്ള കുട്ടികളും ചെറുപ്പക്കാരും അവിടെ കാണും. ലോക രാജ്യങ്ങളിൽ അവർക്കാവശ്യമുള്ള തൊഴിലാളികളെ ഇവിടെനിന്നും എക്സ്പോർട്ടും ഇംപോർട്ടും ചെയ്യുന്നത് അവർക്കാവശ്യത്തിന് ജോലിക്കാരെ ലഭിക്കാനാണ്. അവിടത്തെ രേഖയില്ലാത്തവരെ തിരിച്ചയയ്ക്കാനുള്ള ശ്രമം നടക്കുന്നു. ഇന്ത്യ എന്നു പറയുന്ന മഹത്തായ രാജ്യത്തിനകത്ത് കേരളമെന്നുപറയുന്ന വളരെ ചരിത്ര പ്രാധാന്യമുള്ള ഒരു പ്രദേശം, ആ പ്രദേശത്തെ കുട്ടികളുടെയും ചെറുപ്പക്കാരുടെയും ഭാവി എങ്ങനെ കൂടുതൽ ശക്തമാക്കാം, കേരളത്തെ കൂടുതൽ സാമ്പത്തികമായി എങ്ങനെ മുന്നോട്ടുകൊണ്ടുവരാം, എങ്ങനെ കൂടുതൽ തൊഴിലവസരമുണ്ടാക്കാം, കേരളത്തിന്റെ കാർഷികമേഖലയും വിദ്യാഭ്യാസ മേഖലയും ആരോഗ്യമേഖലയുമൊക്കെ ഉപയോഗിച്ചുകൊണ്ട് കേരളത്തെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നുള്ള കാര്യമാണ് ഈ ബജറ്റിൽ സൂചിപ്പിച്ചിട്ടുള്ളത്. അതിൽ വിവിധ മേഖലകളെക്കുറിച്ച്

പറഞ്ഞിട്ടുണ്ട്. പറഞ്ഞിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്ന കണക്കുകളും കാര്യങ്ങളുമാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ഇതിനകത്ത്, അമിതമായ അവകാശവാദങ്ങൾ പറഞ്ഞിട്ടില്ലെന്നുമാത്രമല്ല, എല്ലാകാര്യങ്ങളും പറഞ്ഞിട്ടുമില്ല. ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റ് മുതൽ അല്ലെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ ബജറ്റുമുതൽ ഇതിനകത്ത് നോക്കിക്കഴിഞ്ഞാൽ കാണുന്ന കാഴ്ചപ്പാട് അതാണ്. ഇവിടെ ഇന്നലെ കിഫ്ബിയുടെ കാര്യത്തിൽ വന്ന തെറ്റായ സ്റ്റേറ്റ്മെന്റ്, ടെലിവിഷനിലെല്ലാം ചർച്ച വന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൊട്ടുമുമ്പ് വളരെ വിശദമായി ഇവിടെ സൂചിപ്പിച്ചു. ഈസ് ഓഫ് ഡൂയിങ്ങടക്കമുള്ള കാര്യങ്ങളിൽ അത് സേ പരീക്ഷയ്ക്ക് തുല്യമാണെന്ന് പറഞ്ഞ ഒരംഗത്തിന്റെ കാര്യത്തിനകത്തും മറ്റ് കാര്യങ്ങളും വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. എല്ലാവർക്കുമറിയുന്ന കാര്യങ്ങൾ ഒന്നുകൂടി ആവർത്തിച്ച് പറഞ്ഞതാണ്. എന്നാലും ബീഭത്സിന്റെ സ്വഭാവം മാറ്റിവയ്ക്കാനൊന്നും പ്രതിപക്ഷം തയ്യാറാകുമെന്ന് ഞാൻ കരുതുന്നില്ല. നുണ നൂറ്റൊന്നാവർത്തി പറഞ്ഞുകഴിഞ്ഞാൽ അത് സത്യമാകുമെന്നുള്ളത് ആദ്യം പറഞ്ഞത് ഹിറ്റ്ലറാണ്. അതിപ്പോൾ

അത്തരത്തിൽത്തന്നെ ആവർത്തിക്കുകയെന്നുള്ളത് പ്രതിപക്ഷം ചെയ്യുന്ന ജോലിയാണ്. അവർ പറഞ്ഞുകൊണ്ടേയിരിക്കും. പക്ഷേ ജനങ്ങളുടെ അടുത്തേയ്ക്ക് ഇത് എത്തിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. നേരത്തെ ബജറ്റിനകത്ത് പറഞ്ഞതിൽ എന്തെങ്കിലും ചെയ്തോ എന്ന് ഓരോ അംഗങ്ങളും ചോദിച്ചു; ട്രാൻസ്ലേഷൻ സെന്ററുകളോ യൂണിവേഴ്സിറ്റിയിലെ ഇന്റർ നാഷണൽ ഹോസ്റ്റലോ, വർക്ക് നിയർ ഹോം, ഗ്രഫീൻ സെന്റർ എന്നിവയെല്ലാം വന്നോയെന്ന് ചോദിച്ചു. എല്ലാമൊന്നും ഞാൻ എടുത്തു പറയുന്നില്ല. പാറശ്ശാലയിൽ നിന്ന് കാസർഗോഡുവരെ പോകുമ്പോൾ എന്തെല്ലാം മാറ്റങ്ങൾ നാട്ടിലുണ്ടായിട്ടുണ്ടെന്നുള്ളത് നോക്കിയാൽ മതി. ദീർഘകാലമായി തിരുവനന്തപുരത്ത് പഠിക്കാൻ വന്നതുമുതൽ ഇവിടെയും അതിനുശേഷം വിദ്യാർഥി സംഘടനാ പ്രവർത്തകനായതുമുതൽ കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചിട്ടുള്ള ഒരാളാണ് ഞാനും, നിങ്ങളെപ്പോലെ സഞ്ചരിച്ച അനുഭവമുണ്ട്. കേരളത്തിലങ്ങോളമിങ്ങോളമുള്ള മാറ്റങ്ങൾ കണ്ടാൽ മനസ്സിലാകുമോ? അടുത്ത നിയമസഭാ ബജറ്റ് സമ്മേളനത്തിൽ കാസർഗോഡ് മുതൽ ഉള്ളവർക്ക് ഇങ്ങോട്ട്, നമ്മുടെ പുതിയ നാഷണൽ ഹൈവേയിൽക്കൂടി വരാൻ

സാധിക്കുമെന്ന് ഞാൻ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ആത്മവിശ്വാസത്തോടെയാണ്. നേരത്തെ യാത്ര ചെയ്യുമ്പോൾ റോഡരികിലുള്ള കടകളും അവിടത്തെ രീതികളുമൊക്കെ കണ്ട് സ്ഥലം മനസ്സിലാക്കാമായിരുന്നു, എന്നാലിപ്പോൾ മനസ്സിലാക്കാൻ സാധിക്കില്ല. അത്രയ്ക്ക് വലിയ വികസനമാണ് നടന്നിട്ടുള്ളത്. റോഡുകൾ മാത്രമല്ല, തിരുവനന്തപുരത്ത് നിന്ന് പോകുമ്പോൾ ടെക്നോപാർക്കിന്റെ സ്ഥലം..... 2001-ലോ 2006-ലോ എങ്ങനെയായിരുന്നു? ശരിക്കുമൊരു ചതുപ്പ്, അവിടെയൊരു ഓവർബ്രിഡ്ജ് വന്നില്ലായിരുന്നെങ്കിൽ ആ സ്ഥലത്തേക്ക് തന്നെ ആളുകൾ പോകില്ലായിരുന്നു. എന്നാലിപ്പോൾ യൂറോപ്യൻ സിറ്റികളേക്കാൾ മെച്ചപ്പെട്ട രീതിയിലുള്ള സ്ഥലമായി അവിടം മാറിയിരിക്കുന്നു. കുറുക്കൻകുന്നെന്ന് വിളിക്കുന്ന ഒരു കുന്നായിരുന്നു കേരള യൂണിവേഴ്സിറ്റിയുടെ പുറകിലുണ്ടായിരുന്നത്. അവിടെ നിന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ആദ്യമായി 50 ഏക്കർ ടെക്നോപാർക്ക് ആരംഭിക്കാൻ നൽകിയത്. ആ സ്ഥലത്താണ് ടെക്നോപാർക്ക് ആരംഭിച്ചത്. ഇപ്പോൾ ടെക്നോപാർക്ക് അവിടെ മാത്രമല്ല... അഞ്ഞൂറ് ഏക്കറ്....... ടെക്നോ സിറ്റി വന്നു. 1 ലക്ഷം മുതൽ 1.25 ലക്ഷം വരെ ആളുകളവിടെ ജോലി

ചെയ്യുന്നു. ഇപ്പോൾ നാലാമത്തെ ഫെയ്സിന്റെ പണികൾ നടക്കുന്നു. ഏകദേശം ആറ്റിങ്ങൽ വരെ എത്തിക്കഴിഞ്ഞു. നമുക്കുതന്നെ മനസ്സിലാകാത്ത തരത്തിലുള്ള ഡെവലപ്പ്മെന്റാണവിടെയുണ്ടായത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഗ്രഫീൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, കൈരളി ചിപ്പ് എന്ന എ.ഐ. ചിപ്പ് ആദ്യം ഡെവലപ്പ് ചെയ്ത യൂണിവേഴ്സിറ്റികളിലൊന്നാണ് നമ്മുടെ ഡിജിറ്റൽ യൂണിവേഴ്സിറ്റി. അടുത്തടുത്ത സ്റ്റെപ്പുകൾ വരുകയാണ്. അവിടുന്ന് കൊല്ലത്തേക്ക് എത്തിക്കഴിഞ്ഞാൽ, അവിടെ നിന്ന് ആലപ്പുഴക്ക് പോയാൽ, എം. സി. റോഡിൽക്കൂടി പോയാൽ എറണാകുളവും കാസർഗോഡുവരെയും ഇവയിൽ എവിടെയാണ് ഡവലപ്പ്മെന്റ് വരാത്തത്. പശ്ചാത്തല സൗകര്യങ്ങളിൽ വലിയ വ്യത്യാസം. ഏറ്റവും നല്ല സ്കൂളുകൾ, കോളേജുകൾ, ഈ സംവിധാനങ്ങളെല്ലാം വന്നുവെന്നത് നമുക്ക് കാണാതിരിക്കാൻ സാധിക്കില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശരാശരി വിമാനത്താവളങ്ങൾ.... ഇന്ത്യയിൽ മാത്രമല്ല യൂറോപ്പിലെ പല രാജ്യങ്ങളേക്കാളും കൂടുതൽ വിമാനത്താവളങ്ങളുണ്ടിവിടെ. പ്രസ്തുത വിമാനത്താവളങ്ങളിലെല്ലാം യാത്ര ചെയ്യാൻ ആളുകളുമുണ്ട്. അത്തരത്തിലുള്ള സ്ഥലമായി.... അടിസ്ഥാന സൗകര്യത്തിന്റെ

കാര്യത്തിൽ....ഫാക്ടറികളുടെ കാര്യത്തിൽ..... അതുകൊണ്ടാണ് വ്യവസായ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയുമൊക്കെ നേട്ടങ്ങൾ പലപ്പോഴും ഇവിടെ അവരിപ്പിക്കുമ്പോൾ അതിനകത്ത് പറഞ്ഞിട്ടുണ്ടല്ലോ? കൃത്രിമ പല്ല് ഉൽപാദിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ കമ്പനി മൂവാറ്റുപുഴയിലാണ്. മൂവാറ്റുപുഴയിൽ അങ്ങനെയൊരു കമ്പനിയുണ്ടെന്ന് മനസ്സിലാക്കാൻ മൂവാറ്റുപുഴയിൽ നിന്നുള്ള ബഹുമാനപ്പെട്ട അംഗവും തയ്യാറാകണം. ഇതൊക്കെ നടക്കുന്നുണ്ടല്ലോ അവിടെ? അവിടെ മാത്രമല്ല... ഞാനിതിൽ ഓരോ സ്ഥലത്തെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഞാനിതിനകത്തൊരു അഞ്ചാറ് ചെറുപ്പക്കാരുടെ പേര് പറഞ്ഞു. അതിൽപ്പലരേയും നേരിട്ടല്ല.. ഓൺലൈൻ വഴിയും നേരിട്ടുള്ള മീറ്റിംഗ് വഴിയൊക്കെയുമാണ്.... വ്യവസായ രംഗത്ത് എന്ത് മാറ്റം വരുത്തണം... പുതിയ സ്റ്റാർട്ട് അപ്പ് മേഖലയിൽ എന്ത് വേണം... കാർഷിക വ്യവസായികളുണ്ട്... ആധുനിക വ്യവസായികളും എല്ലാമുണ്ട്.

ഏത്തക്കാ ഉപ്പേരി ഉണ്ടാക്കുന്ന മാവേലിക്കരയിലെ ഒരു കമ്പനിക്ക് 70 കോടി രൂപ ഷെയർ മാർക്കറ്റിൽ നിന്നും കിട്ടി. അരീക്കോടുള്ള 'ഇന്റർവെൽ' എന്ന കമ്പനി യൂറോപ്പിലും അയർലാന്റിലും ഫിൻലാന്റിലും ഒക്കെയുള്ള

ആളുകൾക്ക് ട്യൂഷനെടുക്കുന്ന സംവിധാനം ഇവിടെ നിന്ന് നടത്തുകയാണ്. മണ്ണാർകാടുള്ള വ്യവസായ വികസനം പോലും കാണുന്നില്ല. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് മെഡിക്കൽ ഇംപ്ലാന്റ്സ് ഉണ്ടാക്കുന്ന സംവിധാനം, .... ചാലക്കുടിയിലെ ഒരു ഐ.ടി. കമ്പനി അവിടത്തെ എംപ്ലോയീസിന് ബോണസായി കാർ കൊടുത്തു. ആ വാർത്ത കണ്ടപ്പോൾ എനിക്ക് താൽപര്യം തോന്നി, കേരളത്തിനകത്തും ഇങ്ങനെയുണ്ടല്ലോ? ഇങ്ങനെയുള്ള ചെറുപ്പക്കാർ നടത്തുന്ന പുതിയ സ്ഥാപനങ്ങൾ. വലിയ സ്ഥാപനങ്ങൾ വേറെ, നേരത്തെ പറഞ്ഞ.. സിന്തൈറ്റിനെപ്പോലെയുള്ള..... ലോകത്തിലെ ഏറ്റവും വലിയ സ്പൈസസ് എക്സ്ട്രാക്ഷൻ യൂണിറ്റ് കേരളത്തിലാണ്. ധാരാളം കാര്യങ്ങൾ ഇതിൽ ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് വ്യവസായ രംഗത്ത് ഒന്നാം റാങ്കിലേക്ക് വന്നത്. SAY (Save A Year) പരീക്ഷ എഴുതിയതാണെന്ന്..... നാടൻ ഭാഷയിൽ പറഞ്ഞാൽ, മലർന്നു കിടന്ന് തുപ്പുക എന്ന് പറയും. കേരളത്തിനകത്ത് ഒന്നുമില്ലായെന്ന് കേരളത്തിനകത്തുള്ള എം.എൽ.എ.-മാർ തന്നെ പറയുകയാണ്. ഇത് ആരെ നശിപ്പിക്കാനാണ്, നിങ്ങൾ നരകം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതാണ് കാര്യം. എൽ.ഡി.എഫ്. ആണെങ്കിൽ

നരകം മതിയെന്നാണ്. ഗ്രഫീൻ ഇൻസ്റ്റിറ്റ്യൂട്ട് വന്നു, ന്യൂട്രാസ്യൂട്ടിക്കൽസിന്റെ മികവിന്റെ കേന്ദ്രം ആരംഭിച്ചു, മൈക്രോബയോം വന്നു, മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ഭാഗമായി ഡവലപ്പ്മെന്റ് ഉണ്ടായി. വർക്ക് നിയർ ഹോം ഇപ്പോൾ രണ്ടുമൂന്ന് ഇടങ്ങളിൽ ആരംഭിച്ചു. ഇനി ആവശ്യമനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ വരും. വർക്ക് നിയർ ഹോം എന്ന് പറയുമ്പോൾ ഐ. ടി. മാത്രമാണെന്ന് തെറ്റിദ്ധരിക്കരുത്. പ്ലഗ് ആന്റ് പ്ലേ സൗകര്യമുണ്ടെങ്കിൽ ചെറുപ്പക്കാർക്കും പ്രായമുള്ളവർക്കുമെല്ലാം അവരുടെ എക്സ്പെർട്ടൈസ് അനുസരിച്ച് ജോലി ചെയ്യാം. അത്തരത്തിലുള്ള സംവിധാനങ്ങൾ വരുകയാണ്. അതിന്റെ ഭാഗമായി ഒരു പുതിയ കാര്യം കൂടി ഇത്തവണ പറഞ്ഞു, ന്യൂ ഇന്നിംഗ്സ് - പല പേരുകൾ ആലോചിച്ചു, കിഡ്സ് അറ്റ് സിക്സ്റ്റി എന്ന് പറയണോ, ന്യൂ ഇന്നിംഗ്സ് വേണോ, സെക്കന്റ് ഇന്നിംഗ്സ് വേണോ എന്നൊക്കെ ആലോചിച്ചു ഒടുവിൽ ന്യൂ ഇന്നിംഗ്സ് തീരുമാനിച്ചു. ന്യൂ ഇന്നിംഗ്സെന്നുപറഞ്ഞാൽ, ധാരാളം ആളുകൾ ഉന്നതമായ ജോലിയിലും അനുഭവത്തിലും ....... സർക്കാർ ഉദ്യാഗസ്ഥർ മാത്രമല്ല ടെക്നിക്കൽ മേഖലയിലുള്ള ആളുകൾ റിട്ടയർ ചെയ്തശേഷം അവർക്ക് കുറേയേറെക്കാലം ജോലി ചെയ്യാൻ സാധിക്കുന്ന

ആരോഗ്യവും അനുഭവവും ഉണ്ട്. അതിന് പറ്റുന്ന സംവിധാനം വരും. കിഫ്ബിയുടെ ഒരു പൈലറ്റ് പ്രോജക്ടിന്റെ ഭാഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു, കൊല്ലത്തും..... കൊട്ടാരക്കരയിലും... സ്ഥലം മൂന്നിരട്ടി വില കൊടുത്ത് സർക്കാർ എടുത്തിട്ട് അതിൽ വ്യവസായം നടത്തുന്നത് പലപ്പോഴും എക്കണോമിക്കലി ഫീസിബിളാകില്ല. അതിനാൽ സർക്കാരിന്റെ കൈയിൽ സ്ഥലമുള്ളിടത്ത് എടുത്തിട്ട്......ഏതെങ്കിലും സ്ഥാപനത്തിന്.... തദ്ദേശസ്വയംഭരണസ്ഥാപനത്തിനോ, വകുപ്പിനോ സ്ഥലമുണ്ടെങ്കിൽ അതെടുത്ത് ചെയ്യാം. ഭൂമി ഏറ്റെടുക്കുന്ന താമസമൊന്നും ഉണ്ടാകില്ല. അത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ വ്യവസായ രംഗത്ത് വരുകയാണ്. ഐ.ടി. മേഖലയിൽ തിരുവനന്തപുരവും കൊച്ചിയും കോഴിക്കോടുമുള്ള കാര്യങ്ങൾ മാത്രമല്ല കണ്ണൂരിലേക്കുള്ള ഐ. ടി. ക്വാറിഡോറും കൊല്ലത്തേയ്ക്കുള്ള ഐ. ടി. ക്വറിഡോറും അതിനനുബന്ധമായ ചെറിയ പാർക്കുകളും ഡെവലപ്പ് ചെയ്യും. ഞാനുൾപ്പെടെ ഇക്കാര്യത്തിലുള്ള ചർച്ചകളിൽ പങ്കെടുക്കുമ്പോൾ പറഞ്ഞത്, വളരെ പെട്ടെന്ന് കംപ്ലീറ്റ് ചെയ്യാൻ പറ്റുന്ന രീതിയിലുള്ള കൺസ്ട്രക്ഷൻ മെത്തേഡ്സ് വേണം. ഒരു വർഷം കൊണ്ട് അഞ്ച് നിലയോ എട്ട് നിലയോ ഒക്കെ കംപ്ലീറ്റ് ചെയ്യാൻ

സാധിക്കും. അത്തരത്തിൽ അവ പൂർത്തീകരിക്കുന്നതിനുള്ള കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യമിവിടെ പറഞ്ഞപ്പോൾ വിഴിഞ്ഞം ഞങ്ങൾ കൊണ്ടുവന്നതാണെന്ന അവകാശവാദമൊക്കെ പറഞ്ഞു...

ശ്രീ. വി. ഡി. സതീശൻ: പിന്നെ നിങ്ങൾ കൊണ്ടുവന്നതാണോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: അങ്ങനെയാണെങ്കിൽ വിഴിഞ്ഞം കൊണ്ടുവന്ന കാര്യം പറയാം.... ഞാൻ അത്തരം പാസ്സീവ് റിമാർക്സിലേക്ക് പോകേണ്ട എന്നാണ് കരുതിയത്.... വിഴിഞ്ഞത്തിന്റെ ആദ്യത്തെ സ്റ്റെപ്പെടുക്കുന്നത് വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റാണ്. ശ്രീ. എ. കെ. ആന്റണി കേന്ദ്ര പ്രതിരോധമന്ത്രിയായിരിക്കുമ്പോൾ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിത് ടെൻഡർ ചെയ്തു. ....... (ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അവിടെയിരിക്കു. അദ്ദേഹം പറയട്ടെ. പ്ലീസ്... യെസ്... അവിടെയിരിക്കു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ വിഴിഞ്ഞം പദ്ധതിയുമായി ഞങ്ങളോടൊപ്പം ഇവിടെയിരിക്കുന്ന ധാരാളം പേർക്ക് അല്ലാതെയും ബന്ധമുണ്ട്. വിഴിഞ്ഞം പദ്ധതി വേണമെന്ന് ഇവിടത്തെ യുവജന -

ബഹുജന പ്രസ്ഥാനങ്ങൾ ആവശ്യപ്പെടുമ്പോൾ ഞാൻ ഡെമോക്രാറ്റിക് യൂത്ത് ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡി.വൈ.എഫ്.ഐ)-യുടെ അഖിലേന്ത്യാ പ്രസിഡന്റാണ്. അവിടെ നടത്തിയ മാർച്ചുകളിൽ ഞാനുൾപ്പെടെ ഇവിടെയിരിക്കുന്ന പല നേതാക്കളും പങ്കെടുത്തിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി വേണമെന്ന് ആവശ്യപ്പെട്ടു, അതിന്റെ തുടർച്ചയായി ഈ പദ്ധതി വന്നു. (ബഹളം)..... സർ, എന്തെങ്കിലും പറയുമ്പോൾ ബഹളമുണ്ടാക്കുന്നതിന്റെ അർത്ഥം അവർക്കെന്തൊക്കെയോ ഒളിച്ചുവയ്ക്കാനുണ്ടെന്നതാണ്. നിങ്ങൾക്ക് അവസരം ലഭിക്കുമ്പോൾ പറയാമല്ലോ? രാജ്യസഭയിലേക്ക് അംഗമായി പോകുന്നതിനു മുൻപ് അന്ന് നാല് വർഷക്കാലം ഞാൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്നു. ആ നാലുവർഷക്കാലം വി. എസ്. എത്രയോ തവണ.... മുഖ്യമന്ത്രിയും...അന്ന് ശ്രീ. എം. വിജയകുമാർ ... മറ്റ് മന്ത്രിമാരടക്കം പല തവണ ഇന്ത്യൻ പ്രധാനമന്ത്രിയെ കാണാൻ പോയിരുന്നു. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിലേത് പോലെയല്ല, അന്നത്തെ ഗവൺമെന്റിൽ ഞങ്ങൾക്കൊരു സ്പെയ്സ് ഉണ്ടായിരുന്നു. അന്ന് ഞങ്ങളുടെകൂടെ നല്ല പിന്തുണയോടു

കൂടിയായിരുന്ന യു.പി.എ. ഗവൺമെന്റ് കേന്ദ്രത്തിൽ ഭരണം നടത്തിയിരുന്നത്. ഇവിടെ പല കാര്യങ്ങളും ആ സമയത്ത് നമുക്ക് ലഭിക്കുന്നതിന് സഹായിച്ചു. അങ്ങനെ പോയി ടെൻഡർ വന്നു. (ബഹളം)

മി. സ്പീക്കർ : പ്ലീസ്...പ്ലീസ്. ശ്രീ. നൗഷാദ്.... പ്ലീസ്..

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുപറയാൻ സമ്മതിക്കുന്നില്ല. സൂം ഡവലപ്പേഴ്സ് എന്ന കമ്പനിയും ആന്ധ്രയിലെ ലാങ്കോ കമ്പനിയും ടെണ്ടറിൽ വന്നു. അന്ന് പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയാണ്. ചൈനയിൽ നിന്നുള്ള ഒരു കമ്പനി ഇവർക്ക് ടെക്നിക്കൽ എക്സ്പെർട്ടൈസ് കൊടുത്തുവെന്നുള്ളതുകൊണ്ട് പ്രതിരോധവകുപ്പിന്റെ സാങ്ഷൻ ലഭിച്ചില്ല. പ്രതിരോധവകുപ്പുമന്ത്രിയെത്തന്നെ പലതവണ കാണാനായി പോയി. അദ്ദേഹമിപ്പോഴുമുണ്ട്. ഞാൻ അതിന്റെയൊന്നും വിവാദത്തിലേക്ക് പോകുന്നില്ല. പക്ഷെ അന്നതിന്റെ ഡീറ്റെയിൽസെടുത്തു, 1500 ഏക്കർ ഭൂമി നോട്ടിഫൈ ചെയ്തു. അന്നവിടെ ഭൂമി ഏറ്റെടുക്കരുതെന്ന് പറഞ്ഞുകൊണ്ട് യൂത്ത് കോൺഗ്രസ്സുൾപ്പെടെ നാട്ടുകാർ സമരം നടത്തി. അങ്ങനെ അത് 500 ഏക്കറായി ചുരുക്കി. ഇത്തരത്തിൽ വലിയൊരു ചരിത്രമുണ്ട്. അന്ന് വിഴിഞ്ഞം പദ്ധതി ടെൻഡർ വരെ ചെയ്തിട്ട് തുടങ്ങാൻ

അനുവദിച്ചില്ല. അതിനുശേഷം വിഴിഞ്ഞം പദ്ധതി വന്നു. ഏട്ടിലെ പശു എവിടെയും പുല്ല് തിന്നിട്ടില്ല. ഏട്ടിലെ പശു പുല്ല് തിന്നില്ല. ഈ പശുവിനെ വരയ്ക്കുകയല്ല, ഈ പശുവിനെ നാട്ടിലിറക്കി പുല്ല് മേയ്ക്കാൻ കൊണ്ടു പോകണമെങ്കിൽ തന്റേടം വേണം. ആ തന്റേടമുള്ള സർക്കാരായതുകൊണ്ടാണ് വിഴിഞ്ഞത്ത് തുറമുഖം വന്നത്. അങ്ങനെയൊരു എൽ.ഡി.എഫ്. സർക്കാർ വന്നതുകൊണ്ടാണ് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായത്. അവർ വന്നപ്പോൾ എന്തൊക്കെ തടസ്സമാണ്. ഞങ്ങൾ പറഞ്ഞ ആരോപണങ്ങളിൽ നിന്നും പിന്നോട്ട് പോകുന്നില്ല. (...ബഹളം...) അതൊക്കെ അവിടെ നിൽക്കട്ടെ. പക്ഷേ, വികസന കാര്യങ്ങൾക്ക് തടസ്സംവേണ്ടെന്ന സമീപനം തന്നെയാണ്. അത് വന്നുകഴിഞ്ഞപ്പോൾ (...ബഹളം...) സത്യം പറയുന്ന സമീപനം തന്നെയാണ്. നിങ്ങൾക്ക് തർക്കിക്കാമല്ലോ? അതിനുശേഷം (...ബഹളം...) 8500 കോടി രൂപയാണ് ആകെ ഇതിന്റെ നിർമ്മാണചെലവ്. 2200 കോടി രൂപയേയുള്ളൂ കൺസ്ട്രക്ഷൻകാർ തരുന്നത്. (...ബഹളം...)

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ് പ്ലീസ്... പ്ലീസ്... അവിടെ ഇരിക്കൂ.. (...ബഹളം...)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അന്ന് ടെൻഡർ ചെയ്തില്ലെന്ന് പറഞ്ഞില്ലല്ലോ? ടെൻഡർ ചെയ്തു. നീങ്ങുന്നുണ്ടായിരുന്നില്ല. രേഖകളുണ്ടല്ലോ? എല്ലാ രേഖകളുമുണ്ട്. അന്ന് കോവിഡ്-19 വന്നു എന്നൊക്കെ പറയാം. പക്ഷേ, ആ രേഖ ഇവിടെ ഉണ്ടായിരുന്നു. നീങ്ങിയില്ല, നീങ്ങിക്കഴിഞ്ഞപ്പോൾ അത് മുന്നോട്ട് പോകുന്നതിനുള്ള സമീപനമെടുത്തു. അങ്ങനെ... (...ബഹളം...) ഇവരുടെ കാര്യം (...ബഹളം...) എല്ലാവരും അറിയുന്ന എന്നുള്ളതിന്റെ കുറ്റബോധമാണ്. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... അവിടെ ഇരിക്കൂ. മിനിസ്റ്റർ പറയട്ടെ. ശ്രീ. എം. വിൻസെന്റ് അവിടെ ഇരിക്കൂ... (...ബഹളം...) മിനിസ്റ്റർ റിപ്ലെ ചെയ്യട്ടെ. സമയം കളയരുത്. പ്ലീസ്... പ്ലീസ്... അവിടെ ഇരിക്കൂ... (...ബഹളം...) ശ്രീ. റോജി എം. ജോൺ അവിടെ ഇരിക്കൂ. ശ്രീ. കെ. യു. ജനീഷ് കുമാർ അവിടെ ഇരിക്കൂ. പ്ലീസ്... പ്ലീസ്...പറയട്ടെ. അദ്ദേഹം പറയട്ടെ... പ്ലീസ്...

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞങ്ങളിത് കേട്ടിരുന്നതല്ലേ. മറുപടി പറയാൻ അവസരം കൊടുക്കണ്ടേ?

മി. സ്പീക്കർ: മറുപടി പറയട്ടെ... യെസ്...യെസ്... അദ്ദേഹം പറയട്ടെ

(...ബഹളം...) യെസ്... മിനിസ്റ്റർ പറയൂ...

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറയുന്നതിനകത്ത് തെറ്റില്ലെന്ന് എനിക്ക് ബോധ്യമുള്ളതുകൊണ്ടാണ് പറയുന്നത്. നിങ്ങൾ ടെൻഡർ ചെയ്തില്ല എന്നൊന്നും പറഞ്ഞില്ല. ഞാൻ അതാണ് പറഞ്ഞത് ഏട്ടിലെ പശു പുല്ല് തിന്നില്ലെന്ന്. ഇത് വന്നതുതന്നെ ഇടതുപക്ഷ ഗവൺമെന്റ് വന്നതുകൊണ്ടാണ്. അപ്പോൾ ഫണ്ട് എങ്ങനെയുണ്ടാക്കും? 8500 കോടി രൂപയിൽ 2200 കോടി രൂപയേയുള്ളൂ കൺസ്ട്രക്ഷൻകാരുടേത്. ബാക്കി 5500 കോടി രൂപയും ഒന്നാം ഘട്ടത്തിനായി മുടക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. കേന്ദ്രഗവൺമെന്റ് നൽകേണ്ടത് 850 കോടി രൂപയാണ്. നൽകിയോ; നിങ്ങൾക്ക് വല്ല വേദനയുമുണ്ടോ; കോവളത്ത് നിന്നുള്ള മെമ്പറുണ്ടല്ലോ? അവർ നൽകാത്തതിന് നിങ്ങൾക്ക് വല്ല വേദനയും തോന്നിയോ? (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... യെസ്...യെസ്... മിനിസ്റ്റർ നിങ്ങൾ തന്നെ ബഹളമുണ്ടാക്കരുത്. (...ബഹളം...) മിനിസ്റ്റർ പറയട്ടെ. പ്ലീസ്... (...ബഹളം...).

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നമ്മുടെ എല്ലാം അഭിമാനമാണ്

വിഴിഞ്ഞം. ഇവിടെ ചർച്ച ചെയ്ത ഒന്നുരണ്ട് മെമ്പർമാർ വിഴിഞ്ഞം ഞങ്ങളുടെ കുഞ്ഞാണെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഞാൻ ഇത്രയും മറുപടി പറഞ്ഞത്. വിഴിഞ്ഞം ഞങ്ങളുടെ കുഞ്ഞാണെന്ന് പറഞ്ഞല്ലോ ആ സമയം നമ്മളാരും ബഹളമുണ്ടാക്കിയില്ലല്ലോ, അതിന് മറുപടി പറയേണ്ടേ? ഇപ്പോൾ 5500 കോടി രൂപ മാത്രമല്ല 2028-ൽ വിഴിഞ്ഞത്തിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തീകരിക്കും. ബാക്കി തുക വേണ്ടത് ഞങ്ങൾ കൊടുക്കും. ഇവിടെ ഈ കണക്ക് കാണിച്ചല്ലോ? ഈ തുക ലഭിക്കാത്തതിനാൽ 2500-3000 കോടി അധികം കടമെടുത്താണ് ഇപ്പോൾ വിഴിഞ്ഞം പദ്ധതിക്കുള്ള ഫണ്ട് നൽകുന്നത്. കെ.എഫ്.സി. (The Kerala Financial Corporation) ഉൾപ്പെടെ പ്രത്യേക ഗ്യാരണ്ടി തുക കൊടുത്താണ് ഒന്നാം ഘട്ടം പൂർത്തീകരിച്ചത്. അത് വന്ന എന്നുള്ളതിൽ നമുക്കെല്ലാം സന്തോഷിക്കാം. ആരുടെ എന്ന് അങ്ങോട്ടും ഇങ്ങോട്ടും അവകാശവാദം വേണ്ട. അവകാശവാദം പറഞ്ഞതുകൊണ്ടാണ് ഇത്രയും പറയേണ്ടി വന്നത്. നമുക്കിത് കേരളത്തിന്റെ പൊതുവായൊരു കാര്യമായി കൊണ്ടുപോകാം. പക്ഷേ, ഇവിടെ അവകാശവാദം പറഞ്ഞ ആളുകളുള്ളതുകൊണ്ട് പറയാതിരിക്കാൻ പറ്റില്ല. 'ഞങ്ങളുടെ പദ്ധതിയുടേതോ ഒള്ളല്ലൊ നിങ്ങൾക്ക്

കവർപേജ് അടിക്കാൻ' എന്ന് ഇവിടെ ഒരാൾ ചർച്ചയ്ക്കിടയിൽ പറഞ്ഞല്ലോ; അന്നേരം വേദനിക്കേണ്ടേ? ഞങ്ങളുടെ പദ്ധതി എടുത്താണല്ലോ കവർ പേജ് അടിച്ചതെന്നാണല്ലോ പറഞ്ഞത്? അതുകൊണ്ടാണ് എനിക്ക് കണ്ണൂർ എയർപോർട്ടിന്റെ കാര്യം പറയേണ്ടി വന്നത്. വിഴിഞ്ഞമെന്നുപറയുന്നത് നമുക്കൊരുമിച്ച് വളരെ നന്നായി മുന്നോട്ട് കൊണ്ടുപോണം. നമുക്ക് അങ്ങോട്ടുമിങ്ങോട്ടും തർക്കങ്ങളൊക്കെ ഉണ്ടാകും. നമുക്കിത് നന്നായി മുന്നോട്ട് കൊണ്ടുപോകണം. അത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. വിഴിഞ്ഞം കേന്ദ്രീകരിച്ച് ധാരാളം വികസന കാര്യങ്ങൾ വരും. അതാണ് ഞാൻ ആദ്യം പറഞ്ഞത്, ലോകത്തിന്റെ പലയിടങ്ങളിലേക്കും പോയ നമ്മുടെ ചെറുപ്പക്കാരുൾപ്പെടെ ലോകത്തിലെ പല മേഖലകളിലും ജോലി ചെയ്യുന്ന നമ്മുടെ പല പ്രമുഖരുമുൾപ്പെടെ അവർക്കെല്ലാം വന്ന് നമ്മുടെ മനോഹരമായ കേരളത്തിൽ .... പ്രകൃതിയും കാലാവസ്ഥയും എല്ലാം നല്ലതാണ്. നമ്മുടെ കേരളത്തിന്റെ ഒരു പ്രത്യേകത അതുപയോഗിച്ച് എല്ലാവരെയുംകൊണ്ടുവന്ന് നമുക്ക് ഈ നാടിനെ കൂടുതൽ ശക്തിപ്പെടുത്തണം. അതിനുവേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റ് ചെയ്യുന്നുവെന്ന് മാത്രമല്ല ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും അത്

കൂടുതൽ മെച്ചപ്പെടുത്താനാണ്. അതിന്റെ ഭാഗമായി ബയോ എഥനോളിന്റെയും ഗ്രീൻ ഹൈഡ്രജന്റെയും കാര്യം പറഞ്ഞു. പുതിയ ധാരാളം വ്യവസായങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. മോൻസ് ജോസഫ് പറഞ്ഞപ്പോൾ പറഞ്ഞു, എ.ഐ.-യെപ്പറ്റി വല്ല ധാരണയും നമുക്കുവേണം. എ.ഐ.-യുടെ ആദ്യ ധാരണ കഴിഞ്ഞ് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് GPU Cluster. കാരണം അതിപ്പോൾ ഏറ്റവും കൂടുതൽ ചർച്ച വന്നതാണല്ലോ? ഓപ്പൺ എ.ഐ.-യുടെ കാര്യം Chinese AI ആപ്പായ DeepSeek പോലെയുള്ള ഇപ്പോഴത്തെ പുതിയൊരു മേഖലയിൽ.... വളരെ കൂടിയ കപ്പാസിറ്റിയുള്ള പ്രോസസേഴ്സ് , ഗ്രാഫിക്ക് പ്രൊസസിംഗ് യൂണിറ്റ് ഇവ കളക്ടീവ് ആയി കൊണ്ടുവന്ന് അതിന്റെ ചുറ്റുപാടിൽ വലിയൊരു എക്കോ സിസ്റ്റം ഏറ്റവും ലേറ്റസ്റ്റായി ഡെവലപ് ചെയ്യാനും... കഴിഞ്ഞ രണ്ടുമൂന്നാഴ്ചയ്ക്കകം ലോകത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട് വന്ന കാര്യം ഉൾപ്പെടെ നമ്മളുടെ പദ്ധതിയിൽ പറഞ്ഞിരിക്കുകയാണ്. ഇത് കൊണ്ടുവരാനും അവിടെയൊക്കെ വർക്ക് ചെയ്യാനും നമ്മുടെ ചെറുപ്പക്കാരുണ്ട്. നമ്മൾ ഇതൊന്നും ആദ്യമായി കേൾക്കുകയല്ല. നമുക്കിതിലൊക്ക വർക്ക് ചെയ്യിക്കാൻ കേരളീയരായ

ആളുകളുണ്ട്. GPU Cluster-ന്റെ കാര്യത്തിൽ GCCs (Global Capability Centers) കാര്യത്തിൽ ..... ഞാൻ അത് അവസാനം പറയാം. ഞങ്ങൾക്ക് അതിനകത്തെല്ലാം കൃത്യമായ കാഴ്ചപ്പാടുണ്ട്. ലോകത്താകെ ഇത്തരം സംവിധാനങ്ങൾ വന്നാൽ ആളെ പിരിച്ചുവിടുക എന്നുള്ളതല്ല കേരളത്തിലും വേണ്ടത്. ഇപ്പോൾ ഈ നാട്ടിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ഇവിടെ ജീവിക്കാൻ കഴിയണമെങ്കിൽ പുതിയ ടെക്നോളജി ആവശ്യമാണ്. എന്തുകൊണ്ടാണ് ഈ രാജ്യങ്ങളിൽ നിന്നെല്ലാം ആളുകളെ പറഞ്ഞു വിടുന്നത്; പട്ടാളത്തിൽപ്പോലും ആളുകളെ എടുക്കാത്തതെന്താണ്? പാട്ടാളക്കാരന് ഇപ്പോൾ എവിടെയും പോകേണ്ടതില്ലല്ലോ? ഇവിടെ നിന്നും മിസൈൽ അയക്കാം. അപ്പോൾ പട്ടാളക്കാരെ വേണ്ട, ലോകത്തൊരാളെയും വേണ്ട എന്നുപറയുന്ന മുതലാളിത്ത രാജ്യങ്ങളുടെ നയമല്ല ഇടതുപക്ഷത്തിന്, ആ വ്യത്യാസമേയുള്ളൂ. ആളുകൾക്ക് ജീവിക്കാനും കൂടിയാണ് ടെക്നോളജി. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളത്തിലല്ലാതെ മറ്റ് എവിടെയാണ് പി.എസ്.സി.-യിൽ നിന്നും ആളെ എടുക്കുന്നത്. പബ്ലിക് സർവീസ് കമ്മീഷൻ വഴി ആളെ എടുക്കുന്നത് കേരളം മാത്രമാണ്. എന്താണ് കാര്യം? 'എല്ലാത്തിനും എ.ഐ. വന്നുകഴിഞ്ഞാൽ ഒന്നും വേണ്ട' . ഞങ്ങൾക്ക് ആ

ചിന്താഗതിയില്ല. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ഞങ്ങൾക്ക് ഈ കാര്യത്തെ സംബന്ധിച്ച് ഇടതുപക്ഷത്തിന് ഒരു കാഴ്ചപ്പാടുണ്ട്. മനുഷ്യന്റെ മുഖമുള്ളതാകണം വികസനം. യു. എസ്. പ്രസിഡന്റ് Donald John Trump-ന്റെ നയമാണ് നല്ലതെന്ന് പറയുന്നതല്ല. മനുഷ്യന്റെ മുഖമുള്ളതാകണം നയം. അതുകൊണ്ട് ലേറ്റസ്റ്റ് ടെക്നോളജി വരണമെന്നത് ആവശ്യമാണ്, ആ ലേറ്റസ്റ്റ് ടെക്നോളജി എല്ലാ മേഖലയിലും നടപ്പാക്കുന്ന സർക്കാരാണ് ഇവിടെയുള്ളത്. ഏറ്റവും പഴയ വകുപ്പാണ് റവന്യൂ. റവന്യൂ ഭൂരേഖ ഡിജിറ്റലൈസ് ചെയ്തതിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്, എ.ഐ. മാത്രമല്ല, ഡിജിറ്റലൈസേഷന്റെ കാര്യത്തിൽ, പുതിയ കാര്യങ്ങൾ ചെയ്യുന്ന കാര്യത്തിൽ... കഴിഞ്ഞ ദിവസം ഇവിടെ ഒഡീഷയിൽ നിന്നുള്ള ഡെലിഗേഷൻ വന്നപ്പോൾ ഞാനുമുണ്ടായിരുന്നു. എന്റെ സുഹൃത്തുകൂടിയാണ് അവിടത്തെ പി.എ.സി. ചെയർമാൻ, അവിടത്തെ പഴയ ഫിനാൻസ് മിനിസ്റ്ററാണ്. അവർ ഇവിടത്തെ സംവിധാനവും മറ്റു പ്രവർത്തനങ്ങളും കണ്ട് വളരെ impressed ആയിട്ടാണ് മടങ്ങിയത്. നമ്മൾ ഇക്കാര്യത്തിനകത്തൊക്കെ സാങ്കേതികമായ വികസനങ്ങൾ നടപ്പാക്കി

പോകുന്നവെന്നേയുള്ളൂ. അത്തരം സന്ദർഭങ്ങളിൽ ആവശ്യമില്ലാതെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. ഇതിന്റെ ഭാഗമായി നമ്മൾ എത്രയെത്ര കാര്യങ്ങളാണ് ചെയ്തത്. ഈ ബജറ്റിൽ തന്നെ പറഞ്ഞേക്കുന്ന കാര്യങ്ങളിൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ സൈഡിലുള്ള ഡെവലപ്മെന്റ്. കേരളത്തിന്റെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ സൈഡിൽ പ്രധാനപ്പെട്ട കുറെ സ്ഥലങ്ങൾ എടുക്കും. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള കാര്യം പറഞ്ഞു. കോഴിക്കോട് മുതൽ അങ്ങോട്ടുള്ള സ്ഥലമെടുത്ത് അവിടെ ഡെവലപ്മെന്റിന്റെ കാര്യം പറഞ്ഞു. പുതിയ ചില സിറ്റികൾ അവിടെ വരികയാണ്. ഗ്ലോബൽ കേപ്പബിലിറ്റി സെന്റേഴ്സ് ഇതുപോലെ തന്നെയാണ്. ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ വരുമ്പോൾ പഴയ ബാക്ക് ഓഫീസിൽ നിന്ന് ഒരു വ്യത്യാസമുണ്ട്. പണ്ടൊക്കെ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ ഉൾപ്പെടെ കൂടുതലും സർവീസ് ആൻഡ് ക്ലറിക്കൽ വർക്ക്സ് ആണ് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ അങ്ങനെയല്ല. തിരുവനന്തപുരത്ത് നിസ്സാന്റെ ഒരു കമ്പനിയുണ്ട്. അതുപോലെ ഐ.ബി.എം. എറണാകുളത്തുണ്ട്. അവിടെയെല്ലാം പ്രത്യേകത നേരത്തെ ബാക്ക് ഓഫീസിൽ നിന്ന് 25000-30000 പോലെ ചെറിയ ശമ്പളം ലഭിച്ച് ജോലി

ചെയ്തുവരാണെങ്കിൽ ഇപ്പോൾ നിസ്സാന്റെ ഓട്ടോമോട്ടീവ് ടെക്നോളജിയുടെ ലേറ്റസ്റ്റ് റിസർച്ച് കൂടെ വരുന്നത് ഇവിടെയാണ്. ഇങ്ങനെ ഓരോ സ്ഥാപനങ്ങൾ വരും. അതുകൊണ്ടാണ് ഈ ഗ്ലോബൽ കാപ്പബിലിറ്റി സെന്റർ. ഗ്ലോബൽ കാപ്പബിലിറ്റി സെന്റർ വന്നാൽ ഹൈ നെറ്റ്‌വർത്ത് ആയിട്ടുള്ള വ്യവസായങ്ങൾ വരും. കൂടുതൽ അങ്ങനെയുള്ള ആളുകൾ വന്ന് ജോലി ചെയ്യും. അങ്ങനെയുള്ള ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകൾ ഇവിടേക്ക് വരാൻ വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നമ്മളിപ്പോൾ ആലോചിക്കുന്നുണ്ട്. ഐ.ടി. പാർക്കുകളുടെ കാര്യത്തിനകത്ത് ഉൾപ്പെടെ... ഒരു കാര്യം പറഞ്ഞു. നമ്മൾ കിഫ്ബിയുടെ ഉൾപ്പെടെ വരുമാന ദായകമായ പദ്ധതിയെപ്പറ്റി പറഞ്ഞു. ഇപ്പോൾ നമ്മൾ രണ്ട് മോഡൽ പറഞ്ഞത് വിജയിക്കുകയാണെങ്കിൽ നിങ്ങളുടെ ഓരോ മണ്ഡലത്തിലും മാറ്റിവയ്ക്കില്ല. റവന്യൂ ഉണ്ടാകുന്നതാണ്. കാരണം മാർക്കാറ്റോ, തിയേറ്ററോ, കോമേഴ്സ്യൽ കോംപ്ലക്സുകൾ ആകാം. നൂറ് സ്ഥലത്ത് ഇത് റോൾ ഔട്ട് ചെയ്യും. അതിപ്പോൾ ഏത് സ്ഥലവുമായിക്കോട്ടെ, അങ്കമാലിയോ, പരവൂരോ, കോട്ടയമോ, കൊല്ലമോ ഏത് മണ്ഡലമെന്നുള്ളത് പ്രശ്നമല്ല അത്തരം നൂറ് സെന്ററുകൾ വരും. അങ്ങനെയുള്ള സെന്ററുകൾ കൊണ്ടുവരുന്ന കാര്യം

ഇവിടെ പറഞ്ഞിട്ടുണ്ട്. ബയോഎഥനോളിന്റെ കാര്യം വളരെ സീരിയസ് ആയി പറഞ്ഞതാണ്. ഇപ്പോൾ എഥനോൾ എന്നുപറഞ്ഞാൽ ഉടൻതന്നെ അതിനെതിരായി പറയുന്ന ആളുകളുണ്ട്. ഫ്യൂവലിന്റെ കാര്യത്തിനകത്ത് 25-30 ശതമാനം എഥനോൾ ചേർക്കണമെന്ന നിയമം ഇന്ത്യാ ഗവൺമെന്റ് എടുത്തു. വിലകുറഞ്ഞ എഥനോൾ എന്നുപറഞ്ഞാൽ 80 രൂപയിൽ കൂടുതലായാൽ മുതലാകില്ല. വിലകുറഞ്ഞ കൊമേഴ്സ്യലി കുറച്ചുകൂടി പറ്റുന്ന എഥനോൾ വന്നാൽ..... ഇന്ന് കേരളത്തിലാകെ ഫുൾ ടാപ്പിങ്ങ് ഉണ്ടെങ്കിൽ റബ്ബറിൽ നിന്ന് കിട്ടുന്ന വരുമാനം 12000-14000 കോടിയാണ്. അതിന്റെ പകുതിയിലധികം എഥനോളുണ്ടാക്കാൻ നമുക്ക് പറ്റും. ഒറ്റകാര്യമേയുള്ളൂ, ഇതിന്റെ ചെലവ് നമുക്ക് കൊമേഴ്സ്യലി ഫീസിബിളായിരിക്കണം. 60-70 രൂപയ്ക്കടുത്തേക്ക് എത്തിക്കാൻ പറ്റണം. 60 രൂപയ്ക്ക് അടുത്തെങ്കിലും എത്തിക്കാൻ കഴിയണം. അതിനകത്തുള്ള കാര്യം ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. അതിന്റെ റിസർച്ചും ഫണ്ടും വച്ചിട്ടുണ്ട്. ഐ.ടി.-യുമായി ബന്ധപ്പെട്ട് ഏജന്റിക് ഹാക്കത്തോൺ, ഫ്രീഡം സ്ക്വയർ തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും പറയേണ്ടത്. ഇതുമാത്രമല്ല ചെറിയ പട്ടണങ്ങൾ, ഞാൻ നേരത്തെ സൂചിപ്പിച്ച അരീക്കോടിലെ ചെറുപ്പക്കാർക്ക്

പാർക്ക് നിർമ്മിക്കണമെന്ന ആഗ്രഹം മുന്നോട്ടുവച്ചിട്ടുണ്ട്. അവർക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും പാർക്ക് നിർമ്മിക്കുന്നതിന് എങ്ങനെ പണം ലഭിക്കുമെന്നാണ് അവർ ചോദിക്കുന്നത്. അവരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലാണ് അഞ്ച് ശതമാനം പലിശയ്ക്ക്......

ശ്രീ. പി. കെ. ബഷീർ: സർ, (........മൈക്ക് ഓഫ്......)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ശ്രീ. പി. കെ. ബഷീറിന്റെ നാട്ടിൽ ആരെങ്കിലുമുണ്ടെങ്കിൽ നമുക്ക് അഞ്ച് ശതമാനം പലിശയ്ക്ക് നൽകാം. ഇക്കാര്യത്തിൽ ഞങ്ങളാരും എതിർത്തിട്ടില്ല.

ഈ ബജറ്റിൽ പറഞ്ഞിട്ടുള്ള മറ്റൊരുകാര്യം, മുനിസിപ്പൽ ബോണ്ടുകളെപ്പറ്റിയാണ്. നഗരവികസനത്തിനായി രൂപീകരിച്ച അർബൻ കമ്മിഷനെ സംബന്ധിച്ച് പറയുന്നതോടൊപ്പം മുനിസിപ്പൽ ബോണ്ടുകളെക്കുറിച്ചും പറഞ്ഞു. ഇപ്പോൾ സംസ്ഥാന പ്ലാനിന്റെ ഏകദേശം മൂന്നിലൊന്ന് തുക നൽകുന്ന നമ്മുടെ മുനിസിപ്പാലിറ്റികൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുറച്ചുകൂടി മൂല്യവർധനവ് വരുന്ന തരത്തിൽ ചില പദ്ധതികൾ നടപ്പാക്കാൻ സാധിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളോ

അല്ലെങ്കിൽ മറ്റ് കോർപ്പറേഷനോ മുനിസിപ്പാലിറ്റികളോ വിചാരിച്ചാൽ അവരുടെ എക്കണോമിക് ഫീസിബിലിറ്റിവച്ച് കുറച്ച് ബോണ്ട് ഇഷ്യൂ ചെയ്യാൻ കഴിയും. അവർക്ക് റിട്ടേൺ കിട്ടണമെന്നേയുള്ളൂ. അങ്ങനെ ബോണ്ട് ഇഷ്യൂ ചെയ്ത് അവർക്ക് കൂടുതൽ വർക്ക് ചെയ്യാൻ പറ്റുന്ന തരത്തിലേക്കുള്ള കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇപ്പോൾ വഴങ്ങാൻ കഴിയില്ല. ഞാൻ മറുപടി പറഞ്ഞതിനുശേഷം അവസാനം സമയം നൽകാം. ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ഇക്കാര്യം പറഞ്ഞതാണ്.

മി. സ്പീക്കർ: ഇന്നലെ വെറുതെ ഒരു പാസീവ് സ്റ്റേറ്റ്മെന്റ് നടത്തിയതാണ്. അപ്പോഴേക്കും മാധ്യമങ്ങൾ എന്തൊക്കെയാണ് വ്യാഖ്യാനിച്ചത്; ഇപ്പോഴത്തെ സ്പീക്കറിന് മുൻസ്പീക്കറോട് എന്തോ ബുദ്ധിമുട്ടുണ്ടെന്നും അദ്ദേഹത്തെ ശാസിച്ചുവെന്ന രീതിയിലും കാര്യങ്ങൾ പ്രചരിപ്പിച്ചിരിക്കുകയാണ്. ഇവിടെ ഒന്നും നടന്നിട്ടില്ല. യെസ്, അങ്ങ് പറയൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈൽഡ് ചെയ്യണമെങ്കിൽ ഞാൻ അവസാനം ചെയ്യാം. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ

കാര്യങ്ങൾ എഴുതിവച്ചാൽ മതി. അങ്ങ് ഒന്നും മറക്കുന്ന ആളല്ലെന്ന് ഞങ്ങൾക്ക് എല്ലാവർക്കുമറിയാം. മുനിസിപ്പൽ ബോണ്ടുകളുടെ കാര്യത്തിൽ അങ്ങനെയൊരു കാര്യം വരുന്നുണ്ട്. ഇപ്പോൾ പുതിയ മോഡൽ നമുക്ക് നല്ലതുപോലെ നടപ്പാക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. 'സഹകരണ ഭവന' പദ്ധതി വളരെ പ്രധാനപ്പെട്ട പദ്ധതിയാണ്. അതിൽ എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഹകരണം, ഭവനനിർമ്മാണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ചേർന്നാണ് ടി പദ്ധതി നടപ്പാക്കുന്നത്. ഏകദേശം മുപ്പത് ലക്ഷത്തോളം രൂപ ചെലവാക്കി തിരുവനന്തപുരം, എറണാകുളം സിറ്റിയുടെ ചുറ്റുപാട് എവിടെയെങ്കിലും വീട് വാങ്ങുന്ന കാര്യം  നമുക്ക് ചിന്തിക്കാൻപോലും കഴിയില്ല. ലൈഫ് പദ്ധതി കഴിഞ്ഞാൽ, ഇപ്പോൾ വളരെ കോസ്റ്റ്ലിയായതിനാൽ റിയൽ എസ്റ്റേറ്റൊന്നും ഒറ്റയ്ക്കുപോയി വാങ്ങാൻ കഴിയില്ല.  മുനിസിപ്പാലിറ്റിയിൽനിന്ന് അല്പംമാറി 10 ഏക്കർ ഭൂമി ഒരു സഹകരണ സംഘമോ അല്ലെങ്കിൽ പത്തുപേർ ഒരു സൊസൈറ്റിയുമായി ചേർന്നോ സ്ഥലം വാങ്ങിയശേഷം അവിടെ  ഡെവലപ് ചെയ്ത്  നമുക്ക് ധാരാളം വീടുകൾ നിർമ്മിക്കാൻ സാധിക്കും. നാട്ടിൻപുറത്ത് വീടുകളുണ്ടാകുമെങ്കിലും 70 ശതമാനത്തോളമുള്ള ആളുകൾ  ഇപ്പോൾതന്നെ

വലിയ താമസമില്ലാതെ സിറ്റിയിലേക്ക് വരും. വലിയ തോതിലുള്ള അർബനൈസേഷൻ നടക്കുകയാണ്. അതിന് ഗവൺമെന്റ് ഒരു പദ്ധതിയിലൂടെ സഹായം കൊടുക്കുന്ന തരത്തിലാണ് അനൗൺസ് ചെയ്തിരിക്കുന്നത്. ടി പദ്ധതി ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സീഡ് മണിയായി ഫസ്റ്റ് കം ഫസ്റ്റ് ബേസിസിൽ 100 കോടി രൂപ പ്രത്യേകം മാറ്റിവച്ചിട്ടുണ്ട്. ടി പദ്ധതി ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുള്ളതാണ്. അത് നല്ല തോതിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ഫിൻടെക്കുകളുടെ കാര്യത്തിൽ ധാരാളം പുതിയ പദ്ധതികൾ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. കെ-ഹോംസ് പദ്ധതിയുടെ കാര്യം നേരത്തെ ഇവിടെ വിശദീകരിച്ചു. ഇന്ന് രാവിലെ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയും ഇക്കാര്യം പറഞ്ഞിരുന്നു. മൂന്നാർപോലുള്ള സ്ഥലങ്ങളിലുൾപ്പെടെ വേണ്ടത്ര റൂമുകൾ ഇല്ലാത്ത അവസ്ഥയാണ്. എന്നാൽ അവിടെ വീടുകളുള്ള ആളുകൾ വീട് പൂട്ടിയിട്ട് ജോലിക്ക് പോകുകയോ മറ്റ് സ്ഥലങ്ങളിലേക്ക് പോകുകയോ ചെയ്യാറുണ്ട്. അങ്ങനെയുള്ള വീടുകൾ വളരെ ഉത്തരവാദിത്വത്തോടെ പരിപാലിക്കാനും അത് വാടകയ്ക്ക് കൊടുക്കാൻ

സാധിക്കുകയും ചെയ്യും. വീട്ടുടമസ്ഥർ തിരിച്ച് അവധിക്ക് വീട്ടിലെത്തുമ്പോൾ ഒരു മാസം താമസിക്കണമെങ്കിൽ അതിനുള്ള സൗകര്യങ്ങൾ കൃത്യമായി നോക്കാൻ കഴിയുന്ന സംവിധാനമാണ് കെ- ഹോംസ് പദ്ധതി. ടി പദ്ധതി കൃത്യമായി നടത്താൻ കഴിയുന്ന പദ്ധതിയാണ്. ഇതിന്റെ സാധ്യതകൾ ടൂറിസം വകുപ്പ് നല്ലരീതിയിൽ ആലോചിക്കുന്നുണ്ട്. പല നിയോജകമണ്ഡലങ്ങളിലും ജിയോട്യൂബ് സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, വടകര, കൊല്ലം, അരൂർ, ഇരവിപുരം, തുടങ്ങിയ പല നിയോജകമണ്ഡലങ്ങളിൽനിന്നും കടൽക്ഷോഭത്തിന്റെ പ്രശ്നങ്ങൾ പറഞ്ഞിട്ടുണ്ട്. അതിന് പരിഹാരമായി ജിയോട്യൂബ് സംവിധാനം വളരെ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. കടലിന്റെ കരയിൽ വലിയ പാറക്കെട്ടുകൾ കെട്ടാതെ കടലിനുള്ളിൽ ജിയോട്യൂബ് സ്ഥാപിച്ച് കടലിനെ കുറച്ചുകൂടി സംരക്ഷിക്കാനുള്ള പദ്ധതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ആ പദ്ധതിക്ക് 100 കോടി രൂപ ബജറ്റിൽ വകയിരുത്തിയ കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഓരോരുത്തരും ഉന്നയിച്ചതിനുള്ള മറുപടി ഞാൻ എടുത്ത് പറയുന്നില്ല. ഇത്തരത്തിൽ ഉപയോഗിക്കാൻ കഴിയുന്ന പദ്ധതി ആദ്യമായി കേരളത്തിൽ വിപുലമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വനം

വകുപ്പിനുവേണ്ടിയും വലിയൊരു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ടുള്ള നിരവധി അഭിപ്രായങ്ങൾ സാധാരണ വരാറുണ്ട്. ഇപ്രാവശ്യം ആരെങ്കിലും ഇക്കാര്യം ചർച്ച ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. രണ്ടുമൂന്ന് മോഡലുകളാണ് ചെലവ് ചുരുക്കലിന്റെ ഭാഗമായി വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവർ ചേർന്ന യോഗത്തിൽ അന്ന് നമ്മൾ ശക്തമായ നിലപാടാണ് എടുത്തത്. നിയമസഭയിൽ ഏകദേശം 90 കോടി രൂപയിലധികം നിർമ്മാണ ചെലവ് വരുന്ന ബിൽഡിങ്ങിന്റെ തുക കുറയ്ക്കാനായി ഇ.പി.സി. മോഡൽ ടെൻഡർ വരികയും അത് 60-65 കോടി രൂപയോളം വന്നു. ഒറ്റ ബിൽഡിങ്ങിൽ നമുക്ക് വന്ന വ്യത്യാസമാണ് 20 കോടി രൂപയിലധികം എന്നാണ് മനസ്സിലാക്കേണ്ടത്. കൊല്ലത്തെ കോടതിയിൽ ഞാൻ എടുത്തുപറഞ്ഞു, അവിടെ ഒറ്റ ബിൽഡിങ്ങിൽ വന്നത് അറുപത് കോടിയിലധികം രൂപയാണ്. എല്ലാ ചെലവും അധികമാണെന്നാണ് നമ്മൾ പറയുന്നത്. വണ്ടിയിൽ പോകുന്നു, ടിക്കറ്റ് എടുക്കുന്നു, ഭക്ഷണം കഴിക്കുന്നു എന്നൊക്കെ പറയുന്നതിനെക്കാളും ഒറ്റ

ചെലവ് കുറയുമ്പോൾ എന്തുമാത്രം തുകയാണ് വ്യത്യാസം വരുന്നത്. ഇത് ആരുടെയും വ്യക്തിപരമായ പ്രശ്നമല്ല. ഒരു ഡിസൈനിന്റെ കാര്യത്തിൽ സംയുക്തമായി പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി. വകുപ്പുകളുമായി ചേർന്ന് യോഗം ചേരുന്നതിന് വകുപ്പുമന്ത്രി മുൻകയ്യെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ചെലവ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഇങ്ങനെയുള്ള ചില കാര്യങ്ങൾ എടുത്ത് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ ഓരോ കാര്യങ്ങളെയും സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രത്യേകമായി എടുത്തുതന്നെയാണ് മുന്നോട്ടുപോയിട്ടുള്ളത്. ഫിനാൻഷ്യൽ ലിറ്ററസിയെ സംബന്ധിച്ച് ഒരു കാര്യം പറഞ്ഞതും വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ നാട്ടിലെ ആളുകൾ പണം നിക്ഷേപിച്ച് കളയുമെന്ന് വിശ്വസിക്കാനേ കഴിയുന്നില്ല. അറിവുള്ളവരും വലിയ ഉദ്യോഗത്തിലും ജോലി ചെയ്തിരുന്ന ആളുകളാണ് ഇപ്പോൾ ഒരു ചെറുപ്പക്കാരൻവന്ന് 50 ശതമാനം ഫ്രീയാണെന്നൊക്കെ പറയുമ്പോൾ അതിൽ വീണുപോകുന്നത്. കഴിഞ്ഞവർഷം ട്രഷറിയിൽ ആകെ പ്രശ്നങ്ങളാണെന്ന് പറഞ്ഞ് പ്രചരിപ്പിച്ച് കുറച്ച് പണമൊക്കെ ആളുകളെകൊണ്ട് പിൻവലിച്ചിരുന്നു. ആ സമയത്ത് ഞാൻ ഒന്നും മിണ്ടിയില്ല. ട്രഷറിയിൽ പ്രശ്നങ്ങളൊന്നും വരില്ലെന്ന് നമുക്കറിയാം.

ഇങ്ങനെയുള്ള റിട്ടേർഡ് ഉദ്യോഗസ്ഥന്മാരടക്കം വളരെ വലിയ തുകയാണ് നിക്ഷേപിച്ചിരിക്കുന്നത്, അതെല്ലാം പോയി. ഫിനാൻഷ്യൽ ലിറ്ററസി വലിയ പ്രശ്നം തന്നെയാണ്. നാട്ടിൽ ഫിനാൻഷ്യൽ ലിറ്ററസിയെ സംബന്ധിച്ച് കൃത്യമായ പരിപാടികൾ നടത്താൻ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കാര്യങ്ങളും ബജറ്റ് പ്രസംഗത്തിൽ വരില്ല. കാർഷിക മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന തുകയേക്കാൾ കൂടുതൽ തുക ഇപ്പോൾ വകയിരുത്തിയിട്ടുണ്ട്. 7 ശതമാനം തുക അധികം വർധിപ്പിച്ച് പ്ലാൻതന്നെ വർധിക്കുന്ന തരത്തിലാണ് നമ്മൾ പോകുന്നത്. നമ്മുടെ ധനസ്ഥിതി മെച്ചപ്പെടുകയാണെന്ന് പറയുമ്പോൾ, എന്തുകൊണ്ടാണ് ഇങ്ങനെ പ്രതിപക്ഷം പറയുന്നതെന്ന് എനിക്ക് അറിയില്ല. ഒരാൾ ധനസ്ഥിതി മെച്ചപ്പെടുകയാണെന്ന് പറഞ്ഞപ്പോൾ വളരെ അപമാനിക്കുന്ന തരത്തിലാണ് ഒന്നുരണ്ട് പ്രസംഗങ്ങളിൽ വന്നത്. 'വകയിരുത്തി വകയിരുത്തിയെന്ന് പറയുന്നതിനുപകരം കേരളത്തെ വകവരുത്തി വകവരുത്തി' എന്നാണ് യു.ഡി.എഫ്.-ന്റെ ഒരു യുവ എം.എൽ.എ. പറഞ്ഞത്. അവരൊന്നും കേന്ദ്ര ബജറ്റിനെക്കുറിച്ചോ ഞാൻ നേരത്തെ പറഞ്ഞ കണക്കിനെ സംബന്ധിച്ചോ ഒന്നും പറഞ്ഞില്ല. ഇവിടെ പറഞ്ഞ

കാര്യങ്ങളിൽ നിയോജകമണ്ഡലങ്ങളിൽ എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടോ; ഓരോ മണ്ഡലമായി എടുത്ത് പറയുന്നത് ശരിയല്ല. ഇന്നലെ ഇവിടെ ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. ഒരു കണക്ക് പറഞ്ഞപ്പോൾ അങ്കമാലിയിലെ അംഗം വളരെയധികം ക്ഷുഭിതനാകുന്നത് ഞാൻ കണ്ടു. കണക്കുകൾ ഓരോ സ്ഥലത്തെയുമുണ്ട്. തിരുവനന്തപുരം ജില്ലയിൽനിന്ന് കാസർഗോഡ് ജില്ലവരെ റോഡ് പണിയുമ്പോൾ മണ്ഡലാടിസ്ഥാനത്തിൽ മാറ്റിയും വിഭജനം കാണിച്ചുമല്ല കൊടുക്കുന്നത്; കേരളത്തിലെ എം.എൽ.എ.-മാരോട് ഞാൻ പറയുന്നു, ഇതുവരെയുള്ള ചരിത്രത്തിൽ ഓരോ മണ്ഡലത്തിലും ഏറ്റവും അധികം നിർമ്മാണത്തിന് കിട്ടിയ ഘട്ടം ഇതാണ്. ഗ്രാമീണ റോഡിന്റെ പേര് CMLRRP2.0 എന്നാണ്. എം.എൽ.എ.-യുടെ പടംവച്ച് ഗ്രാമീണ റോഡ് വന്നുവെന്ന് പറയരുത്. 1000 കോടി രൂപയാണ്. അതിൽ ചില കറക്ഷനുണ്ട്. ചില എം.എൽ.എ.-മാരുടെ പ്രൊപ്പോസൽ ലഭിക്കാനുണ്ട്. നവകേരള സദസ്സിൽനിന്ന് ഞങ്ങൾക്കെല്ലാം തരുമോയെന്ന് അവർക്ക് ആശങ്കയുണ്ട്. എല്ലാവർക്കും 7 കോടി രൂപവച്ച് നൽകും. നവകേരള സദസ്സിൽ വരാത്തതല്ല, ഇത് നവകേരള സദസ്സിന്റെ ഭാഗമാണ്.

ശ്രീ. പി. കെ. ബഷീർ: സർ, (.....ബഹളം......) ഇത് ഔദാര്യമായി പറയരുത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടിസ്ഥാനരഹിതമായ കാര്യങ്ങൾ അസംബ്ലിയിൽ പറയരുത്. നിങ്ങൾ ഇവിടെ ചർച്ച ചെയ്തതാണ്. പ്രൊപ്പോസൽ നിങ്ങൾ കൊടുത്തിട്ടില്ലെങ്കിൽ കൊടുക്കണം. പ്രൊപ്പോസലുകൾ വാങ്ങിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. നവകേരള സദസ്സുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പ്രത്യേകമായൊരു അഭിപ്രായം പറയാനുണ്ട്. നവകേരള സദസ്സിൽ പതിനഞ്ചും ഇരുപതും ലക്ഷം രൂപ നൽകാൻ കഴിയില്ല. ഒന്നോ രണ്ടോ പദ്ധതിക്കപ്പുറം തുക നൽകാൻ പാടില്ല. നവകേരള സദസ്സുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ വാങ്ങിയിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, പ്രൊപ്പോസലുകൾ നമ്മളോട് ചോദിച്ചിട്ടില്ല. (.....ബഹളം......)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്........ (.....ബഹളം......)യെസ്... മിസിസ്റ്റർ....

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യരായ പ്രതിപക്ഷ എം.എൽ.എ.-മാർ പ്രൊപ്പോസലുകൾ നൽകിയിട്ടില്ലെന്ന് പറയുന്നത് കേട്ടു. നവകേരള സദസ്സ് ബഹിഷ്കരിച്ചവർക്ക് തുക ലഭിക്കില്ലെന്ന് ധരിച്ചായിരിക്കും പ്രൊപ്പോസലുകൾ നൽകാത്തത്. നവകേരള സദസ്സ് ബഹിഷ്കരിച്ചവർക്കും തുക കൊടുക്കുന്നുവെന്നാണ് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയത്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അത്തരത്തിൽ പറയരുത്. ഇവിടെ സഭയിൽ ബഹിഷ്കരിക്കും, മുമ്പ് നിങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയെയും അദ്ദേഹത്തിന്റെ ബജറ്റിനെയും ബഹിഷ്കരിച്ചിരുന്നു; ബജറ്റ് അവതരണം തടസ്സപ്പെടുത്തിയിരുന്നു. അന്നൊന്നും ഭരണ-പ്രതിപക്ഷ വേർതിരിവോടെ വിഹിതങ്ങൾ വെട്ടിക്കുറച്ചിട്ടില്ല. ഞങ്ങൾ രാഷ്ട്രീയപരമായി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അതിന്റെ ഭാഗമായിട്ടാണ്. ഈ സംസ്ഥാനത്ത് ഞങ്ങൾ ഭരണം നടത്തിയ കാലയളവിൽ നിങ്ങൾ എന്തെല്ലാം കാര്യങ്ങൾ ബഹിഷ്കരിച്ചിട്ടുണ്ട്. അന്ന് ഞങ്ങളാരും വെട്ടിക്കുറച്ചില്ല. ഞങ്ങളോട് പ്രൊപ്പോസൽ ചോദിച്ചില്ലെന്നാണ് ഞാൻ പറഞ്ഞത്. (.....ബഹളം....). നിങ്ങളും ഞങ്ങളും ജനപ്രതിനിധികളാണ്.

<u>മി. സ്പീക്കർ</u>: Point is clear…. യെസ് യെസ്....ധനകാര്യ വകുപ്പുമന്ത്രി.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നവകേരള സദസ്സുമായി ബന്ധപ്പെട്ട് ഓരോ മണ്ഡലത്തിനും 7 കോടി രൂപയുടെ വർക്ക് വരും. (.....ബഹളം....) ഒരു മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടുൾപ്പെടെ വരുമ്പോൾ 20 കോടി രൂപയുടെ വർക്കിൽ കുറയില്ലെന്നാണ് ഞാൻ പറഞ്ഞത്. അങ്ങനെയുള്ള വർക്കുകൾ ഇതിനകത്ത് വരുന്നുണ്ട്. ധനസ്ഥിതിയിൽ സംസ്ഥാനം മെച്ചപ്പെട്ടുവെന്ന് പറയുമ്പോൾ അത് തെറ്റാണ്, മോശമാണ്, കള്ളമാണ് എന്നൊന്നും പറയേണ്ട കാര്യമില്ല, ഇത് വകവരുത്തുന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ ചെയ്യുന്നത്. ഇതൊന്നും ചെയ്യുന്നത് ശരിയല്ലെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ അപ്രകാരം പറഞ്ഞത്. എന്തായാലും വാക്കുകൾകൊണ്ടുള്ള പെരുമഴ മാത്രമല്ല; കാര്യങ്ങൾ ചെയ്തിട്ടുതന്നെയാണ് പറയുന്നത്. ഇവിടെ പറഞ്ഞ കണക്കിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥലവും പരിശോധിച്ചാൽ നമ്മുടെ ചെലവ് വർധിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ലൈഫ് ഭവന പദ്ധതിയെ സംബന്ധിച്ച് നിരന്തരമായി സത്യസന്ധമല്ലാത്ത കാര്യങ്ങൾ ഇതുപോലൊരു വേദിയിൽ പറയാൻ പാടില്ല. കഴിഞ്ഞദിവസം എസ്.സി./എസ്.ടി.

മേഖലയിലെയും കാരുണ്യ പദ്ധതിയെയും സംബന്ധിച്ച എല്ലാ കാര്യങ്ങളും വളരെ വിശദമായി പറഞ്ഞതാണ്. കാരുണ്യ പദ്ധതിക്കും ലൈഫ് ഭവന പദ്ധതിക്കും മറ്റ് ക്ഷേമ പെൻഷനടക്കമുള്ള പദ്ധതികൾക്കും ഏറ്റവും കൂടുതൽ പണം ചെലവഴിച്ച സർക്കാരാണിത്. ആ തുക കൃത്യമായി എത്തിക്കാനുള്ള ഇടപെടൽ നടന്നിട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് 5 വർഷംകൊണ്ട് നൽകിയ തുകയുടെ നാലിരട്ടിയിലധികം തുകയാണ് മൂന്നരവർഷംകൊണ്ട് ഈ സർക്കാർ നൽകിയത്. കെ.എസ്.ആർ.ടി.സി.-യെ വിറ്റുതുലയ്ക്കണമെന്ന് പറഞ്ഞൊരു മുഖ്യമന്ത്രി ഈ കേരളത്തിലുണ്ടായിരുന്നല്ലോ; അങ്ങനെയൊരു കാലമുണ്ടായിരുന്നു. എന്തായാലും അദ്ദേഹം എൽ.ഡി.എഫ്.-ലുള്ള ആളല്ല. അങ്ങനെയൊരു സമീപനമല്ലല്ലോ എൽ.ഡി.എഫ്. സ്വീകരിച്ചത്; ഖജനാവിൽനിന്ന് പണം അങ്ങോട്ട് നൽകിയിട്ടല്ലേ ഇക്കാര്യങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം ഉൾപ്പെടെ നടത്തി മുന്നോട്ടുപോകുമ്പോൾ, തിരഞ്ഞെടുപ്പ് വരുന്നതിനുമുമ്പായി രാഷ്ട്രീയം കളിക്കുന്നതിന്റെ ഭാഗമായി......

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ഇതൊക്കെ രേഖയിൽ

വരുന്നതുകൊണ്ട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഒരു മുഖ്യമന്ത്രി കെ.എസ്.ആർ.ടി.സി.-യെ വിറ്റുതുലയ്ക്കണമെന്ന് പറഞ്ഞതായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ; ഏത് മുഖ്യമന്ത്രിയാണ് അങ്ങനെ പറഞ്ഞത്? ഞങ്ങൾക്ക് അതറിയാൻ താല്പര്യമുണ്ട്. കേരളത്തിലെ ഒരു മുഖ്യമന്ത്രി കെ.എസ്.ആർ.ടി.സി. വിറ്റുതുലയ്ക്കണമെന്ന് പറഞ്ഞെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് രേഖയിൽ വരികയാണ്. ഏത് മുഖ്യമന്ത്രിയാണ് കെ.എസ്.ആർ.ടി.സി. വിറ്റുതുലയ്ക്കണമെന്ന് പറഞ്ഞത്; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ പറയുന്നത് രേഖയിൽ ഉൾപ്പെടില്ലേ; ആരാണ് അങ്ങനെ പറഞ്ഞത്; വെറുതെ അങ്ങ് പറഞ്ഞ് പോകുകയാണോ; അങ്ങയെപ്പോലെ ഒരാൾ അങ്ങനെ പറയുന്നത് ശരിയാണോ; അങ്ങേയ്ക്ക് ഇന്ന് എന്തുപറ്റി?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ കുറച്ചുമുമ്പ് മൈക്കില്ലാതെ അല്പം ഉച്ചത്തിൽ സംസാരിച്ചതിന് ബഹുമാനപ്പെട്ട ചെയറിനോട് ക്ഷമ ചോദിക്കുകയാണ്. പക്ഷേ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. ഇന്ന് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി തുടക്കംമുതൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെയും ആ ഗവൺമെന്റിനെയും അങ്ങേയറ്റം ഇകഴ്ത്തിയും വാസ്തവവിരുദ്ധമായ കാര്യങ്ങളും പതിവിലും വ്യത്യസ്തമായിട്ടാണ് പറഞ്ഞുപോകുന്നത്. അങ്ങ് അതിൽനിന്നും പിന്മാറണം. അങ്ങയുടെ ശൈലിയിൽനിന്നും വ്യത്യസ്തമായി അധിക്ഷേപങ്ങൾ വരികയും വാസ്തവവിരുദ്ധമായ കാര്യങ്ങൾ പറയുകയും ചെയ്യുന്നതിൽ ഒന്നാണ് ഇപ്പോൾ പറഞ്ഞത്. അങ്ങേയ്ക്ക് ഇന്ന് എന്തുപറ്റി?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പ്രകോപനങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള വസ്തുതകൾ ഞാൻ പറയുന്നില്ല. ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെയുണ്ടല്ലോ; കെ.എസ്.ആർ.ടി.സി.-യിൽ പണിമുടക്ക് നടത്തിയപ്പോൾ വാഹനങ്ങളുടെ എഞ്ചിനും മറ്റും കേടാക്കി വയറെല്ലാം നശിപ്പിച്ച് പിന്നീട് ആ വാഹനങ്ങൾ ഓടിക്കാൻ കഴിയാത്ത തരത്തിൽ നശിപ്പിച്ചു. കെ.എസ്.ആർ.ടി.സി.-യോട് ഇങ്ങനെ ചെയ്യാമോ; അങ്ങനെ ചെയ്യാൻ പാടില്ലല്ലോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ.........

<u>മി. സ്പീക്കർ</u>: No....No.... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വഴങ്ങിയില്ല.... മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ... (.....ബഹളം....).....

ശ്രീ. എം. വിൻസെന്റ്.

ശ്രീ. എം. വിൻസെന്റ്: സർ, കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് 104 മാസമായി കൃത്യമായി ശമ്പളം കൊടുക്കാത്തതിന്റെ പേരിൽ അവസാനം ഒരു സമരം നടത്തി. ആ സമരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ നൂറോളം യൂണിറ്റുകളിൽ ഒരു യൂണിറ്റിലും നടക്കാത്ത അക്രമം ഗതാഗത വകുപ്പുമന്ത്രിക്ക് സ്വാധീനമുള്ള മന്ത്രിയുടെ ജന്മസ്ഥലമായ കൊട്ടാരക്കര യൂണിറ്റിൽമാത്രം നടക്കുകയും അവിടെയുണ്ടായിരുന്ന വാഹനങ്ങളുടെ വയറിങ് കിറ്റ് നശിച്ചുവെന്ന് പറഞ്ഞാൽ അതിൽ മന്ത്രിക്കുകൂടി പങ്കുണ്ടെന്ന് പറയാൻ ഞങ്ങൾക്ക് സാധിക്കില്ലേ; വേറെ ഒരിടത്തും അപ്രകാരം നടന്നിട്ടില്ലല്ലോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഇക്കാര്യം അദ്ദേഹം ചോദിച്ചത് നന്നായി. കാരണം കെ.എസ്.ആർ.ടി.സി.-യിലെ 6.4% തൊഴിലാളികൾ മാത്രമേ ഈ സമരത്തിൽ പങ്കെടുത്തുള്ളൂ. തൊട്ടുമുമ്പുള്ള ചൊവ്വാഴ്ച ഹാജരായ ജീവനക്കാരെക്കാൾ വ്യത്യാസം വന്നത് 6.8% മാത്രമാണ്. ഷെഡ്യൂളുകളും വളരെക്കുറച്ചേ നിർത്താൻ കഴിഞ്ഞുള്ളൂ. പക്ഷേ കൊട്ടാരക്കരയിൽ ഇത്തരത്തിൽ എട്ടോളം വാഹനങ്ങൾ

നശിപ്പിക്കപ്പെട്ടു. അതിനെതിരെ പോലീസിൽ പരാതി നൽകുകയും പൊതുമുതൽ നശിപ്പിച്ചതിന് പോലീസിൽ രജിസ്റ്റർചെയ്ത കേസിൽ ക്യാമറ ദൃശ്യത്തിൽനിന്നും INTUC-യുടെ നേതാക്കളായ 4 പേരെ അറസ്റ്റ് ചെയ്യുകയും അവരെ കോടതിയിൽ ഹാജരാക്കി നഷ്ടപരിഹാരത്തിനുള്ള തുക കെട്ടിവച്ചശേഷം ജാമ്യത്തിൽ വിട്ടയക്കുകയും ചെയ്തു. കൂടാതെ അവരുടെ പേരിൽ വകുപ്പുതലത്തിൽ സ്വീകരിക്കാൻ സാധിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. (.....ബഹളം....) ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് പറഞ്ഞത് എന്നെക്കുറിച്ചാണ്. ഞാനതിന് മറുപടി പറയണം. കൊട്ടാരക്കര എം.എൽ.എ. കൂടിയായ ധനകാര്യ വകുപ്പുമന്ത്രിക്ക് അക്കാര്യം നേരിട്ടറിയാം. ഞാൻ ആ നാട്ടുകാരനല്ലെന്ന് പറഞ്ഞില്ലല്ലോ; പക്ഷേ ഈ കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരെ വീഡിയോ ദൃശ്യത്തോടുകൂടിയാണ് പോലീസ് പിടിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ നന്മയ്ക്കുവേണ്ടി 10000 കോടി രൂപ ഈ സർക്കാർ കൊടുത്തു. മുൻസർക്കാർ എത്ര കൊടുത്തുവെന്നത് ഇവിടെ ചർച്ച ചെയ്ത കാര്യമായതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ആ തുക കൊടുക്കുമ്പോൾ ഇതിനെ

രക്ഷപ്പെടുത്താൻ, കഴിഞ്ഞ പതിനെട്ടോളം മാസം ഒരുമിച്ച് ശമ്പളം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ആ രീതി മാറ്റിക്കൊണ്ട് ഒരുമിച്ച് ശമ്പളം കൊടുക്കാൻ സർക്കാരിന് കഴിഞ്ഞു. അതിപ്പോൾ ഈ സർക്കാർ കൃത്യമായി ചെയ്യുന്നുണ്ട്. ഞാൻ ഈ വകുപ്പിന്റെ ചുമതലയേറ്റടുത്തപ്പോൾതന്നെ എല്ലാ മാസവും ഒന്നാം തീയതി ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി  നിർദേശിച്ചിരുന്നു.  അതിന്റെ അടിസ്ഥാനത്തിൽ ഏതാനും ആഴ്ചകൾക്കുള്ളിൽ ഒന്നാം തീയതിതന്നെ ശമ്പളം നൽകാനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാകും. ചെറിയ ചില കാര്യങ്ങൾ മാത്രമേ ബാക്കിയുള്ളൂ. മിക്കവാറും മാർച്ച് മാസം ഒന്നാം തീയതി ജീവനക്കാർക്ക് ഒരുമിച്ച് ശമ്പളം ലഭിക്കത്തക്ക രീതിയിലായിരിക്കും കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഇപ്രകാരം കിട്ടുമെന്നറിഞ്ഞപ്പോൾ അതിനെതിരെ ഒരു സമരം സംഘടിപ്പിക്കുകയും ആ സമരത്തിന്റെ പേരിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ പൊതുമുതൽ നശിപ്പിച്ച നടപടി ശരിയല്ല. ഒരറ്റത്തുനിന്നും  കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്.  സമരത്തിന് സർക്കാർ എതിരല്ല. സമരത്തിന് നോട്ടീസ്

തന്നപ്പോഴും സമരം ചെയ്തപ്പോഴും പോലീസോ ഒരു തരത്തിലുള്ള ഉദ്യോഗസ്ഥരോ അതിനെ തടഞ്ഞില്ല. ജനാധിപത്യത്തിൽ സമരം ആവശ്യമാണ്. പക്ഷേ പൊതുമുതൽ നശിപ്പിക്കുന്ന ഇത്തരം സമരങ്ങൾ, മാത്രമല്ല, ഈ സംസ്ഥാനത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ നശിപ്പിച്ചതിന് ഒരു സംഘടനയ്ക്കെതിരെ കേസെടുക്കുകയും ആ ഹർത്താലിന് ആഹ്വാനം ചെയ്ത നേതാക്കന്മാരുടെ സ്വത്തുക്കൾ കണ്ടെത്തുകയും ചെയ്ത സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് അത് പറഞ്ഞതും ചെയ്തതും. അതുപോലെ ഇക്കാര്യത്തിലും നടപടിയുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള ഡാമേജ് ചെയ്യുന്നയാളുകൾ കെ.എസ്.ആർ.ടി.സി.-യിൽ സർവീസിലുണ്ടാകില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇക്കാര്യം ചൂണ്ടിക്കാണിച്ചത് വേറൊന്നും കൊണ്ടല്ല; ഈ സംഭവം നടന്നത് എന്റെ മണ്ഡലത്തിലാണ് അതോടൊപ്പം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ സ്ഥലം കൂടിയാണ്. ഇത്തരമൊരു സംഭവമുണ്ടായതിനാൽ ഇനിയെങ്കിലും അതാവർത്തിക്കരുത് എന്നുള്ളതുകൊണ്ട് പറഞ്ഞതാണ്. എന്തായാലും

കെ.എസ്.ആർ.ടി.സി. പോലൊരു സ്ഥാപനത്തോട് ഇത്രയേറെ പണം കൊടുത്ത് വളരെ favourable ആയ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കോവിഡിനുമുമ്പ്/ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് ശമ്പളത്തിനായി പണം കൊടുത്തിരുന്നില്ല; എന്നാൽ ഇപ്പോൾ ഒരു മാസം 50 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നത്. കഴിഞ്ഞവർഷം മാർച്ച് മാസത്തിൽ കെ.ടി.ഡി.എഫ്.സി.-യുടെ മുഴുവൻ ബാധ്യതയുണ്ടായിരുന്നതും കൊടുത്തുതീർത്തു. ഇങ്ങനെ കുറേകാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ടെന്നാണ് ഞാൻ എടുത്തുപറഞ്ഞത്. ഇങ്ങനെ ഇക്കാര്യങ്ങളൊക്കെ ചെയ്തുപോയിട്ടും, നമ്മുടെ അടിസ്ഥാനപരമായ കാര്യങ്ങളിൽ നല്ല മാറ്റം ഉണ്ടാകുന്നുണ്ട്. കേരളത്തിന്റെ റവന്യൂക്കമ്മിയും ധനക്കമ്മിയും കുറഞ്ഞിട്ടുണ്ടെന്ന കാര്യങ്ങൾ എടുത്തുപറയുമ്പോൾ അത് അംഗീകരിക്കാതെ വീണ്ടും പറഞ്ഞതുകൊണ്ട് മാത്രമാണ് ഇങ്ങനെ ഒരു കാര്യം പറഞ്ഞത്. കേന്ദ്രബജറ്റിന്റെ ഭാഗമായി കേരളത്തോട് കേന്ദ്ര ഗവൺമെന്റ് കാണിച്ച അവഗണനകളെക്കുറിച്ച് പ്രതിപക്ഷാംഗങ്ങളിൽ ഒരാളും പറയുന്നത് കേട്ടില്ല. ഇത്രയും ചർച്ച നടന്നതിൽ പാസിങ് റിമാർക്ക്സ് പോലും കേട്ടില്ല. കേരളത്തിന് ലഭിക്കാനുള്ള പണം

സംബന്ധിച്ച വ്യാകുലതകൾ ഭരണപക്ഷത്തിന് മാത്രമാണോ ഉള്ളത്. മുണ്ടക്കൈ, ചൂരൽമല തുടങ്ങിയ പ്രദേശങ്ങളുടെ കാര്യങ്ങളിൽ എന്തെങ്കിലും ഒന്ന് പരാമർശിക്കണ്ടേ? ഇത് വന്നില്ലെന്ന് പറയുമ്പോൾ ദേഷ്യം പ്രകടിപ്പിച്ചിട്ട് കാര്യമില്ല. അതാണ് ഞാൻ പതുക്കെ പറയുന്നത്.

എല്ലാ കാര്യത്തിലും ഭരണകക്ഷിയെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ കുറ്റം പറയുകയും ഇത്രയും കടുത്ത പ്രതിസന്ധിയുള്ള സാഹചര്യത്തിൽ, കഴിഞ്ഞ ബജറ്റ് സമയത്തിൽ ഞാൻ പറഞ്ഞ പ്ലാൻ ബി-യെപ്പറ്റി ആലോചിക്കേണ്ടി വരുമെന്ന് പറഞ്ഞു. പ്ലാൻ ബി നല്ലതുപോലെ നടത്തുന്നുണ്ട്. അത് പ്ലാൻ കട്ട് അല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന് ഞാൻ ആദ്യമേ സത്യം പറഞ്ഞല്ലോ; ഈ ഫെബ്രുവരി മാസത്തിൽ പ്ലാൻ പകുതി കട്ട് ചെയ്യുമെന്നാണ് പറഞ്ഞത്. 63% ജനറലും 68% തദ്ദേശസ്വയംഭരണവും പ്ലാൻ സ്പേസിൽ ഇപ്പോൾ ചെലവായിട്ടുള്ളതിനാൽ ആ കട്ടിംഗ് അല്ല വരുന്നത്. എന്നാൽ അതിനകത്ത് റീ-സ്ട്രക്ചർ ചെയ്തിട്ടുണ്ട്. എന്നാലും സാധാരണക്കാർക്ക് കൊടുക്കാൻ കഴിയുന്നതൊന്നും കൊടുക്കാതിരിക്കാൻ കഴിയില്ലല്ലോ? അതെല്ലാം കൃത്യമായി കൊടുക്കും. ന്യൂനപക്ഷ സ്കോളർഷിപ്പിന്റേതാകട്ടെ ഒരു

രൂപപോലും കുറയ്ക്കില്ല. ന്യൂനപക്ഷ സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റ് നിർത്തിയതിനാൽ അതുകൂടി സംസ്ഥാന സർക്കാർ ആ മേഖലയിൽ അധികം കൊടുക്കുകയാണ്. എസ്.സി./എസ്.ടി. മേഖലയിലെ വിഹിതം കുറയ്ക്കുന്ന പ്രശ്നമില്ലെന്ന് മാത്രമല്ല, ഇന്നലെ ശ്രീ. വി. ശശി എം.എൽ.എ.-യുടെ സബ്മിഷനിൽ വിശദമായ കണക്കുകൾ പറഞ്ഞതിനാൽ ഞാനതിനെപ്പറ്റി പറയുന്നില്ല. കഴിഞ്ഞ മാർച്ച് മാസം വരെയുള്ള എല്ലാ ആപ്ലിക്കേഷനും കൊടുത്തുതീർത്തു. ഇനി ലഭിക്കാനുള്ളത് മാത്രമേയുള്ളൂ. ഈ വർഷവും അക്കാര്യത്തിൽ ഒരു ബുദ്ധിമുട്ടും വരാത്തതിനാൽ അങ്ങനെയുള്ള പണമൊന്നും കൊടുക്കാതിരിക്കുന്ന പ്രശ്നമേയില്ല. പ്ലാൻ ബി എന്ന് പറഞ്ഞാലെന്താണ്? ആ പ്ലാൻ ബി വിജയിച്ചുവെന്ന് പറഞ്ഞതിനർത്ഥം, കേന്ദ്ര ഗവൺമെന്റ് തരുന്നില്ലെന്നുള്ളത് ജനങ്ങളോട് നിങ്ങളുംകൂടി ചേർന്ന് പറയേണ്ടതാണ്. നിങ്ങൾ അത് പറയാത്തതിനാൽ ഞങ്ങൾ കാമ്പയിൻ ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭയിലെ അംഗങ്ങളും മന്ത്രിമാർ എല്ലാവരും ചേർന്ന് പോകുകയും ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും ആളുകൾ വരികയും ചെയ്തു.

ഫെഡറലിസത്തിന്റെ ഇഷ്യൂ വളരെ പ്രധാനപ്പെട്ടതായതിനാൽ

കോടതിയിലൂൾപ്പെടെ ആ ഇഷ്യൂ പോയശേഷം ഭരണഘടനാ ബഞ്ചിൽ ആ കാര്യം വരുന്നു. കഴിഞ്ഞദിവസം ഇന്ത്യൻ ഫെഡറലിസത്തെപ്പറ്റി ഒരു പുസ്തകം ഇറങ്ങിയതിന്റെ ആദ്യ പേജ് ഡൽഹിയിലെ ഒരു പത്രപ്രവർത്തകൻ എനിക്ക് അയച്ചുതന്നു. അത് തുടങ്ങുന്നത്, 2023 ഡിസംബർ ഇത്രാം തീയതി സുപ്രീം കോടതിയിൽ ഒരു കേസ് വന്നു. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച് ഭരണഘടനാനുസൃതമായി ഒരു സംസ്ഥാനത്തിന് ലഭിക്കേണ്ട കാര്യത്തിനായി സുപ്രീം കോടതിയിലേക്ക് ഒരു സംസ്ഥാനം പോയതാണ്, ഫെഡറലിസത്തിന്റെ ഇഷ്യൂ. ഫെഡറലിസവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ മുന്നോട്ടുവച്ച് നമ്മുടെ സംസ്ഥാനം നടത്തിയ ഫൈറ്റുണ്ട്. ഇക്കാര്യങ്ങളെല്ലാം ഞങ്ങൾ ജനങ്ങളോട് പറയുന്നുണ്ട്. കേരളത്തിന് ലഭിക്കാനുള്ള ധനസഹായം ലഭിക്കുന്നില്ലെന്നതുമായി ബന്ധപ്പെട്ട എഡിറ്റോറിയൽ പ്രമുഖ പത്രങ്ങളെല്ലാം എഴുതിയിട്ടുണ്ട്. അതിൽ കേരളം ചെയ്യേണ്ട കുറച്ച് കാര്യങ്ങളെ സംബന്ധിച്ചും അവർ പറയുന്നുണ്ട്. കേരളത്തിന് അർഹതപ്പെട്ട ധനസഹായം കിട്ടുന്നില്ലെന്ന് പത്രങ്ങൾ പറയുമ്പോൾപോലും നിങ്ങൾ അത് പറയുന്നില്ല. അങ്ങനെ ഒരു സമീപനം

നിങ്ങളുടെ ഭാഗത്തുള്ളത് തിരുത്തണം. 16-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ ഈ കണക്കുകൾ കൊടുക്കുന്നതിന് കേരളത്തിലെ പ്രതിപക്ഷ പാർട്ടികളെല്ലാം ഒരുമിച്ചുനിന്നു. ഇത് ഞാൻ ബജറ്റിനകത്തുതന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിമാർ പങ്കെടുത്ത കോൺക്ലേവിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ പങ്കെടുത്ത കാര്യവും ഞങ്ങൾ പറയുന്നുണ്ട്. പ്രതിപക്ഷം ചെയ്തകാര്യങ്ങളെല്ലാം ഞങ്ങൾ പറയുന്നുണ്ട്. അല്ലാത്ത കാര്യങ്ങൾ എടുത്ത് പറയുന്നുവെന്നേയുള്ളൂ.

ജൽജീവൻ മിഷനെ സംബന്ധിച്ചാണ് ചർച്ചയിൽ വന്ന മറ്റൊരു കാര്യം. ജൽജീവൻ മിഷന്റെ കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. ഈ പദ്ധതി 2028 വരെ നീട്ടിയിട്ടുണ്ടെന്നത് വലിയ ആശ്വാസകരമായ കാര്യമാണ്. ടി പദ്ധതി നേരത്തെ അവസാനിക്കേണ്ടതായിരുന്നു. നാൽപ്പതിനായിരം കോടി രൂപയാണ് ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വരുന്നത്. അതിന് കുറച്ചുകൂടി പണം പ്രത്യേകമായി കണ്ടെത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. അത് കൃത്യമായി പൂർത്തീകരിക്കുന്നതിനുവേണ്ട നിലപാടുണ്ടാകും.

ക്ഷേമപെൻഷനെ സംബന്ധിച്ചും ഇവിടെ ചർച്ച നടന്നു. ഇത് വർധിപ്പിക്കുന്നില്ലെന്ന രീതിയിൽ വളരെയേറെ ആശങ്കയും വിഷമവുമെല്ലാം നിങ്ങൾ പറഞ്ഞു. ഞങ്ങൾ പറഞ്ഞതിൽനിന്നും പുറകോട്ടുപോയിട്ടില്ല. അയ്യായിരം കോടി രൂപയിലധികം വരുന്ന അഞ്ചുമാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ റൂൾ 300 പ്രകാരം ഉറപ്പുതന്നിരുന്നു. ആ ഉറപ്പിനകത്ത് രണ്ടുമാസത്തെ പെൻഷൻ ഈ വർഷവും ബാക്കിവരുന്ന പെൻഷൻ അടുത്ത വർഷവും നൽകുമെന്നായിരുന്നു. അതിന്റെ ഭാഗമായി രണ്ടുമാസത്തെ പെൻഷൻ നൽകിക്കഴിഞ്ഞു. ബാക്കി മൂന്നുമാസമുള്ള പെൻഷൻ കുടിശ്ശിക അടുത്തവർഷം നൽകണം. ഇത് ചെറിയ തുകയൊന്നുമല്ല. ഇക്കാര്യങ്ങളെല്ലാം അദ്ദേഹം വളരെ കൃത്യമായി പറഞ്ഞതാണ്. ഞങ്ങൾ പറഞ്ഞ വാക്കിൽനിന്നും പുറകോട്ടുപോകുന്നില്ല. ഞങ്ങൾ വാക്കുപറയുമ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും ഞങ്ങൾക്ക് ലഭിക്കാനുള്ള പണമെല്ലാം കൃത്യമായി ലഭിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത് നേരെ പകുതിയായി വെട്ടിക്കുറച്ചു. എങ്കിലും ആ സാഹചര്യം കേരളം നേരിട്ടുകൊണ്ട് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. ഇക്കാര്യങ്ങളിൽ ജനങ്ങൾക്കൊപ്പം ഞങ്ങൾ നിലപാടുകളെടുത്ത് നിൽക്കും. ഇതുസംബന്ധിച്ച് മറ്റ് കാര്യങ്ങളൊന്നും ഇപ്പോൾ പറയുന്നില്ല. ആദ്യം ക്ഷേമപെൻഷൻ കൊടുത്തുതീർക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ കാര്യത്തിലും ഇവിടെ ചർച്ചവന്നു. ഇക്കാര്യത്തെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയും പറഞ്ഞതാണ്. 2024 സെപ്റ്റംബർ 7-ാം തീയതിയിലെ ഫിനാഷ്യൽ എക്സ്പ്രസിലാണ് Kerala tops ease of doing business rankings എന്നുവന്നത് വന്നത്. ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിനകത്ത് അതേ ദിവസം Efforts pay off: Kerala ranked no.1 in ease of doing business reforms എന്നുവന്നിട്ടുണ്ട്. Kerala rank first in say examination of ease of doing business എന്നല്ല വന്നിരുന്നത്. നമുക്കെല്ലാം ഒരു കേവലം സത്യസന്ധതയുണ്ടെന്ന് ആളുകൾ കരുതുന്നുണ്ട്. എന്തെങ്കിലും പുറത്തുപോയി പറഞ്ഞ് അത് ഇല്ലാതാക്കരുത്. ഇതൊരു ഉപദേശമാണ് വേണമെങ്കിൽ സ്വീകരിക്കാം. ഇത്തരം കാര്യങ്ങളിൽ കാണിക്കുന്ന സത്യസന്ധത വളരെ പ്രധാനമാണ്.

സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചെന്നുള്ള ആരോപണവും ഇവിടെ ഉന്നയിച്ചു. അത് തെറ്റാണെന്ന് മാത്രമല്ല, 2023-24 -ൽ ന്യൂനപക്ഷ സ്കോളർഷിപ്പിന് 21.96 കോടി രൂപയായിരുന്നെങ്കിൽ ഈ വർഷം അത് 24.45 കോടി രൂപയായി വർധിപ്പിച്ചിരിക്കുകയാണ്. കഴിഞ്ഞ എട്ടുവർഷംകൊണ്ട് ചില പ്രത്യേക ക്ഷേമ പ്രവർത്തനങ്ങൾക്ക് മാത്രമായി 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അല്ലാതെ പൊതുവായി മറ്റ് പദ്ധതികളുമുണ്ട്. യുവാക്കൾക്കായി 24 സൗജന്യ കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും അടക്കമുള്ള ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ന്യൂനപക്ഷ ഫണ്ട്, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ട്. 2022-23-ൽ ന്യൂനപക്ഷങ്ങൾക്കുള്ള യൂണിയൻ ബജറ്റ് വിഹിതം 5020 കോടി രൂപയായിരുന്നു. അത് 2024-25-ൽ 3097 കോടി രൂപയായി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു. ഇത്തരത്തിലുള്ള പല കാര്യങ്ങളും കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നുണ്ട്. 1-8 വരെയുള്ള ക്ലാസ്സുകളിലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിൻമാറിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർത്തിയ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഇപ്പോൾ നൽകുകയാണ്. അതിനായി ഈ ബജറ്റിൽ

20 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ,.........

ശ്രീ. കെ. എൻ. ബാലഗോപാൽ: സ്കോളർഷിപ്പ് കേരളാ ഗവൺമെന്റ് വെട്ടിക്കുറയ്ക്കില്ല. ഞാൻ ഈ സഭയിൽ പറയുന്നത് വിശ്വാസത്തിൽ എടുക്കാം. മൗലാനാ ആസാദ് ദേശീയ ഫെലോഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കി. അതിനുപകരം സംസ്ഥാന സർക്കാർ 6 കോടി രൂപയുടെ പുതിയ ഫെലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വസ്തുതകളെല്ലാം പറഞ്ഞാലും സഭയ്ക്കുള്ളിൽ നിങ്ങൾ ഇങ്ങനെ തർക്കിക്കുകയാണെങ്കിൽ സഭയ്ക്ക് പുറത്തുപോയാൽ എന്തായിരിക്കും പറയുന്നത്; ഈ ഫ്ലോറിൽ ഞാൻ പറയുന്ന വാക്കിന് ഒരു ഉറപ്പില്ലേ; നിങ്ങളുടെ നിയോജകമണ്ഡലത്തിൽപോയി നിങ്ങൾ യഥാർഥകാര്യം പറയുമോ; ഈ ഫ്ലോറിൽ പറഞ്ഞകാര്യം നിങ്ങൾ പറയണമെന്നേ ഞാൻ പറയുന്നുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ സ്കോളർഷിപ്പിന്റെ കാര്യത്തിൽ എന്ത് തെറ്റായ കാര്യമാണ് നിങ്ങൾ പറയുന്നത്; അങ്ങനെ തെറ്റായ കാര്യങ്ങൾ പറയാൻ പാടുണ്ടോ; സ്കോളർഷിപ്പ് തുക കുറയ്ക്കുന്നില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട അംഗത്തിന്റെ

കൈയിൽ ആ കണക്ക് കാണുമല്ലോ; അദ്ദേഹം പഴയ ഡെപ്യൂട്ടി സ്പീക്കർ കൂടിയാണല്ലോ; പട്ടികജാതി-പട്ടികവർഗ്ഗ മേഖലയ്ക്ക് പണം നൽകാതെ വാഹനങ്ങൾക്കുവേണ്ടി 100 കോടി രൂപ മാറ്റിവച്ചിരിക്കുന്നുവെന്നാണ് ഒരു അംഗം ഇവിടെ പറഞ്ഞത്. 15 വർഷം പഴക്കമുള്ള വാഹനങ്ങൾ നീക്കം ചെയ്യണമെന്ന വ്യവസ്ഥയനുസരിച്ച് രണ്ടായിരത്തോളം വരുന്ന കാറും ജീപ്പും ഉൾപ്പെടെയുള്ള വാഹനങ്ങൾ ഇപ്പോൾ നീക്കം ചെയ്യേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഫണ്ട് വേണ്ടേ; വാങ്ങുന്ന വാഹനങ്ങൾ ഒന്നും ആഡംബര വാഹനങ്ങളല്ല, 10 ലക്ഷം രൂപയ്ക്ക് താഴെയുള്ള വാഹനങ്ങളാണ് ഇപ്പോൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ദിവസം നമ്മുടെ ഒരു വാഹനം ബ്രേക്ക് ഡൗൺ ആയി എന്നൊരു വാർത്ത വന്നു. അങ്ങനെ ബ്രേക്ക് ഡൗൺ ആകാൻ പാടില്ല. സംസ്ഥാനത്തിന് പുറത്ത് വി.വി.ഐ.പി.-യെ കൊണ്ടുപോകുന്ന വാഹനങ്ങൾ ബ്രേക്ക്ഡൗൺ ആകാൻ പാടില്ല. അതുകൊണ്ട് പുതിയ വാഹനങ്ങൾ വാങ്ങാനാണ് 100 കോടി രൂപ മാറ്റി വച്ചിരിക്കുന്നത്. 100 രൂപ ക്ഷേമ പെൻഷന് വർധിപ്പിക്കണമെങ്കിൽ 1000 കോടി രൂപ അധികമായി വേണം. അത്രയും വലിയ തുകയാണ് നമ്മൾ നൽകുന്നത്. ഇത് വാഹനങ്ങൾ വഴിയിൽ കിടക്കാതെയും എൻഫോഴ്സ്മെന്റ്

നടക്കാൻവേണ്ടിയും ഓരോ വകുപ്പിലും നമ്മൾ വാഹനങ്ങൾ വാങ്ങുന്നുണ്ട്. ഇതുമായി ബന്ധപ്പെടുത്തി നിങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് 223 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 108 കോടി രൂപയുംകൂടി അഡീഷണലായി ഇതിനുവേണ്ടി ചെലവാക്കി. അടുത്ത രണ്ടുമാസങ്ങളിൽ 258 കോടി രൂപകൂടി അധികമായി അനുവദിക്കാനുള്ള നടപടി ഈ സാമ്പത്തിക വർഷമെടുക്കുകയാണ്. പിന്നാക്ക വിഭാഗ കോർപ്പറേഷനും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനും മുൻവർഷത്തെക്കാളും ഉയർന്ന തുക നൽകി. പട്ടികജാതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെസ് അലവൻസ് 2500 രൂപയിൽനിന്നും 3125 രൂപയാക്കി വർധിപ്പിച്ചു. പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികളുടെ മെസ് അലവൻസ് 2875 രൂപയിൽനിന്നും 3575 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ ചെയ്തതാണ്. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ പ്രതിദിന അലവൻസ് 200 രൂപയിൽനിന്നും 250 രൂപയായി വർധിപ്പിച്ചു. പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ

അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതമായി നിശ്ചയിച്ചിരുന്ന 73 കോടി രൂപ പൂർണമായി ചെലവഴിക്കുകയും 43.77 കോടിരൂപ അധികമായി നൽകുകയും ചെയ്തു. ഇത്രയും അധികമായി നൽകിയിട്ടാണ് പകുതി വെട്ടിക്കുറച്ചുവെന്ന് നിങ്ങൾ പറയുന്നത്. കാര്യങ്ങൾ മനസ്സിലാക്കുന്നത് നല്ലതായിരിക്കും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഞങ്ങൾ ഒരു സുപ്രഭാതത്തിൽവന്ന് വെട്ടിക്കുറച്ചെന്ന് പറഞ്ഞതല്ല. ഇത് ഗവൺമെന്റ് ഓർഡർ അല്ലേ; ഗവൺമെന്റ് ഉത്തരവിലല്ലേ വെട്ടിക്കുറച്ചത്; അതാണ് ഞങ്ങൾ വായിച്ചത്; അങ്ങ് ഞങ്ങളെ പരിഹസിക്കുന്നത് എന്തിനാണ്; ഗവൺമെന്റ് ഉത്തരവിറക്കി വെട്ടിക്കുറച്ചതിന്റെ ഐറ്റംസാണ് ഞങ്ങൾ പറഞ്ഞത്. ഞാൻ ഈ സഭയിൽ ഇത് ക്വാട്ട് ചെയ്തല്ലോ; അങ്ങ് എന്തൊക്കെയാണ് പറഞ്ഞത്; അങ്ങ് എനിക്ക് മറുപടി നൽകിയപ്പോൾ പ്ലാൻ സ്പേസ് 60 ആയെന്ന് പറഞ്ഞു. ഇന്നത്തെ പ്ലാൻ സ്പേസ് എന്താണ്; എൽ.എസ്.ജി.ഡി. ഒഴിച്ചുള്ള ബാക്കിയുള്ള പ്ലാനിന്റെ 46.27 ശതമാനമാണ് ഇതുവരെ ചെലവാക്കിയിരിക്കുന്നത്. ഇത് ഇന്നത്തെ പ്ലാൻ സ്പേസാണ്. ഇതെല്ലാം യാഥാർഥ്യമാണ്. ഗവൺമെന്റ് ഉത്തരവിൽ പറഞ്ഞകാര്യം

ഞങ്ങൾ ഇവിടെ പറഞ്ഞതിന് അങ്ങ് ദയവുചെയ്ത് ഞങ്ങളെ പരിഹസിക്കരുത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പരിഹസിക്കുന്ന രീതിയിലുള്ള സമീപനം ഞാൻ സാധാരണ എടുക്കാറില്ല. ഇവിടെ ആരാണ് പരിഹസിക്കുന്നതെന്നും ഇല്ലാത്ത കാര്യങ്ങൾ പറയുന്നതെന്നും എല്ലാവരും കേട്ടുകൊണ്ടിരിക്കുകയാണ്. 50 ശതമാനത്തിന് റീ അറേഞ്ച് ചെയ്തുവെന്ന സർക്കുലർ അങ്ങ് വായിച്ചു. ഉടൻതന്നെ അങ്ങ് ഇവിടെ പറഞ്ഞു, ഒരു പക്ഷേ തെറ്റിധരിച്ചിട്ടായിരിക്കും. യഥാർഥത്തിൽ പേയ്മെന്റ് നടത്തിയെന്നാണ് ഞാൻ ഇവിടെ പറയുന്നത്. അക്കാര്യം സംബന്ധിച്ച് ഞാൻ ഇവിടെ പറയണ്ടേ; ഈ സഭയിൽ ഇങ്ങനെ കൊടുത്തുവെന്ന് ഞാൻ പറഞ്ഞില്ലെങ്കിൽ രേഖയിൽ വരുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ജി.ഒ.-യിൽ വന്നതാണ് പറഞ്ഞത്. (മൈക്ക് ഓഫ്....)

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.ഒ.-യിൽ വന്നത്, ഇവിടെ ചട്ടം 300 അനുസരിച്ച് പറഞ്ഞതിനെയൊന്നും ബാധിക്കില്ല. സ്കോളർഷിപ്പുകൾ, സാധാരണ ആളുകളുടെ കൂലി എന്നിവയൊക്കെ

കൊടുക്കും. പ്ലാനിൽ രണ്ട് ഭാഗങ്ങളുണ്ടെന്ന് അങ്ങേയ്ക്കും ദീർഘകാലം ഭരണത്തിൽ ചുമതല വഹിച്ച അപ്പുറത്ത് ഇരിക്കുന്ന പ്രധാന നേതാക്കൾക്കും അറിയാം. പ്ലാനിൽ രണ്ട് ഭാഗങ്ങളുണ്ട്. നമ്മുടെ പ്ലാനിൽ റവന്യൂ സൈഡുണ്ട്. കൂലി, ഡെയ്‌ലി വേജസ് തുടങ്ങിയവ കൊടുക്കുന്നതൊന്നും നമുക്ക് കുറയ്ക്കാൻ സാധിക്കില്ല. അങ്ങനെയുള്ളത് കുറയ്ക്കുന്ന പ്രശ്നമില്ല. അതുപോലെതന്നെയാണ് സ്കോളർഷിപ്പും. ഭക്ഷണത്തിനുള്ള തുക നൽകുന്നത് വെട്ടിക്കുറയ്ക്കാൻ സാധിക്കുമോ? അങ്ങനെയുള്ളതിൽ കുറയ്ക്കുന്നില്ല. റീ-അറേഞ്ച് ചെയ്യും. ഈ വർഷത്തെ കണക്ക് അവസാനമെടുക്കുമ്പോൾ, അതിൽ കുറെക്കൂടി കൂടിവരുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ആരെയും പരിഹസിക്കാനല്ല. ഇക്കാര്യം ആവർത്തിച്ചു പറയുമ്പോഴും ജനങ്ങളുടെ ഇടയിലേയ്ക്കെത്തുന്നത് ഒന്നും കൊടുക്കുന്നില്ല, ഒന്നും കൊടുക്കുന്നില്ല എന്നാണ്. അങ്ങനെയല്ല, കൊടുക്കുന്നില്ലെങ്കിൽ എങ്ങനെയാണ് കഴിഞ്ഞവർഷം 1,59,000 കോടി രൂപ കൊടുത്തിടത്തുനിന്ന് ഈ വർഷം 1,78,000 കോടി രൂപ ആയത്. കഴിഞ്ഞവർഷത്തേക്കാൾ ഈ വർഷം പതിനെണ്ണായിരം കോടി രൂപ അധികം ചെലവ് വരുന്നതെങ്ങനെയാണ്; ഞങ്ങൾക്കാർക്കെങ്കിലും ഒരു രൂപയെങ്കിലും നേരിട്ട്

ചെലവാക്കാൻ സാധിക്കുമോ; സിസ്റ്റത്തിനകത്തുകൂടിയല്ലേ ചെലവാക്കാൻ സാധിക്കൂ; ഏതൊരു കാര്യത്തിനും സിസ്റ്റത്തിനകത്തുകൂടി മാത്രമേ ചെലവാക്കാൻ സാധിക്കൂ. ഓഡിറ്റും കൃത്യമായ കണക്കുമുണ്ട്. പതിനെണ്ണായിരം കോടി രൂപ അധികം ചെലവാക്കിയിട്ടും ചെലവാക്കുന്നില്ല, ചെലവാക്കുന്നില്ലെന്ന് എപ്പോഴും പറയുമ്പോഴുള്ള വിഷമംകൊണ്ട് പറഞ്ഞതാണ്. അത് സ്വാഭാവികമായും ഇതിന്റെ ഒരു ചുമതല വഹിക്കുന്ന ഒരാൾ എന്ന നിലയിൽ വിഷമമുണ്ടാകുന്നതിൽ തെറ്റുണ്ടോ; അതുകൊണ്ട് പറഞ്ഞതാണ്.

രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബവരുമാനമുള്ള എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമാണ് കേന്ദ്രസർക്കാരിന്റെ സ്കോളർഷിപ്പുള്ളത്. ഇവിടെ അങ്ങനെയല്ല. എല്ലാവർക്കും നൽകുന്നുവെന്നതാണ് ഇവിടത്തെ പ്രത്യേകത. കേരളത്തിൽ അങ്ങനെയാണ്. കേന്ദ്രം അങ്ങനെ അല്ലെന്നേ പറഞ്ഞുള്ളൂ. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇപ്പോൾ 427736 വീടുകൾ പൂർത്തിയാക്കി. ആളുകൾ അവിടെ താമസവും തുടങ്ങി. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏകദേശം 400 പുതിയ വീടുകൾ ഈ സമയത്ത് വന്നിട്ടുണ്ട്. ചരിത്രത്തിലെ ഏറ്റവുമധികം വർധന, 1180-ൽലധികം കോടി രൂപയാണ്

ലൈഫ് പദ്ധതിക്കുവേണ്ടി മാത്രം ഈ വർഷം മാറ്റിവച്ചത്. ഒരുലക്ഷം വീട് എന്തായാലും പൂർത്തിയാക്കാൻ കഴിയുമെന്ന വിധത്തിൽതന്നെയാണ്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, 5 ലക്ഷം വീടുകൾ മുഴുവനും സർക്കാർ ചെയ്തുകൊടുക്കുന്ന ഏതുസ്ഥലം ലോകത്തുണ്ട്; അതുതന്നെ നമുക്കൊരു അഭിമാനമല്ലേ; ആരായാലും. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും. കേരളത്തിന് പുറത്ത് പോകുമ്പോൾ, I am a member of the Legislative Assembly from Kerala or I am from India എന്നല്ലേ പറയുന്നത്; അപ്പോൾ ഈ കേരളത്തെപ്പറ്റി ചോദിക്കുമ്പോൾ നമുക്ക് അഭിമാനമല്ലേ ഉണ്ടാകുന്നത്; ഇതുപോലെ കൊടുക്കുന്ന സ്ഥലം ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോ; കേരളത്തിൽ നേരത്തേ ഇതുസംബന്ധിച്ച് വലിയ വിവാദങ്ങളെല്ലാമുണ്ടായി, ഞാൻ ചരിത്രമൊന്നും പറയുന്നില്ല. ഞാൻ പഴയ സംഭവങ്ങൾ ഓർമ്മിപ്പിച്ച് പ്രകോപനമുണ്ടാക്കുന്നില്ല. ലൈഫ് പദ്ധതിയോട് എങ്ങനെയാണ് സമീപനം എടുത്തതെന്നും ഇ.ഡി.-യെ വിളിച്ചുവരുത്തിയ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അത്രയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കിയ കാര്യമാണെങ്കിൽപ്പോലും ഞാൻ പറയുന്നില്ല. വടക്കാഞ്ചേരി ഫ്ലാറ്റ്, കേസ് ഇങ്ങനെയൊക്കെയുള്ള എത്രയോ

കാര്യങ്ങൾ നേരത്തേ ഉണ്ടായതാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. നാലഞ്ച് ലക്ഷം മനുഷ്യർ അവിടെ താമസിക്കുന്നുണ്ടല്ലോ; എന്താണ് ഈ പദ്ധതിയെന്നും എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം എന്താണെന്നും ആ കുടുംബങ്ങളോട് ചോദിച്ചാൽ പറയും. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ, സ്കൂളുകളുടെ വ്യത്യാസമൊക്കെ നമുക്കറിയാം. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണ് ഞങ്ങളുടേത്. എന്തൊക്കെ പറഞ്ഞാലും ജനങ്ങളോട് ഇക്കാര്യങ്ങൾ തുറന്നുപറഞ്ഞാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് 2021-ൽ വീണ്ടും എൽ.ഡി.എഫ്.-നെ അധികാരത്തിലെത്തിക്കാൻ ജനങ്ങൾ തയ്യാറായത്. ആ വിശ്വാസം കൊണ്ടാണ് ജനങ്ങൾ ഞങ്ങളെ അധികാരത്തിലെത്തിച്ചത്. കാരണം ശമ്പളപരിഷ്കരണം നടത്തി അത് നൽകി. ഞങ്ങൾ അധികാരത്തിൽ വന്നില്ലായിരുന്നെങ്കിൽ ശമ്പളപരിഷ്കരണം നൽകുമായിരുന്നില്ല. ഫ്രീസ് ചെയ്തേനെ. മറ്റ് ചെലവുകൾ ചെയ്തേനെ. എൽ.ഡി.എഫ്. സർക്കാർ വീണ്ടും തുടർന്നുവന്നതുകൊണ്ടാണ് ഇതെല്ലാം ചെയ്തത്. അതുകൊണ്ട് എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ചയാണ് ഇതിന്റെയെല്ലാം ഗ്യാരന്റി.

ഇനി ആയാലും എൽ.ഡി.എഫ്. സർക്കാരിന്റെ തുടർച്ചതന്നെ ആയിരിക്കും കേരളത്തിന്റെ പുരോഗതിക്ക് ഗ്യാരന്റി എന്നതിന് ഒരു സംശയവുമില്ല. കാരണം കേരളത്തിൽ അത്രയേറെ മാറ്റമുണ്ടാകുന്നുണ്ട്. ഈ നാട്ടിലുണ്ടാകുന്ന മാറ്റങ്ങൾ കണ്ടെത്തിക്കൊണ്ടുതന്നെയാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നത്. നമ്മളെയെല്ലാം ബാധിക്കുന്ന വലിയ പ്രശ്നമാണ് ഞാൻ ഇവിടെ പറഞ്ഞ ജെറിയാട്രിക് പോപ്പുലേഷന്റെ വർധന. വളരെ വലിയ ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ട് അവരുടെ കാര്യങ്ങൾ നോക്കാനും തിരിച്ചുവരുന്ന പ്രവാസികളുടെ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടാകാനുമുള്ള കാര്യങ്ങൾ നമുക്കുണ്ടാകണം. ടൂറിസവും കെയർ ഇൻഡസ്ട്രിയും കൂടുതൽ ശക്തമായി ഏറ്റെടുക്കേണ്ടതുണ്ട്. ടൂറിസത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട ഒരു പ്രഖ്യാപനം നടത്തണമെന്ന് ആഗ്രഹിക്കുന്നു. ഇലക്ട്രിസിറ്റി താരിഫിന്റെ കാര്യത്തിലൊന്നുമല്ല. ടൂറിസം ഇൻഡസ്ട്രീസ് തുടങ്ങാൻ വളരെപ്പെട്ടെന്ന് കഴിയുമെന്ന് അതുമായി ബന്ധപ്പെട്ട ആളുകൾക്ക് അഭിപ്രായമുണ്ട്. പൊതുവിൽ അവർക്കിപ്പോൾ വ്യവസായത്തിന്റെ അതേ സ്റ്റാറ്റസുണ്ട്. അതിനാൽ വ്യവസായം എന്ന നിലയിൽ അവരുടെ ബാക്കി ഓപ്പറേഷനുകൾക്കെല്ലാം ഒരു സ്റ്റാറ്റസ് കൊടുക്കാനാവശ്യമായ നടപടി

സ്വീകരിക്കും. ബാക്കി റേറ്റുകളുടെ കാര്യം, വൈദ്യുതിയുടെ പോലുള്ള കാര്യങ്ങൾ വേറെ നോക്കേണ്ടതാണ്.

ബജറ്റിൽ ഏറെ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഹെൽത്തിന്റെ കാര്യത്തിൽ ഹെൽത്ത് ടൂറിസം ഹബ്ബ് ആക്കുകയെന്ന് പറയുന്നത് പുറത്തുള്ള ആളുകൾ ഇവിടേയ്ക്ക് വരുന്ന തരത്തിലേയ്ക്കാണ് വിഭാവന ചെയ്തിട്ടുള്ളത്. ഗവൺമെന്റ് സെക്ടർ മാത്രമാണ് ഉൾപ്പെടുത്താൻ മുമ്പ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സ്വകാര്യ ആശുപത്രികളുമായും സംസാരിച്ചിട്ടുണ്ട്. നമ്മുടെ സ്വകാര്യ ആശുപത്രികളുടെ പ്രതിനിധികൾ ഉൾപ്പെടെ ടീമായി പുറത്തുപോയി, ടൂറിസവുമായി ലിങ്ക് ചെയ്തും അല്ലാതെയും, നമ്മുടെ പ്രത്യേകതകളറിഞ്ഞ് അവിടുന്ന് ആളുകൾ വരത്തക്കവിധത്തിൽ ടൂറിസം ഹബ്ബും കെയർ ഇൻഡസ്ട്രിയും വളരെ സജീവമായി മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അത് ഇപ്രാവശ്യം നമ്മൾ ചെയ്യും. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, സ്വകാര്യ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ചില വാർത്തകളൊക്കെ ഇവിടെ ചർച്ചയ്ക്ക് വന്നു. സ്വകാര്യ യൂണിവേഴ്സിറ്റിയുടെ കാര്യമെടുക്കുമ്പോൾ, മുമ്പുള്ളതിനേക്കാൾ വ്യത്യാസമുണ്ട്. വിദേശത്തുനിന്നുള്ള ആളുകൾ കേരളത്തിനകത്തേയ്ക്ക്

വരികയെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. അല്ലാതെ കേരളത്തിൽ നിന്നുള്ള ആളുകൾക്ക് പഠിക്കാൻ വേണ്ടി മാത്രമല്ല, നേരത്തേ ഉണ്ടായിരുന്ന സാഹചര്യത്തേക്കാളും കുറച്ച് വ്യത്യാസമുണ്ട്. ഇങ്ങനെ വരുമ്പോഴാണ് ചിലരൊക്കെ സത്യം പറയുന്നത്. ഓഫ് ക്യാമ്പസ് കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ തുടങ്ങാത്തതിനെക്കുറിച്ച് ഒരു പ്രമുഖ പത്രത്തിൽ ഒരു കോളം ന്യൂസുണ്ട്. 'പൊതുസർവ്വകലാശാലകൾക്ക് വഴിയടയും: സർവകലാശാലകൾക്ക് അക്കാദമികമായും സാമ്പത്തികമായും വളരാനുള്ള വഴി അടയ്ക്കുന്നതാണ് പുതിയ ഭേദഗതി. കാലിക്കട്ട്, എം.ജി. സർവകലാശാലകൾക്ക് ഗൾഫ് രാജ്യങ്ങളിൽ ഓഫ് ക്യാമ്പസുകൾ തുടങ്ങാൻ ഇപ്പോൾതന്നെ ക്ഷണം ലഭിച്ചിട്ടുണ്ട്. ആഗോള റാങ്കിങ്ങിൽ തിളങ്ങി നിൽക്കുകയാണ് കേരളം. കേരള, എം.ജി. സർവകലാശാലകൾ ഇങ്ങനെ ആഗോള-ദേശീയ മേൽവിലാസമുള്ളതിനാൽ ഓഫ് ക്യാമ്പസുകൾ വഴി വളരാനാകുമായിരുന്നു' എന്നാണ് അതിൽ പറയുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആകെ പൊട്ടയാണ്, കൊള്ളില്ല എന്നൊക്കെ പറയുന്ന ആളുകൾ ഇങ്ങനെയൊരാവശ്യം വരുമ്പോൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആഗോള റാങ്കിങ്ങിൽതന്നെ നല്ലതാണെന്ന് പറഞ്ഞ ഒരു

വാർത്ത നമുക്കെല്ലാം സന്തോഷം നൽകുന്നതാണെന്നതുകൊണ്ട് ഞാൻ എടുത്തുപറഞ്ഞെന്നേയുള്ളൂ. നീതി ആയോഗിന്റെ റിപ്പോർട്ടിലും എത്ര അവാർഡുകളാണ് നമുക്കിതിനായി ലഭിക്കുന്നത്. നമുക്ക് ലഭിക്കുന്ന അവാർഡുകളെക്കുറിച്ച് ഞാൻ എടുത്തു പറയുന്നില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: സമയമായി. No..no... പറ്റില്ല. മിനിസ്റ്റർ അല്ല. ചെയർ പറയുന്ന പറ്റില്ലായെന്ന്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ കെയർ ഹോംസിന്റെ കാര്യം ഞാൻ പറഞ്ഞു. പ്രവാസികളുടെ കാര്യത്തിൽ, റാന്നി അംഗം ശ്രീ. പ്രമോദ് നാരായൺ റിവേഴ്സ് മൈഗ്രേഷൻ ഉൾപ്പെടെ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റിവേഴ്സ് മൈഗ്രേഷന് പോളിസി വേണം. അവരുടെ കാര്യങ്ങൾ നോക്കാൻ പ്രവാസി മിഷൻ പോലെ എന്തെങ്കിലും സംവിധാനം വേണമെന്ന് ലോക കേരള സഭയുടെ മീറ്റിംഗിലും അവർ ആവശ്യപ്പെട്ടിരുന്നു. പുതിയ സാഹചര്യത്തിൽ പ്രവാസികൾക്കായി അത്തരം സമീപനം സ്വീകരിക്കാനുള്ള നിലപാടെടുക്കാം.

എല്ലാദിവസവും നമുക്ക് വിഷമമുണ്ടാക്കുന്ന കാര്യങ്ങളാണ് വനം-

വന്യജീവി മേഖലയുമായി ബന്ധപ്പെട്ടുണ്ടാകുന്നത്. ഇന്നും ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. അക്കാര്യത്തിൽ വളരെ പക്വതയോടുകൂടിത്തന്നെയാണ് പ്രതിപക്ഷവും പറയുന്നത്. നമുക്കതിനെ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കും; All party delegation-നൊന്നും പോയിട്ട് കാര്യമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ, സൂചിപ്പിച്ചതുപോലെ, ഒരു തീരുമാനമെടുത്ത് പാമ്പിനും മൃഗത്തിനും സർക്കുലർ കൊടുക്കാനൊന്നുമല്ല സർക്കാർ ഇരിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ, കേരളത്തിൽതന്നെ വളരെ സീരിയസായ ഡിസ്കഷൻ വേണം. ഇന്റർനാഷണൽ മേഖലയിലുള്ള വന-ശാസ്ത്രമേഖലകളിലുള്ളവരെ വിളിച്ചുവരുത്തണം, കേന്ദ്രസർക്കാരുമായി ചർച്ച നടത്തണം. ലോകത്ത് എങ്ങനെയാണ് ഇത് കൈകാര്യം ചെയ്യുന്നതെന്ന് പഠിക്കണം. അവിടെയെല്ലാം കള്ളിങ് എന്നുപറയുന്നൊരു സംവിധാനമുണ്ട്. ഏതുവലിയ ഫോറസ്റ്റ് ഡെസ്റ്റിനേഷനിലും മൃഗങ്ങളുടെ ഇറച്ചി വച്ചിട്ടുണ്ടാകും. നമ്മൾ സാധാരണ പ്രതീക്ഷിക്കുന്ന സാധനങ്ങൾ മാത്രമല്ല, മാനും ആനയും മുതലയും പാമ്പും ഉൾപ്പടെയുള്ളവയുടെ ഇറച്ചി വച്ചിട്ടുണ്ട്. ആ കള്ളിങ് സിസ്റ്റം നമുക്ക് ശാസ്ത്രീയമായുണ്ടാകണം. 1970-കളിൽ പ്രകൃതി സംരക്ഷിക്കാനുണ്ടായ

നിയമം, ഇന്ദിരാഗാന്ധിയുടെ കാലത്തുണ്ടായ നിമയം പോലെയല്ല. ഇപ്പോൾ അങ്ങനെയല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തണം. നമുക്കതിന് ഇന്റർനാഷണലായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി മീറ്റിങ്ങുകൾ ആവശ്യമാണ്. കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുകയും അവരുടെ സപ്പോർട്ട് ലഭിക്കുകയും വേണം. നീൽഗായ് എന്നുപറയുന്ന മൃഗമുണ്ട്, മ്ലാവിനെ പോലുള്ളതാണ്. ഉത്തരേന്ത്യയിൽ പഞ്ചാബിലും ഹിമാചൽപ്രദേശിലും കൃഷിയിടങ്ങളിൽ നീൽഗായ് ഇറങ്ങി മുഴുവൻ കൃഷി സാധനങ്ങളും തിന്നുകയാണ്. ഇങ്ങനെയൊക്കെയുള്ള മൃഗങ്ങളെ നിയന്ത്രിക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ നമുക്കാവശ്യമാണ്. അതിനുള്ള കാര്യങ്ങൾ  ചെയ്യണം. ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ വളരെ വികാരഭരിതനായി ഇവിടെ ചില കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിരുന്നു. ഇപ്പോൾ അദ്ദേഹം ഇവിടെയില്ല. അദ്ദേഹം അത്രയും വികാരഭരിതനായത് എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. അത് എന്തുകൊണ്ടാണെന്ന് ഞാൻ ഒന്നുരണ്ട് സുഹൃത്തുക്കളോട് ചോദിച്ചു. 'കെ-പാമ്പ്' 'കെ-പട്ടി' എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യം നല്ലതുതന്നെ. പാമ്പുകടി വഴിയുള്ള മരണം കുറയ്ക്കാൻ ഒരു പ്രത്യേക പദ്ധതി വനം വകുപ്പ്

ഏർപ്പെടുത്തിയിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത് നമ്മുടെ നാട്ടിലെ പാമ്പിന്റെ ആന്റിവെനം കൂടുതലുണ്ടാകണമെന്നാണ്. ഇപ്പോൾ നമ്മുടെ നാട്ടിലെ പാമ്പിൽനിന്നും ലഭിക്കുന്ന മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലെ പാമ്പിന്റെ ആന്റിവെനവും ഉപയോഗിക്കുന്നുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിലെ രീതിയും കാലാവസ്ഥയുമായി ബന്ധപ്പെട്ട് അവിടുത്തെ പാമ്പുകളുടെ ആന്റിവെനവും നമ്മുടെ നാട്ടിലെ പാമ്പിന്റെ ആന്റിവെനവും തമ്മിൽ വ്യത്യാസമുണ്ട്. അതുകൊണ്ട് ഫോറസ്റ്റ് വകുപ്പിന്റെ ഇനിഷ്യേറ്റീവോടുകൂടി ആന്റിവെനം ഉൽപ്പാദിപ്പിക്കുന്നതിനുള്ള വലിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 'കെ-പാമ്പ്' എന്ന കാർട്ടൂൺ തമാശയൊക്കെ എനിക്കും ഇഷ്ടപ്പെടുന്നതാണ്. 'കെ-ഹോം, കെ-പാമ്പ്, കെ-പട്ടി,' എന്നിങ്ങനെ ആക്ഷേപഹാസ്യരൂപേണ കുറെ കാര്യങ്ങൾ പറഞ്ഞശേഷം അദ്ദേഹം വളരെ വികാരഭരിതനായി പറഞ്ഞത് നരിക്കുനിയിലെ ഫയർ സ്റ്റേഷൻ സംബന്ധിച്ചാണ്. അഞ്ച് സ്ഥലത്ത് അനുവദിച്ചിട്ടും അവിടെ മാത്രം അനുവദിക്കാത്തത് മന:പൂർവമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ ഏതെങ്കിലും സ്ഥലത്ത് മനഃപൂർവമായി കൊടുക്കാതിരിക്കേണ്ട കാര്യമുണ്ടോ? സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും ഭൂമി ലഭ്യമായതും പൊതുഭരണ വകുപ്പ്

വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയതുമായ അഞ്ച് ഫയർസ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ഫയർ ആൻഡ് റസ്ക്യൂ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു. കൊല്ലം -പരവൂർ, ആലപ്പുഴ -ഹരിപ്പാട്, ഇടുക്കി- കട്ടപ്പന, തൊടുപുഴ, കോഴിക്കോട് - നരിക്കുനി എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷനുകൾക്കായി 21.23 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയത്. ഇതിൽ നാല് കോടി രൂപ എസ്റ്റിമേറ്റിൽ നരിക്കുനിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാനുള്ള നിർദേശവും ഉൾപ്പെട്ടിരുന്നു. എന്നാൽ ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ സാമ്പത്തിക പരിധി അധികരിക്കാത്തതിനാൽ മുഴുവൻ പ്രവൃത്തികളും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദേശിച്ച് നവംബറിൽത്തന്നെ ഫയൽ അയച്ചിട്ടുള്ളതും നടപടികൾ നടന്നുകൊണ്ടിരിക്കുന്നതുമാണ്. ഇത് നടപടിക്രമമാണ്. അല്ലാതെ മനഃപൂർവം കാലതാമസം വരുത്തിയിട്ടില്ല. താമരശ്ശേരി താലൂക്ക് ആശുപത്രിയെ സംബന്ധിച്ചാണ് അദ്ദേഹം വളരെ വികാരഭരിതമായി സംസാരിച്ചത്. അതിൽ എന്താണ് സത്യം. താമരശ്ശേരി താലൂക്ക് ആശുപത്രിയുമായി ബന്ധപ്പെട്ട ഫയൽ 15-01-2025-ലാണ് വന്നത്.

ആ ഫയൽ ഈ ബജറ്റ് സെഷൻ നടക്കുന്നതിനിടയിൽതന്നെ അയച്ചിട്ടുണ്ട്. അത് ഇവിടെയാണെന്നും മനഃപൂർവം കാലതാമസം വരുത്തുന്നുവെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിനെപ്പറ്റിയുള്ള വസ്തുത മനസ്സിലാക്കണം. അതുകൊണ്ടാണ് ഞാൻ ഈ സഭയിൽ പറയുന്നത്. 2019-ലാണ് ഈ പദ്ധതിക്കായി 13.7 കോടി രൂപ നബാർഡിൽനിന്നും വായ്പയെടുത്തത്. എം.എൽ.എ.-മാരുടെയൊന്നും പ്രശ്നമല്ല, നമ്മുടെ ഉദ്യോഗസ്ഥ സംവിധാനത്തിന്റെയാണ്. 30-06-2024-നുമുമ്പ് ഈ പദ്ധതിയുടെ അന്തിമ ബിൽ നബാർഡിൽ സമർപ്പിക്കണമായിരുന്നു. എന്നാൽ വെറും 3.28 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ ഒന്നാംഘട്ടം മാത്രമാണ് 2022-ൽ പൂർത്തിയായത്. ഭൂമി ലഭ്യമല്ലാത്തിടത്ത് പ്രോജക്ട് അനുവദിച്ചതാണ് പദ്ധതി വൈകാൻ കാരണം. നമ്മുടെ ആ ഫണ്ട് ലാപ്സായി. ബോറോയിങ്ങായി എടുത്ത ആ തുക ഇനി കിട്ടില്ല. നിലവിൽ 9.4 കോടി രൂപ സർക്കാരിന്റെ സ്വന്തം ഫണ്ടിൽനിന്ന് ചെലവാക്കണം. അഡീഷണൽ ബോറായിങ് വേറെ കണ്ടെത്തേണ്ടിവരും. പിന്നെ അതിന്റെ കോസ്റ്റ് എസ്കലേഷൻ അറിയാമല്ലോ? ഇങ്ങനെ ഭൂമി ലഭ്യമല്ലാത്തിടത്ത് പദ്ധതി ആരംഭിച്ച് സർക്കാരിന്റെ 9.4 കോടി രൂപ നഷ്ടമുണ്ടാക്കുന്ന സാഹചര്യം

പരിശോധിക്കാനായി ഫയലിൽ നിർദേശിച്ചു. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം അറിയണമെന്ന് പറഞ്ഞ് ഫയൽ അയച്ചു. അങ്ങനെയൊരു പ്രശ്നം അതിൽ വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ അന്വേഷിക്കാതിരിക്കാൻ സാധിക്കില്ല. 50 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 8.4 കോടി രൂപയുടെ റിവേഴ്സ് എ.എസ്. ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ കാരണം എന്താണെന്ന് അന്വേഷിക്കേണ്ടതല്ലേ? എന്തെല്ലാം പറഞ്ഞാലും ഇത്തരം നിർമ്മാണ കാര്യങ്ങളിൽ പൊതുവിൽ സ്വീകരിക്കേണ്ട കാര്യങ്ങളുണ്ട്. ഞങ്ങൾ അത്തരത്തിലുള്ള വിവേചനം സ്വീകരിക്കാറില്ല. അദ്ദേഹം ഇവിടെ സംസാരിച്ചുവന്നപ്പോൾ എല്ലാവർക്കും വലിയ സംശയം. അദ്ദേഹത്തിന് മനഃപൂർവം പദ്ധതി അനുവദിക്കാതിരിക്കുന്നു എന്ന തോന്നലുണ്ടാകും എന്നതുകൊണ്ടാണ് അക്കാര്യം പറഞ്ഞത്. അല്ലാതെ മറ്റൊന്നും കൊണ്ടല്ല.

ഈ ഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കാൻ സാധിക്കുന്ന ഏറ്റവും നല്ല കാര്യങ്ങൾ ചെയ്യാനാണ് ശ്രമിക്കുന്നത്. ഹാൻവീവിന് ഫണ്ട് അനുവദിച്ചില്ലെന്ന് ചർച്ചയിൽ പറയുന്നുണ്ടായിരുന്നു. ഹാൻവീവിന് രണ്ട് കോടി രൂപ പദ്ധതിയിൽത്തന്നെ വകയിരുത്തിയിട്ടുണ്ട്. ഹാന്റെക്സിനും ഹാൻവീവിനുമായി ഇതുകൂടാതെ നാല് കോടി രൂപ അധികമായി

അനുവദിച്ചിട്ടുണ്ട്.

ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല, പ്രഖ്യാപനങ്ങൾ അധികമൊന്നുമില്ല. ഒറിജിനലായി തയ്യാറാക്കിയതിനേക്കാൾ 1,800 കോടിയോളം രൂപ ബജറ്റ് അവതരിപ്പിച്ചപ്പോൾ അധികം പറഞ്ഞിട്ടുണ്ട്. ജനറൽ കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിന് നൂറ് കോടി രൂപ പവറുമായി ബന്ധപ്പെടുത്തി വകയിരുത്തിയിരുന്നു. പമ്പ്ഡ് സ്റ്റോറേജ് സ്കീമാണ്. പെട്ടെന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കുറേ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിൽ രണ്ട് മോഡലുകളുണ്ട്. സഭയിൽ പറയുമ്പോൾ അതിന്റെ ഗൗരവം വരും എന്നതുകൊണ്ടാണ് പറയുന്നത്. സാധാരണ ബജറ്റ് അവതരിപ്പിച്ച് പിന്നീടാണ് അതുസംബന്ധിച്ച് ചർച്ച നടത്തുന്നത്. എന്നാൽ ഇന്നലെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് കെ.എസ്.ഇ.ബി.എൽ. ചെയർമാനും സെക്രട്ടറിയുമെല്ലാം ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ വന്നിരുന്നു. സർക്കാർ നൽകുന്ന പണം ഇൻവെസ്റ്റ്മെന്റായി കാണണം എന്ന് ഞാൻ അവരോട് പറഞ്ഞിട്ടുണ്ട്. അത് കൺസെഷനായി എടുത്ത് 12 രൂപ ചെലവാകുന്ന വൈദ്യുതിയൊന്നും ഉൽപാദിപ്പിക്കേണ്ടതില്ല. ഏറ്റവും ചെലവ്

കുറഞ്ഞ പദ്ധതിയാണ് ആവശ്യം. വെള്ളം പമ്പ് ചെയ്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കാവുന്ന സ്ഥലങ്ങളുണ്ട്. അത് വളരെ വേഗത്തിൽ ചെയ്യാവുന്നതാണ്. തോട്ടിയാറിൽ അങ്ങനെയൊരു പദ്ധതിയാണ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അത് ഒരുവർഷം കൊണ്ടുതന്നെ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. അതിനുവേണ്ടി തുക അനുവദിക്കുകയാണ്, സർക്കാർ അതിന് ഒരു അടിസ്ഥാന തുക അനുവദിക്കും ബാക്കി തുക കണ്ടെത്തേണ്ടിവരും. ഇങ്ങനെയുള്ള പദ്ധതികൾ കൂടുതൽ വരുന്നതിന് അത് പ്രേരണയാകും. വൈദ്യുതി ഇക്കണോമിക്കലി നമുക്ക് ലഭിക്കും. അതിന് ആവശ്യത്തിന് ലോൺ ലഭിക്കുന്ന ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ കൊണ്ടുവരാം. മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിക്ക് കുറച്ചുകൂടി പ്ലാൻ ഫണ്ട് അനുവദിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. ഒരു കോളേജിലെ കുട്ടികൾ, അവർ കോഴ്സ് പൂർത്തിയാക്കി മൂന്നോനാലോ വർഷം കഴിഞ്ഞപ്പോൾ, ഇടുക്കി ജില്ലയിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റ്മെന്റ് 29 കോടി രൂപയാണ്. ആ സ്റ്റാർട്ടപ്പ് പദ്ധതിക്ക് അവർക്ക് കുറച്ച് ഫണ്ട് ലഭിച്ചിട്ടുണ്ട്. ഇക്കണോമിക്കലായി അവർ അത് ചെയ്യുന്നുണ്ട്. നമ്മുടെ കൺവെൻഷണൽ സംവിധാനത്തേക്കാൾ വേഗത്തിൽ കാര്യങ്ങൾ

ചെയ്യാൻ അവർക്ക് സാധിക്കുന്നുണ്ട്. ഇങ്ങനെയുള്ള ധാരാളം മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ നമ്മുടെ നാട്ടിൽ നടപ്പാക്കാൻ സാധിക്കും. ഈ രണ്ട് പവർ സെക്ടറുകളും പ്രത്യേകം പരിശോധിച്ച് ഏപ്രിൽ മാസത്തോടുകൂടി പുതിയ കുറെയേറെ പദ്ധതികൾ ഇലക്ട്രിസിറ്റി ബോർഡ് മുന്നോട്ടുകൊണ്ടുവരാമെന്നാണ് പറഞ്ഞത്. കേരളത്തിന്റെ വൈദ്യുതി സംബന്ധിച്ച കാര്യമായതുകൊണ്ടും നമുക്ക് ധാരാളമായി ലഭിക്കുന്ന ജലത്തിന്റെ ലഭ്യത ഉപയോഗിച്ച് ചെയ്യാവുന്ന കാര്യമായതുകൊണ്ടുമാണ് ഇവിടെ എടുത്തുപറയുന്നത്. ഇവിടെ കുറെയേറെ നിർദേശങ്ങൾ വന്നിട്ടുണ്ട്. കണക്കിൽ വലിയ വ്യത്യാസം വരുന്ന തരത്തിൽ പണം മാറ്റിവച്ചിട്ടില്ല. ഏകദേശം കഴിഞ്ഞ വർഷം ചെയ്തതിനേക്കാൾ, 5000, 6000 കോടി രൂപ നിർമ്മാണമേഖലയിൽ പ്ലാൻ, നോൺപ്ലാൻ പദ്ധതികളിലായി വകയിരുത്തിയിട്ടുണ്ട്. ഞാൻ ചില പദ്ധതികളെക്കുറിച്ച് പറയാം. അതിൽ ഫണ്ടിന്റെ പ്രശ്നമില്ല. നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ സാധിക്കുന്നതാണെന്ന് ഞാൻ ആമുഖമായി പറയുകയാണ്. എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ആശുപത്രിയുണ്ട്. അവിടെ ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിന്റെ

വികസനത്തിനായി രണ്ടുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. അദ്ദേഹം ദീർഘകാലം നിയമസഭയിൽ അംഗമായിരുന്നതും ആരോഗ്യരംഗത്ത് വളരെക്കാലം പ്രവർത്തിച്ചതുമായ വ്യക്തിയാണ്. പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയാകുന്ന കർഷകരുടെ ദുരിതാശ്വാസത്തിനായി ഏഴര കോടി രൂപ മാത്രമേ ബജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. അതിൽ കുറച്ച് കുടിശ്ശികയുണ്ട്. അത് വർധിപ്പിക്കണമെന്നാണ് നിർദേശം വന്നത്. കുടിശ്ശിക കൊടുത്തുതീർക്കാനുള്ള ഫണ്ട് കണ്ടെത്തി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കും. നാദാപുരം നിയോജകമണ്ഡലത്തിൽ വിലങ്ങാട് പ്രകൃതിക്ഷോഭമുണ്ടായതാണ്. വയനാട് മേഖലയിലുണ്ടായതുപോലെതന്നെ വലിയ മണ്ണിടിച്ചിലാണുണ്ടായത്. അവിടുത്തെ കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് പ്രത്യേക പക്കേജ് ഡെവലപ് ചെയ്യാനുള്ള സമീപനം സ്വീകരിക്കാം. പുതുക്കാട് നിയോജകമണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് തകർന്ന് റോഡും പാലവും ഉപയോഗശൂന്യമായി കിടക്കുകയാണ്. ആ വിഷയം എം.എൽ.എ. സൂചിപ്പിച്ചിട്ടുണ്ട്. അത് പ്രത്യേകം പരിഗണിക്കാം.

ചില സ്പെസിഫിക് വർക്കുകളെക്കുറിച്ചാണ് പറയുന്നത്. കാംകോയുടെ

പുനരുജ്ജീവനം. കാംകോ നല്ല ലാഭത്തിലായിരുന്ന സ്ഥാപനമായിരുന്നു. എന്നാൽ ഇപ്പോൾ അത് പ്രതിസന്ധിയിലാണ്. കാംകോയ്ക്ക് ഒരു കോടി രൂപ അനുവദിക്കുന്നുണ്ട്. അതിന് കുറച്ചുകൂടി ഫണ്ട് ആവശ്യമായി വരും. കാംകോ ലാഭത്തിലായിരുന്ന സമയത്ത് കൂടുതൽ ഡെവലപ്മെന്റിനുവേണ്ടി ആദ്യവർഷം അഞ്ച് കോടി രൂപ പ്രത്യേകം പ്രോത്സാഹനമായി നൽകിയതാണ്. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം കാംകോ വല്ലാത്ത പ്രതിസന്ധിയിലാണ്. അത് നല്ലൊരു ടില്ലർ നിർമ്മാണ കമ്പനിയാണ്. കൂത്തുപറമ്പിൽ നരിക്കോട് മല, വാഴമല, വിമാനപ്പാറ, പഴശ്ശി ട്രക്ക്പാത്ത് എന്നിവ കേന്ദ്രീകരിച്ച് ഒരു ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മലബാറിലുള്ള പദ്ധതികളുമായി ചേർത്ത് അക്കാര്യം പരിശോധിക്കാം. അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്ക് അധികമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് കുളത്തൂർ ജംങ്ഷനിൽനിന്ന് എയർപോർട്ടിലേയ്ക്കുള്ള റോഡ് നവീകരണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. എയർപോട്ടിലേയ്ക്ക് പോകുന്ന റോഡാണ്.

പി.ഡബ്ല്യു.ഡി.-ക്ക് വർക്കിന് സാങ്ഷൻ ചെയ്യാനുള്ള അടിയന്തര നടപടി സ്വീകരിക്കാം. ഒരു വ്യക്തിയുടെ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ആസ്തിവിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനായി ഒരു വ്യക്തിയുടെ ആസ്തിയുടെ എല്ലാവിവരവും ഉൾപ്പെടുത്തി എ.ടി.എം. കാർഡ് പോലെയുള്ള ഒരു കാർഡ് സംവിധാനം കൊണ്ടുവരുന്നുണ്ട്. അതിനായി രണ്ട് കോടി രൂപ അനുവദിക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടായിരിക്കും ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് സംവിധാനം കൊണ്ടുവരുന്നത്. പട്ടയമിഷൻ പദ്ധതിയിൽ നിലവിൽ 180899 പട്ടയങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. പട്ടയമിഷൻ പദ്ധതിക്ക് നിലവിൽ മൂന്നുകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിനുപുറമേ 2 കോടി രൂപകൂടി അനുവദിക്കുകയാണ്. ഡിജിറ്റൽ സർവേ പ്രവർത്തനത്തിൽ കേരളം രാജ്യത്തിനും ലോകത്തിനും മാതൃകയാണ്. National Conclave on Digital Survey and Integrated Portal തിരുവനന്തപുരത്ത് സംഘടിപ്പിക്കാനായി 25 ലക്ഷം രൂപ വകയിരുത്തുന്നു. റവന്യൂ വകുപ്പ് നൽകി വരുന്ന ഡിജിറ്റൽ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ഇ-സാക്ഷരത

ക്യാമ്പയിന് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നു. ആയുർവേദത്തിന് പ്രസിദ്ധമായ തൃത്താലയിലെ ആയുർവേദ പാർക്കിന് 2 കോടി രൂപ വകയിരുത്തുന്നു. അത് നേരത്തെ പ്രഖ്യാപിച്ചതാണ്. പണി ആരംഭിച്ചിട്ടില്ല. ആവശ്യം വരുന്നതിനനുസരിച്ച് ബാക്കി കാര്യങ്ങൾ ചെയ്യുന്നതാണ്. ബാലരാമപുരം മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാത വികസനത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. അത് വികസിപ്പിച്ചെങ്കിൽ മാത്രമേ ദേശീയപാതയുടെ മുഴുവൻ വികസനവുമുണ്ടാകുകയുള്ളൂ. അതിനായി കിഫ്ബി വഴി പണം അനുവദിക്കും. ഇരിക്കൂർ വിനോദസഞ്ചാര കേന്ദ്രമായ പാലക്കയംതട്ടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ഒരു കോടി രൂപ അധികമായി അനുവദിക്കും. കളമശ്ശേരി നിയോജകമണ്ഡലത്തിലെ കരുമാളൂർ പഞ്ചായത്തിനെയും കുന്നുകര പഞ്ചായത്തിനെയും ബന്ധിപ്പിച്ച് പെരിയാറിന്റെ കുറുകെ പാലനിർമ്മാണം ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി റിപ്പോർട്ട്

ലഭ്യമാക്കിയിട്ടുണ്ട്. അതിനുള്ള ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കും. അതിന് വേണ്ട തുകയെക്കുറിച്ച് ഇപ്പോൾ ഇതിൽ പറയേണ്ട കാര്യമില്ല. അതിനും ആവശ്യമായ പണം മാറ്റിവയ്ക്കും. കോട്ടക്കൽ ആയുർവേദ കോളേജ് വികസനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതി ആലോചിക്കും. ജി.എസ്.ടി. വകുപ്പിലെ നികുതിദായക സേവന വിഭാഗത്തിന്റെയും ഓഡിറ്റ് വിഭാഗത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഫേസ്‌ലെസ് അഡ്ജ്യൂഡിക്കേഷൻ സംവിധാനം നടപ്പാക്കും. ഇതിനാവശ്യമായ സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും ഉൾപ്പെടെയുള്ളവയ്ക്കായി 3 കോടി രൂപ അനുവദിക്കും. 'നിരീക്ഷ സ്ത്രീ നാടക വേദി'-ക്കുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്. മുൻവർഷങ്ങളിൽ നൽകിയിരുന്ന തുകയാണിത്. ഇത്തവണത്തെ ഡീറ്റെയ്ൽസിൽ ഉൾപ്പെടുത്താൻ കഴിയാത്തതിനാലാണ് ഇപ്പോൾ പറയുന്നത്. കുറ്റ്യാടി ടൗണിൽനിന്ന് പഴശ്ശി ചരിത്ര സ്മാരകം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതയുള്ളതാണ്. അവിടത്തെ വികസനപ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ അനുവദിക്കും. വാമനാപുരം-വെഞ്ഞാറമൂട് സാംസ്കാരിക സഹകരണ സംഘത്തിന് ഒറ്റത്തവണ ഗ്രാന്റായി പത്ത് ലക്ഷം രൂപ

അനുവദിക്കുന്നു. പല സ്ഥലങ്ങളിലും പുലിമുട്ടിന്റെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. 100 കോടി പദ്ധതികൾക്കുള്ളിൽ അത് അനുവദിക്കാൻ കഴിയും. കോഴിക്കോട് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ നേരത്തെ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിനോദ സഞ്ചാരകേന്ദ്രമായ ആതിരപ്പള്ളി ടൂറിസം മാസ്റ്റർ പ്ലാനിനെക്കുറിച്ച് ഇവിടെ ചർച്ച വന്നിരുന്നു. അക്കാര്യത്തിൽ നടപടി സ്വീകരിക്കും. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയും ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. അവിടെയെത്തുന്ന ആളുകൾക്ക് പാർക്കിങ്, ടോയ്‌ലെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തരമായി രണ്ട് കോടി രൂപ ഈ വർഷം അനുവദിക്കും. കൂടാതെ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ ബുക്ക് കഫേയ്ക്കുവേണ്ടി 20 ലക്ഷം രൂപ അനുവദിക്കുന്നു. കട്ടപ്പന മുനിസിപ്പാലിറ്റിയിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി റിങ് റോഡ് നിർമ്മാണത്തിനുള്ള പദ്ധതി നടപ്പാക്കുന്നു. ടി പ്രവൃത്തിക്ക് പ്രാഥമികമായി അഞ്ച് കോടി രൂപ വകയിരുത്തുന്നു. തോട്ടം മേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും ലയം പുനർനിർമ്മിക്കുന്നതിനുമായി 10 കോടി രൂപ വകയിരുത്തുന്നു. തലശ്ശേരി താലൂക്ക് ആശുപത്രി മാറ്റി സ്ഥാപിക്കുകയെന്നത് ദീർഘനാളുകളായുള്ള

ആവശ്യമായിരുന്നു. കഴിഞ്ഞ വർഷത്തെ ബജറ്റിലും തുക അനുവദിച്ചതാണ്. ടി ആശുപത്രി അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കും. തലശ്ശേരി ഹെറിറ്റേജ് ടൗണിലെ 150 വർഷത്തിലധികം പഴക്കമുള്ള തലശ്ശേരി മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പ്രാഥമികമായി ഒരു കോടി രൂപ വകയിരുത്തുന്നു. ആർക്കിയോളജി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിൽനിന്നും നിർദേശമുണ്ടായിരുന്നു. അതിന് കൂടുതൽ തുക ആവശ്യമായി വരും. അതനുസരിച്ച് ദീർഘിപ്പിച്ചുനൽകും. കെ.എം.എം.എൽ.-നുവേണ്ടി ചിറ്റൂരിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിച്ചിരുന്നു. ഇക്കാര്യം ആ സ്ഥലത്ത് വലിയ വിഷയമാണ്. ഏകദേശം 70 ഏക്കറോളം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സാധാരണഗതിയിൽ നെഗോഷ്യേറ്റഡ് പർച്ചേസായി കണക്കാക്കി, തിരുവനന്തപുരം-കൊല്ലം-പുനലൂർ ട്രയാങ്കിളിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കാനും ലോജിസ്റ്റിക് പാർക്ക് തുടങ്ങിയ മറ്റെന്തെങ്കിലും കാര്യങ്ങൾ ചെയ്യാനും കഴിയും. എൻ.എച്ച്.-ന്റെ ഭാഗത്ത്, ചാത്തന്നൂരിൽ സ്പിന്നിംഗ് മില്ലുമായി ബന്ധപ്പെട്ട് പത്ത് ഏക്കർ സ്ഥലമുണ്ട്. അതെല്ലാം സർക്കാരിന്റെ

സ്ഥലമാണ്. മാത്രമല്ല, അത്തരം സ്ഥലങ്ങളുണ്ടെങ്കിൽ അതെവിടെയാണെങ്കിലും മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഏറ്റെടുക്കാവുന്നതാണ്. ഇപ്പോൾ സൂചിപ്പിച്ച ഈ രണ്ട് പദ്ധതികൾ പ്രത്യേകമായി ചർച്ചയിൽ വന്നതുകൊണ്ട് വ്യക്തമാക്കിയതാണ്. ടി സ്ഥലങ്ങൾ എക്കണോമിക് ബെനിഫിറ്റുള്ള പദ്ധതികൾ നടപ്പാക്കാൻ ഉൾപ്പെടുത്തുകയാണ്. ഏറ്റുമാനൂർ ഐ.ടി. പാർക്കിന്റെ കാര്യവും ഇവിടെ പറഞ്ഞിരുന്നു. Work near home സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി-സ്റ്റാർട്ടപ് മിഷൻ എന്നിവയുമായി സംയോജിച്ച് ടി ഐ.ടി. പാർക്കിനുവേണ്ടി തുടർനടപടി സ്വീകരിക്കും. ഇവിടെ മാതൃകാപരമായ ധാരാളം കാര്യങ്ങൾ അംഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. എല്ലാകാര്യങ്ങളും പ്രത്യേകമായി പരാമർശിക്കുന്നില്ലെന്നേയുള്ളൂ. എന്നിരുന്നാലും ചില കാര്യങ്ങൾ എടുത്ത് പറയേണ്ടതാണ്. ഉദാഹരണമായി, കല്ല്യാശ്ശേരിയിലെ ഔഷധഗ്രാമം, അവിടെ ജനങ്ങൾ കുറുന്തോട്ടി കൃഷി ചെയ്യുന്നുണ്ട്. ഔഷധഗ്രാമത്തിനുള്ള ധനസഹായം പറയണം അല്ലെങ്കിൽ പദ്ധതി വച്ച് പറയണം എന്നാണ് അവിടെയുള്ളവരുടെ ആവശ്യം. വരുമാനമൊന്നും ഇല്ലാതിരുന്ന ഒരു സ്ഥലത്ത് ആയിരക്കണക്കിന് ടൺ ഔഷധസസ്യം

ഉല്പാദിപ്പിച്ച് വരുമാനമുണ്ടാക്കുന്ന  പദ്ധതിയാണത്. ഇത്തരത്തിലുള്ള പല പദ്ധതികളെക്കുറിച്ചും പറയേണ്ടതുണ്ട്. ഓരോ പദ്ധതികളായി ഞാൻ എടുത്തുപറയുന്നില്ല. ഇൻഡസ്ട്രിയൽ പാർക്കുകൾക്കുള്ളിൽ ഇൻഡസ്ട്രീസുകൾ വരുന്നതിനായി ഒരു വർഷത്തിനകം പൂർത്തീകരിക്കുന്ന ചില പദ്ധതികളുണ്ട്. ആയതിനെല്ലാം ഫണ്ട് വകയിരുത്തിയിരിക്കുന്നത് കൂടാതെ അധിക തുക അനുവദിക്കും. ഇടുക്കി മൂലമറ്റത്ത് എ.കെ.ജി. പാലം നിർമിക്കുന്നതിന്റെ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനലുമായി ബന്ധപ്പെട്ട കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. മലപ്പുറത്തിനുവേണ്ടി പണം മാറ്റിവച്ചിട്ടുണ്ട്. ഈ വർഷം തന്നെ അത് പൂർത്തിയാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാം. അഡ്മിനിസ്ട്രേറ്റീവ്/ഡിപ്പാർട്ടുമെന്റൽ ലാഗുണ്ടെങ്കിൽ അക്കാര്യം പെട്ടെന്ന് പരിഹരിക്കാം. എറണാകുളം ടൗണിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ വിഷയത്തിലും ഗതാഗതവകുപ്പ് ഇടപെട്ടിട്ടുണ്ട്. ടി വിഷയവും അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ഇക്കാര്യങ്ങൾക്കൊന്നും പണമില്ലാത്ത സ്ഥിതിയില്ല. അതെല്ലാം ചെയ്തുതീർക്കാൻ നമുക്ക് കഴിയും. മുൻഗണന നൽകി കാര്യങ്ങൾ പൂർത്തിയാക്കാം. പി.ഡബ്ല്യു.ഡി.-യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ

വകുപ്പുകളുമായും കൂടിയാലോചിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ ശ്രമിക്കും. നെല്ലിന്റെയും റബ്ബറിന്റെയും കാര്യം പ്രത്യേകമായി സൂചിപ്പിച്ചിട്ടില്ല. അതിന് ഇപ്പോൾ ഒരു പ്രഖ്യാപനം നടത്തി വർധന പറയാനല്ല ഉദ്ദേശിക്കുന്നത്. അക്കാര്യം ആദ്യമേ പറയാം. നെല്ലും റബ്ബറും തറവില എന്ന കൺസെപ്റ്റാണ് ഞങ്ങൾക്കുള്ളത്. കേന്ദ്രം അനുവദിച്ചത് നൽകുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ധനകാര്യ വകുപ്പുമന്ത്രിയാകുന്നതിന് മുമ്പ് ഞാൻ കേരള കർഷക സംഘത്തിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നു. കാർഷിക മേഖലയിൽ പ്രവർത്തിച്ചുവന്ന ആളാണ്. നെല്ലിന് 7 രൂപ വിലയുണ്ടായിരുന്നപ്പോൾ അത് വർധിപ്പിക്കുന്നതിനുള്ള സമരം മുതൽ ഇങ്ങോട്ടേയ്ക്ക് ഉണ്ട്. നെല്ലിന്റെയും റബ്ബറിന്റെയും കാര്യം ഭാവിയിൽ പരിഗണിക്കും. നമ്മുടെ സംസ്ഥാനം നെല്ലിന് മിനിമം വില വേണമെന്ന തീരുമാനം പറഞ്ഞപ്പോഴാണ് ഇന്ത്യയിലാകെ അത്തരത്തിൽ ഒരു തീരുമാനമുണ്ടായത്. ഇപ്പോൾ അത് 28 രൂപയിൽ കൂടുതലുണ്ട്. കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് ഒരു കിലോ നെല്ലിനുവേണ്ടി നാം മുടക്കുന്ന പണം 81 രൂപയാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ നെല്ലിന്റെ കാര്യത്തിൽ തറവില എന്ന കൺസെപ്റ്റാണുള്ളത്.

കേന്ദ്രം തുക നൽകുന്ന എന്നുപറയുന്ന കണക്ക് ശരിയല്ല. മിനിമം എത്രരൂപ കിട്ടിയാൽ കൃഷിക്കാരന് കൃഷി ചെയ്യാൻ കഴിയും. അതാണ് കണക്കാക്കേണ്ടത്. റബ്ബറിന്റെ കാര്യത്തിലും ഇതേ സ്ഥിതിയാണ്. ഈ സർക്കാർ നിലവിൽ വന്ന വർഷം, ഏപ്രിൽ മുതലാണ് ഏകദേശം 30 രൂപ വർധിപ്പിച്ചിരിക്കുന്നത്. റബ്ബർ വില കഴിഞ്ഞ തവണ വർധിപ്പിച്ചപ്പോൾ പൊതുവെ മാർക്കറ്റിനുള്ളിൽ ഡിമാന്റുണ്ടായി. ഓരോ തവണ കൂടുമ്പോഴും അതിനുമുകളിൽ നിൽക്കുക എന്ന രീതിയല്ല. വകയിരുത്തിയ തുകയിൽ ഒരു രൂപപോലും ചെലവായിട്ടില്ലെന്ന് ശ്രീ. മോൻസ് ജോസഫ് ഇവിടെ പറയുകയുണ്ടായി. അത് ശരിയല്ല. ഓരോ വർക്കിനും പണം ചെലവാക്കിയിട്ടുണ്ട്. ശ്രീ. കുറുക്കോളി മൊയ്തീൻ ഉൾപ്പെടെയുള്ള അംഗങ്ങൾ ആവശ്യപ്പെട്ട കാര്യങ്ങളുടെ ലിസ്റ്റുണ്ട്. തീർച്ചയായും അത് നോക്കാം. ഓരോ വർക്കും പ്രത്യേകമായി എടുത്ത് പറയാൻ കഴിയില്ല, എല്ലാവരും ആവശ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അങ്ങ് പറഞ്ഞ, 20% വർക്കിനുള്ളിൽ ഉൾപ്പെടുത്താം. അംഗങ്ങൾ സഭയിൽ ഉന്നയിച്ച എല്ലാ ആവശ്യങ്ങളുടെ ലിസ്റ്റും കൈവശമുണ്ട്. ഓരോ വർക്കും പ്രത്യേകമായി പറയുന്നില്ല. നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങളാണ് പറയുന്നത്, നമുക്ക് കുറച്ചുകാര്യങ്ങൾ

കൂടി ചെയ്യാൻ സാധിക്കും. എല്ലാകാര്യങ്ങളും ഇപ്പോൾ അനൗൺസ് ചെയ്യേണ്ടതില്ലല്ലോ.

ശ്രീ. മോൻസ് ജോസഫ്:സർ, (മൈക്ക് ഓഫ്)

ശ്രീ. കെ. എൻ. ബാലഗോപാൽ: നെല്ലിന്റെയും റബ്ബറിന്റെയും കാര്യം ഞാൻ ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് തുടർന്ന് സംസാരിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഹാന്റിലിങ് ചാർജ്, സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാനുള്ള തുക ഉൾപ്പെടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് കഴിഞ്ഞ വർഷത്തേക്കാൾ തുക വർധിപ്പിച്ചെന്ന് മാത്രമല്ല, കേരള ബാങ്കിന് നൽകാനുള്ള 1400 കോടി രൂപ ഉൾപ്പെടെ കഴിഞ്ഞ വർഷം മാർച്ചിൽ നൽകിയിരുന്നു. ഇനിയും അക്കാര്യങ്ങൾ പരിഹരിക്കാനാകും. കുടിശ്ശിക എല്ലായിപ്പോഴും ഉണ്ടാകും. അതെല്ലാം കൊടുത്തുതീർക്കും. ബാക്കി കാര്യങ്ങൾ ചെയ്യും.

കണക്കുകൾകൂടി സൂചിപ്പിച്ച് അവസാനിപ്പിക്കാം. പുതിയ ടൈലിസ്റ്റ്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. നേരത്തെയുള്ള കണക്കിൽനിന്നും

അഡീഷണലായി കുറച്ച് മാത്രമേയുള്ളൂ.

| | | |
|---|---|---|
| റവന്യൂ വരവ് | - | 152351.67 |
| റവന്യൂ ചെലവ് | - | 179476.20 |
| റവന്യൂ കമ്മി | - | (-)27124.53 |
| മൂലധനചെലവ് (തനി) | - | (-) 16871.80 |
| വായ്പകളും മുൻകൂറുകളും (തനി) | - | (-) 1042.2 |
| പൊതുകടം (തനി) | - | 40848.21 |
| പൊതുകണക്ക് (തനി) | - | 4150 |
| ആകെ കമ്മി | - | (-)40.32 |
| വർഷാരംഭ രൊക്ക ബാക്കി | - | 234.35 |
| വർഷാന്ത്യ രൊക്ക ബാക്കി | - | 194.04 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | - | (-)1820.50 |
| ഇപ്പോൾ പ്രഖ്യാപിച്ച നികുതി ഇളവുകൾ | - | (-)9.00 |
| അധിക വിഭവ സമാഹരണം | - | 366.46 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | - | (-)35.60 |
| വർഷാന്ത്യ രൊക്ക ബാക്കി | - | (-)1305.06 |